34th Year of Service 2026

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 27, 2026 Vol. XXXIV No. 17


| | |
|---|---|
| 3 | തിയോഫിനച്ചൻ ധന്യപദവിയിൽ |
| 4 | 250 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ അനുമതി |
| 8 | പുതിയ പെൻഷൻ പദ്ധതിക്ക് നീക്കം |
| 23 | നായർ അസോസിയേഷൻ വിഷു ആഘോഷിച്ചു |
| 28 | ബംഗാളിലും തമിഴ്നാട്ടിലും ചരിത്രം കുറിച്ച് വോട്ട് |


## ചൂട് കൂടുന്നു: കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ അതീവ ജാഗ്രത

ന്യൂഡൽഹി: ഉത്തരേന്ത്യയിലും മധ്യ ഇന്ത്യയിലും മൂന്നു ദിവസത്തേക്കുകൂടി ഉഷ്ണതരംഗം തുടരുമെന്ന മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥാവകുപ്പ് (ഐഎംഡി). വരും ദിവസങ്ങളിൽ താപനില ഇനിയും ഉയരാൻ സാധ്യതയുള്ളതിനാൽ വിവിധ സംസ്ഥാനങ്ങളിൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ബിഹാർ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ കടുത്ത ഉഷ്ണതരംഗമുണ്ടാകുമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഛത്തീസ്ഗഢ്, കിഴക്കൻ മധ്യപ്രദേശ് എന്നിവിടങ്ങളിൽ നാളെ വരെ താപനില ഉയർന്നുതന്നെ നിൽക്കും.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉയർന്ന താപനില തുടരുകയാണ്. തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ വ്യാഴാഴ്ചവരെ കടുത്ത ചൂടു തുടരും. കേരളത്തിലും മാഹിയിലും സമാനമായ കാലാവസ്ഥയാണ് പ്രവചിക്കുന്നത്. ഹരിയാന, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ രാത്രികാലങ്ങളിലും ചൂട് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

(ശേഷം 34-ാം പേജിൽ)

## തൊണ്ടിമുതൽ തിരിമറി കേസിൽ ആന്റണി രാജുവിന് തിരിച്ചടി

തിരുവനന്തപുരം: തൊണ്ടിമുതൽ തിരിമറി കേസിൽ ആന്റണി രാജുവിന് തിരിച്ചടി. ശിക്ഷാവിധി മരവിപ്പിക്കണമെന്ന ആന്റണി രാജുവിന്റെ അപ്പീൽ ഹർജി സുപ്രീംകോടതി തള്ളി. തൊണ്ടിമുതൽ തിരിമറി കേസിൽ നെടുമങ്ങാട് കോടതി മൂന്നു വർഷത്തേക്കാണ് ആന്റണി രാജുവിനെ ശിക്ഷിച്ചത്. ഇദ്ദേഹം ഹൈക്കോടതിയിൽ നിന്നു സ്റ്റേ വാങ്ങിയ ശേഷം ശിക്ഷാവിധി മരവിപ്പിക്കണമെന്ന് ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ഹൈക്കോടതി ഈ കേസിൽ അനുകൂല നടപടി സ്വീകരിച്ചിരുന്നില്ല. ഇതേ തുടർന്നാണ് ആന്റണി രാജു സുപ്രീംകോടതിയെ സമീപിച്ചത്. വിചാരണ കോടതി ശിക്ഷിക്കുകയും ഹൈക്കോടതി മരവിപ്പിക്കുകയും ചെയ്യാത്തതിനെ തുടർന്നാണ് ആ



ന്റണി രാജുവിന് കഴിഞ്ഞ നിയമ സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കാതെ വന്നത്.

ശിക്ഷ കോടതി ശരിവെച്ചാൽ ജനപ്രാധിനിത്യ നിയമം അനുസരിച്ച് ഏഴു വർഷം വരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യനാക്കും. ജൂനിയർ അഭിഭാഷകനായിരുന്ന കാലത്ത് മയക്കുമരുന്ന് കേസിൽ വിദേശ പൗരനെ രക്ഷിക്കാൻ, തൊണ്ടിമുതലായ അടിവസ്ത്രത്തിൽ കൃത്രിമം കാട്ടിയെന്ന കേസിലാണ് മുൻ മന്ത്രിയും എംഎൽഎയുമായിരുന്ന ആന്റണി രാജുവിനെ കോടതി മൂന്നു വർഷത്തെ തടവിന് ശിക്ഷിച്ചത്.

കേസിൽ ഇദ്ദേഹം രണ്ടാം പ്രതിയാണ്. 1990 ഏപ്രിൽ നാലിനാണ് ഓസ്ട്രേലിയൻ പൗരൻ ആൻഡ്രൂ സാൽവത്തോറിനെ 61 ഗ്രാം ഹാഷിഷുമായി തിരുവനന്തപുരം വിമാനത്താവളത്തിൽ പിടികൂടിയത്.

വലിയതുറ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ആൻഡ്രൂവിനെ ജില്ലാ കോടതി 10 വർഷം തടവിനും ഒരു ലക്ഷം രൂപ പിഴയടയ്ക്കാനും ശിക്ഷിച്ചു. 1992-ൽ അപ്പീൽ ഹൈക്കോടതിയിൽ എത്തിയപ്പോൾ ഇയാളെ വെറുതെ വിട്ടു.

ഇന്ത്യ വിട്ട് ഓസ്ട്രേലിയയിൽ എത്തിയ ആൻഡ്രൂ അവിടെ കൊലക്കേസിൽ അറസ്റ്റിലായി ജയിലിലായി. ജയിൽ സഹതടവുകാരനോട് നടത്തിയ വെളിപ്പെടുത്തലാണ് ആന്റണി രാജുവിന് കുരുക്കായത്.

(ശേഷം 34-ാം പേജിൽ)

## വെടിക്കെട്ട് ദുരന്തത്തിലും ആവേശം ചോരാതെ പൂരം

തൃശൂർ: ആർഭാടം കുറഞ്ഞെങ്കിലും ആവേശവും ആചാരവും ചോരാതെ തൃശ്ശൂർ പൂരം. വെടിക്കെട്ടില്ലാത്തതിന്റെ ക്ഷീണം മേളതാളങ്ങളുടെ തികവിൽ മാഞ്ഞു. ഏപ്രിൽ 25-ന് ഉച്ചയ്ക്ക് നെയ്തലക്കാവിലമ്മ വടക്കുന്നാഥന്റെ തെക്കേ ഗോപുരനട തുറന്നിട്ടതോടെ ആരംഭിച്ച പൂരാഘോഷം, 26-ന് ഞായറാഴ്ച രാവിലെയോടെ ഘടകപൂരങ്ങളുടെ വരവിലേക്ക് കടന്നു. രാവിലെ ആറിന് കണിമംഗലം ശാസ്താവായിരുന്നു തുടക്കം കുറിച്ചത്.

ഘടകപൂരങ്ങൾ ഒന്നൊന്നായി എത്തിച്ചേർന്നതിന് പിന്നാലെ മഠത്തിൽ വരവ് തുടങ്ങി. കോങ്ങാട് മധുവിന്റെ പ്രാമാണ്യത്തിൽ മഠത്തിനു മുന്നിലെ ഒരുമണിക്കൂറിലേറെ നീണ്ട പഞ്ചവാദ്യത്തിനുശേഷം എഴുന്നള്ളിപ്പ് ശ്രീമൂലസ്ഥാനത്തേക്ക്. ഇതേസമയം പറമേക്കാവ് ഭഗവതി പുറത്തേക്കെഴുന്നള്ളി. ചെമ്പട കൊട്ടിക്കയറി. ഉച്ചയ്ക്ക് രണ്ടിന് വടക്കുന്നാഥന്റെ മതിൽക്കകത്ത് ഇലഞ്ഞിച്ചുവട്ടിൽ കിഴക്കൂട്ട് അനിയൻ മാരാരുടെ നേതൃത്വത്തിലുള്ള പാണ്ടിമേളം തുടങ്ങി. അവസാനിച്ചത് നാലരയോടെ. അതേസമയം ശ്രീമൂലസ്ഥാനത്ത് ചെറുശ്ശേരി കുട്ടൻ മാരാരുടെ നായകത്വത്തിൽ തിരുവമ്പാടിയുടെ പാണ്ടിമേളവും ആവേശത്തിന്റെ ഇരമ്പൽ തീർത്തു.


മേളം തീർത്ത് ആദ്യം തെക്കേനടയിലൂടെ പാറമേക്കാവ് പുറത്തിറങ്ങി. വെടിക്കെട്ടുപുര അപകടത്തിന്റെ പശ്ചാത്തലത്തിൽ സമയം ചുരുക്കിയ കുടമാറ്റത്തിന്റെ നഷ്ടം നികത്താനായി

(ശേഷം 34-ാം പേജിൽ)




മഹാപൂരത്തിന്റെ വിളംബരമറിയിച്ച് വടക്കുംനാഥ ക്ഷേത്രത്തിന്റെ തെക്കേ ഗോപുരനട തുറന്നു പുറത്തു കടന്ന, നെയ്തലക്കാവിലമ്മയുടെ തിടമ്പേറ്റിയ കൊമ്പൻ എറണാകുളം ശിവകുമാർ തട്ടകനിവാസികളെ വണങ്ങുന്നു.

## വിഖ്യാത ഫോട്ടോജേണലിസ്റ്റ് രഘു റായ് അന്തരിച്ചു



ന്യൂഡൽഹി: ഇന്ത്യയുടെ ആത്മാവും ചരിത്രവും മനുഷ്യജീവിതത്തിന്റെ നിശബ്ദ സ്പന്ദനങ്ങളും കവിതപോലെ പകർത്തിയ ഇന്ത്യൻ ഫോട്ടോ ജേണലിസത്തിന്റെ കുലപതിയും പദ്മശ്രീ ജേതാവുമായ രഘു റായ് (രഘുനാഥ് റായ് ചൗധരി-83) അന്തരിച്ചു.

ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിൽ ഏപ്രിൽ 26-ന് ഞായറാഴ്ച പുലർച്ചെയായിരുന്നു അന്ത്യം. 1942 ഡിസംബർ 18-ന് പാകിസ്താന്റെ ഭാഗമായ പഞ്ചാബിലെ ഝാങ്ങിലായിരുന്നു ജനനം. സിവിൽ എഞ്ചിനീയറിങ് പാസായശേഷം 23-ാം വയസ്സിൽ 1965-ൽ സ്റ്റേറ്റ്സ്മാൻ പത്രത്തിൽ ചീഫ് ഫോട്ടോഗ്രാഫറായി ചേർന്നു. സൺഡേ മാഗസിന്റെയും ഇന്ത്യ ടുഡേയുടെയും ഭാഗമായി. 1977-ൽ അന്താരാഷ്ട്ര ഫോട്ടോഗ്രഫിക് സംഘടനയായ 'മാഗ്നം ഫോട്ടോസി'ൽ അംഗമാകുന്ന ആദ്യ ഇന്ത്യക്കാരനെന്ന നേട്ടവും സ്വന്തമാക്കി. ഭോപാലിൽ 1984-ലുണ്ടായ വാതക ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ബാലികയുടെ പാതിമാത്രം മറവുചെയ്യപ്പെട്ട ശരീരവും അടയാത്ത കണ്ണുകളും ലോകമനസ്സാക്ഷിയെ ഞെട്ടിച്ചു. ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചു. ഭാര്യ: ആർകിടെക്ടും ആക്ടിവിസ്റ്റുമായ ഗുർമിത്. മക്കൾ: നിതിൻ, ലഗാൻ, അവനി, പൂർവായ്.


SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# യുദ്ധം അവസാനിപ്പിക്കാൻ മൂന്ന് വഴികൾ നിർദേശിച്ച് ഇറാൻ

ടെഹ്റാൻ: ഹോർമുസ് കടലിടുക്ക് തുറക്കുന്നതിനും യുദ്ധം അവസാനിപ്പിക്കുന്നതിനുമായി ഇറാൻ പുതിയ നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചതായി മാധ്യമ റിപ്പോർട്ടുകൾ. ആണവപദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ പിന്നീടുള്ള ഘട്ടത്തിലേക്ക് മാറ്റിവെക്കണമെന്നും ഇറാൻ ആവശ്യപ്പെട്ടതായി ആക്സിയോസ് റിപ്പോർട്ടു ചെയ്തു. മധ്യസ്ഥരായ പാക്കിസ്ഥാൻ മുഖേനയാണ് യുഎസിന് ഈ നിർദ്ദേശങ്ങൾ കൈമാറിയത്. ഹോർമുസ് കടലിടുക്ക് തുറക്കുക, യുദ്ധം അവസാനിപ്പിക്കുക, ആണവചർച്ചകൾ മാറ്റിവെക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഇറാൻ മുന്നോട്ടു വെച്ചിരിക്കുന്നത്.

എണ്ണ ഉല്പാദന സൗകര്യങ്ങൾ തകർത്താൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാൻ വൈസ് പ്രസിഡണ്ട് ഇസ്മായിൽ സഗാബ് എസ്ഫഹാനി മുന്നറിയിപ്പ് നല്കിയിരുന്നു. എണ്ണക്കിണറുകൾ ഉൾപ്പെടെയുള്ള തങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളിൽ ഏതെങ്കിലും ഒന്നിന് യുഎസ് ഉപരോധം മൂലം നാശനഷ്ടം സംഭവിച്ചാൽ അതിനു കൂട്ടുനിൽക്കുന്ന രാജ്യങ്ങളിലെ സമാന സൗകര്യങ്ങളിൽ നാലിരട്ടി നാശനഷ്ടങ്ങൾ വരുത്തുമെന്ന് സഗാബ് എക്സിൽ കുറിച്ചു. ഇറാന്റെ കണക്കുകൾ വ്യത്യസ്തമാണെന്നും ഒരു എണ്ണക്കിണറിനു പകരം നാല് എണ്ണക്കിണറുകൾ എന്നതാണ് ഞങ്ങളുടെ രീതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


അതേസമയം, ഇറാനിയൻ തുറമുഖങ്ങളിൽ യുഎസ് ഉപരോധം തുടരുകയാണ്. 38 കപ്പലുകളെ അമേരിക്കൻ സേന തിരിച്ചയച്ചു. 38 കപ്പലുകളോട് തിരിച്ചുപോകാനോ അല്ലെങ്കിൽ തുറമുഖത്തേക്ക് മടങ്ങാനോ അമേരിക്കൻ സേന നിർദേശം നല്കിയതായി സെൻട്രൽ കമാൻഡ് എക്സിലെ പോസ്റ്റിൽ പറഞ്ഞു. ഇതിനിടെ പാക്കിസ്ഥാനിലെ ഹ്രസ്വസന്ദർശനത്തിനുശേഷം ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറഗ്ചി റഷ്യയിലേക്ക് തിരിച്ചു. ഒമാൻ സന്ദർശനത്തിനു പിന്നാലെ പാക്കിസ്ഥാനിലെത്തിയ അദ്ദേഹം ഉന്നത ഉദ്യോഗസ്ഥരുമായി പ്രാദേശിക സുരക്ഷാവിഷയങ്ങൾ ചർച്ച ചെയ്തു. അമേരിക്കൻ പ്രതിനിധികൾ നടത്താനിരുന്ന പാക്കിസ്ഥാൻ സന്ദർശനം പ്രസിഡണ്ട് ഡോണൾഡ് ട്രംപ് റദ്ദാക്കിയതോടെ ചർച്ചകൾപ്രതിസന്ധിയിലായി.

ആണവ പദ്ധതിക്കു പുറമെ ഹോർമുസ് കടലിടുക്കിലെ പുതിയ നിയമപരമായ ചട്ടക്കൂട്, യുദ്ധ നഷ്ടപരിഹാരം, സൈനിക നടപടികളിൽ നിന്നുള്ള സംരക്ഷണം, അമേരിക്കയുടെ സമുദ്ര നിയന്ത്രണങ്ങൾ നീക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഇറാൻ വിദേശകാര്യമന്ത്രി ഊന്നൽ നല്കിയതായാണ് റിപ്പോർട്ടുകൾ, ഇറാൻ ചില വിട്ടുവീഴ്ചകൾക്ക് തയ്യാറായെങ്കിലും അത് മതിയാകില്ലെന്ന് ട്രംപ് വ്യക്തമാക്കി.

"ചർച്ചകൾക്കായി 18 മണിക്കൂർ വിമാനയാത്ര നടത്തുന്നതിൽ അർത്ഥമില്ല. യുദ്ധത്തിൽ എല്ലാ നിയന്ത്രണങ്ങളും അമേരിക്കയുടെ കൈകളിലാണ്. അവർക്ക് എപ്പോൾ വേണമെങ്കിലും ഞങ്ങളെ വിളിക്കാം. എന്നാൽ, വെറുതെ സംസാരിച്ചിരിക്കാൻ ഇനി ദീർഘദൂരയാത്രകൾക്ക് എന്റെ ആളുകളെ അയയ്ക്കില്ല:" ട്രംപ് പറഞ്ഞു.

നേരത്തെ പാക്കിസ്ഥാനിൽ അമേരിക്കൻ വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസും ഇറാൻ പ്രതിനിധികളും തമ്മിൽ നടന്ന ആദ്യഘട്ട ചർച്ചകളും ഫലം കാണാതെ പിരിഞ്ഞിരുന്നു. ഭീഷണികൾക്കോ ഉപരോധങ്ങൾക്കോ വഴങ്ങി ചർച്ചയ്ക്കില്ലെന്ന് ഇറാൻ പ്രസിഡണ്ട് മസൂദ് പെസെഷ്കിയാൻ വ്യക്തമാക്കി. സമാധാനപരമായ ചർച്ചകൾ തുടങ്ങുന്നതിനു മുമ്പ് അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന സമുദ്ര നിയന്ത്രണങ്ങൾ പിൻവലിക്കണമെന്നാണ് ഇറാന്റെ ആവശ്യം.

# തിയോഫിനച്ചൻ ധന്യപദവിയിൽ



കൊച്ചി: വിനയവും ലാളിത്യവും ജീവിതവ്രതമാക്കി വിശുദ്ധിയുടെ പാതയിൽ ജീവിച്ച കപ്പൂച്ചിൻ വൈദികൻ തിയോഫിനച്ചനെ ധന്യപദവിയിലേക്ക് ഉയർത്തി. ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ആയിരങ്ങളെ സാക്ഷിയാക്കി പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമത്തിൽ നടന്ന ചടങ്ങിലായിരുന്നു ധന്യപദവി പ്രഖ്യാപനം.

കെസിബിസിയുടെയും കെആർഎൽസിസിയുടെയും പ്രസിഡണ്ടും കോഴിക്കോട് ആർച്ച്ബിഷപ്പുമായ ഡോ. വർഗീസ് ചക്കാലയ്ക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലി മധ്യേ വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറയ്ക്കൽ ധന്യനായി പ്രഖ്യാപിച്ച മാർപാപ്പയുടെ ഉത്തരവ് ഇറ്റാലിയൻ ഭാഷയിൽ വായിച്ചു. സിസിഎംഎസ്ഐ പ്രസിഡണ്ട് ഫാ. ജോർജ് ആന്റണി മലയാളത്തിൽ പരിഭാഷപ്പെടുത്തി. ബിഷപ് ഡോ. സ്റ്റാൻലി റോമൻ വചനസന്ദേശം നല്കി. കൊല്ലം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി, കണ്ണൂർ രൂപത സഹായമെത്രാൻ ഡോ. ഡെന്നിസ് കുറുപ്പശേരി, കപ്പൂച്ചിൻ സഭയുടെ സെന്റ് ഫ്രാൻസിസ് പ്രോവിൻസ് പ്രൊവിൻഷ്യൽ ഫാ. പി.എസ്. ജോസഫ്, സെന്റ് ജോസഫ് പ്രോവിൻസ് പ്രൊവിൻഷ്യൽ ഫാ. ആന്റണി ജോർജ് എന്നിവർ സഹകാർമ്മികരായിരുന്നു.

പാലാരിവട്ടം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് പള്ളി വികാരി ഫാ. ജോജി കൂത്തുക്കാട് തിയോഫിൻ അച്ചന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തു. രാവിലെ തിയോഫിനച്ചന്റെ കബറിടത്തിൽ നടത്തിയ നാമകരണ പ്രാർത്ഥനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. തുടർന്ന് ആർച്ച് ബിഷപ്പിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന നടന്നു.

പള്ളി അങ്കണത്തിൽ ഒരുക്കിയ പ്രത്യേക പന്തലിൽ തിരുക്കർമ്മങ്ങൾ നേരിട്ടു കാണുവാൻ സാധിക്കാത്തവർക്കായി മേൽപ്പാലത്തിനു പടിഞ്ഞാറുഭാഗത്ത് താൽക്കാലിക പന്തലിൽ സ്ക്രീനിൽ കാണുന്നതിനായി സൗകര്യമൊരുക്കിയിരുന്നു. വിശ്വാസജീവിതം, ത്യാഗപൂർണമായ സേവനം, ആത്മീയ സമർപ്പണം എന്നിവയാൽ വിശ്വാസികളുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന തിയോഫിനച്ചന്റെ വിശുദ്ധ ജീവിതത്തെ മാനിച്ചുകൊണ്ടാണ് സഭ അദ്ദേഹത്തെ ധന്യപദവിയിലേക്ക് ഉയർത്തിയതെന്ന് ജനറൽ കൺവീനർ ഫാ. ജസ്റ്റിൻ ഫ്രാൻസിസ് പറഞ്ഞു.

വൈസ് പോസ്റ്റുലേറ്റർ ഫാ. റോബിൻ ഡാനിയേൽ, തിയോഫിൻ ഗിൽഡ് ഡയറക്ടർ ഫാ. ബിനോയ് ലീൻ, ആശ്രമം സുപ്പീരിയർ ഫാ. ബിജു ജോസഫ് തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.


# 29,608 തസ്തികകൾ റെയിൽവേ വെട്ടിച്ചുരുക്കും

തിരുവനന്തപുരം: റെയിൽവേയിൽ ഈ വർഷം 29,608 തസ്തികകൾ വെട്ടിക്കുറയ്ക്കാൻ റെയിൽവേ ബോർഡ് വിവിധ സോണുകൾക്കു നിർദേശം നൽകി. ഈ തസ്തികകൾ പുനർവിന്യസിക്കാനും സറണ്ടർ ചെയ്യാനുമാണു നിർദേശം. വർഷം രണ്ട് ശതമാനം വീതം തസ്തികകൾ കുറയ്ക്കണമെന്ന കേന്ദ്രനയത്തിന്റെ ഭാഗമായാണു നീക്കം. ഈ വർഷം ഏപ്രിൽ ഒന്നിലെ കണക്കനുസരിച്ച് ആകെ തസ്തികകൾ 14,80,455 ആണ്. കേരളം ഉൾപ്പെടുന്ന ദക്ഷിണ റെയിൽവേയിലെ 95,322 തസ്തികകളിൽ 1906 എണ്ണമാണു കുറയ്ക്കേണ്ടത്. ഉത്തര റെയിൽവേയിൽ 3303, മധ്യറെയിൽവേയിൽ 2492 എന്നിങ്ങനെയാണു കുറയ്ക്കുക. 3.5 ലക്ഷം ഒഴിവുകൾ റെയിൽവേയിലുണ്ടെന്നും തസ്തികകൾ കുറയ്ക്കുന്നതു പ്രതിഷേധാർഹമാണെന്നും സതേൺറെയിൽവേ മസ്ദൂർ യൂണിയൻ (എസ്ആർഎംയു) ഡിവിഷണൽ പ്രസിഡണ്ട് കെ.ജി. സുനിൽ കുമാർ പറഞ്ഞു.

തിരുവനന്തപുരം ഡിവിഷനിൽ 235 പേരാണ് ഈ വർഷം വിരമിക്കുന്നത്. വരുംവർഷങ്ങളിൽ കൂടുതൽ പേർ വിരമിക്കുമെന്നിരിക്കെ, ആനുപാതികമായ പുതിയ നിയമനം നടക്കുന്നില്ലെന്നു ദക്ഷിണ റെയിൽവേ എംപ്ലോയീസ് യൂണിയൻ (ഡിആർഇയു) ഡിവിഷണൽ സെക്രട്ടറി കെ.എം. അനിൽ കുമാർ പറഞ്ഞു. എന്നാൽ ഡിജിറ്റൈസേഷന്റെ ഭാഗമായാണു പല തസ്തികകളും ഇല്ലാതായതെന്നാണ് ഔദ്യോഗിക വിശദീകരണം. എന്നാൽ പുറം കരാർ നൽകിയാണു മിക്ക ജോലികളും നടക്കുന്നതെന്നു യൂണിയനുകൾ ചൂണ്ടിക്കാട്ടുന്നു.

# ഗുരു മുനി നാരായണ പ്രസാദ് സമാധിയായി

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദർശനങ്ങളെ ലോകസഞ്ചാരം നടത്തുന്നതിൽ മുഖ്യ പങ്കുവഹിച്ച ശ്രീനാരായണ ഗുരു ദാർശനികനും വർക്കല നാരായണ ഗുരുകുലം അദ്ധ്യക്ഷനുമായ ഗുരു മുനി നാരായണ പ്രസാദ് (87) സമാധിയായി. വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഏപ്രിൽ 25-ന് പുലർച്ചെ 3.50-ഓടെയായിരുന്നു അന്ത്യം. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു. ശ്രീനാരായണ ഗുരു ദർശനങ്ങളെ ആഴത്തിൽ ഉൾക്കൊണ്ട് ലോകത്തിനു മുന്നിൽ അവതരിപ്പിച്ച പണ്ഡിതനായിരുന്നു മുനി നാരായണ പ്രസാദ്. ലളി



തമായ ഭാഷയിൽ ഗഹനമായ തത്ത്വചിന്തകൾ പങ്കുവെക്കാൻ അദ്ദേഹത്തിനായി. ഇന്ത്യൻ തത്വശാസ്ത്രം, വേദാന്തം തുടങ്ങിയ വിഷയങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലുമായി 1300-ലേറെ പുസ്തകങ്ങൾ രചിച്ചു.

ഗുരുവിന്റെ അദ്വൈത-വേദാന്ത ദർശനവുമായി ബന്ധപ്പെട്ടു ലോകമെമ്പാടുമായി ആയിരക്കണക്കിനു പ്രഭാഷണങ്ങൾ നടത്തി. കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവുകൂടിയായ മുനി നാരായണ പ്രസാദിനെ 2024-ൽ ഇന്ത്യ പദ്മശ്രീ ബഹുമതി നൽകി ആദരിച്ചു. 1938 ഡിസംബർ ഒൻപതിനു ആറ്റിങ്ങലിനു സമീപം നഗരൂരിൽ ജനിച്ച ഗുരു മുനി നാരായണപ്രസാദ്, 1950-കളുടെ മധ്യത്തിൽ ഗുരു നിത്യ ചൈതന്യ യതിയുടെ എഴുത്തിലും പ്രഭാഷണത്തിലും ആകൃഷ്ടനായി ഗുരുകുല ബാലലോകത്തിന്റെ വക്കത്തെ ഭാരവാഹിയായി കുട്ടികളെ സംഘടിപ്പിച്ചു. ജലവിഭവ വകുപ്പിൽ കൊല്ലത്ത് സിവിൽ എഞ്ചിനീയറായിരിക്കേ 1968-ൽ നാരായണ ഗുരുകുലത്തിൽ ചേർന്നു. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായിരുന്ന നടരാജ ഗുരുവിൽനിന്നാ് ഗുരു മുനി നാരായണ പ്രസാദ് സന്യാസദീക്ഷ സ്വീകരിച്ചത്. പിന്നീട് ഗുരു നിത്യചൈതന്യ യതിയിൽനിന്നു സന്യാസദീക്ഷ സ്വീകരിച്ചു.

1976-ൽ ശാസ്താംകോട്ടയിൽ നടന്ന ലോക മതസമ്മേളനത്തിന്റെ മുഖ്യ സംഘാടകനായി. 1987-ൽ മോസ്കോ ലോക മത വട്ടമേശ സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധിയായി. 1989–91 കാലഘട്ടത്തിൽ ഫിജിയിലെ നാരായണ ഗുരുകുലം അദ്ധ്യക്ഷനായി. 1999-ൽ ഗുരുനിത്യചൈതന്യ യതിയുടെ സമാധിയോടെ നാരായണ ഗുരുകുലത്തിന്റെ അദ്ധ്യക്ഷനായി. വർക്കലയിലെ ബ്രഹ്മ വിദ്യാമന്ദിരം നിർമിച്ചതും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു. ഭഗവദ്ഗീതയും ഉപനിഷത്തും അടക്കം ആയിരക്കണക്കിന് പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറിയും ഇവിടെ സജ്ജീകരിച്ചിരുന്നു.

# കണക്കുകൾ കൂട്ടിയും കിഴിച്ചും മുന്നണികൾ

തിരുവനന്തപുരം: രാഷ്ട്രീയകേരളം ഉറ്റുനോക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പു ഫലത്തിലേക്ക് ഒരാഴ്ചയുടെ ദൂരംമാത്രം. തെരഞ്ഞെടുപ്പിനു ശേഷമുള്ള ദിവസങ്ങളിൽ കണക്കു കൂട്ടിയും കിഴിച്ചും തലപുകച്ച മുന്നണികൾ മെയ് നാലിലേക്ക് ഉറ്റുനോക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയനെ മുന്നിൽ നിർത്തി നടത്തിയ പോരാട്ടത്തിൽ തുടർഭരണം സാദ്ധ്യമാകുമെന്ന പ്രതീക്ഷയിലാണ് ഇടതു മുന്നണി. 90 സീറ്റെന്ന് പുറമേ പറഞ്ഞെങ്കിലും യാഥാർത്ഥ്യ ബോധത്തോടെയുള്ള കണക്കെടുപ്പിൽ 72-77 സീറ്റ് വരെ ലഭിക്കുമെന്നാണ് ഇപ്പോൾ സിപിഎമ്മിന്റെ വിലയിരുത്തൽ. പ്രചാരണത്തിനു പിന്നാലെ നേത്രചികിത്സയ്ക്കു വിധേയനായ മുഖ്യമന്ത്രി പിണറായി വിജയൻ തെരഞ്ഞെടുപ്പിനു ശേഷം വിശ്രമത്തിലാണ്. മുഖ്യമന്ത്രിയോ ഇടതുപക്ഷത്തെ സംസ്ഥാന നേതാക്കളോ മറ്റ് സംസ്ഥാനങ്ങളിൽ ഇത്തവണ പ്രചാരണത്തിന് ഇറങ്ങിയില്ല.

പത്തു വർഷത്തെ ഇടതുഭരണത്തിന് വിരാമമിട്ട് അധികാരം തിരിച്ചു പിടിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം യുഡിഎഫ് ക്യാമ്പിൽ പ്രകടമാണ്. ഭരണം ലഭിക്കുമെന്ന പ്രതീക്ഷയിൽ മുഖ്യമന്ത്രി ആരെന്നു സംബന്ധിച്ച അണിയറ നീക്കങ്ങളിലേക്കു വരെ കോൺഗ്രസ് കടന്നു. തെരഞ്ഞെടുപ്പുഫലം വരും മുൻപ് അത്തരം ചർച്ചകൾ നടക്കുന്നതിൽ മുസ്‌ലിം ലീഗ് ഉൾപ്പെടെയുള്ള ഘടകകക്ഷികൾക്ക് അമർഷമുണ്ടെങ്കിലും പോഡ്കാസ്റ്റ് മുതൽ ഡോക്യുമെന്ററി വരെ നീളുന്ന പ്രതിച്ഛായ മിനുക്കൽ നീക്കങ്ങൾ കോൺഗ്രസ് നേതാക്കളെ കേന്ദ്രീകരിച്ച് സജീവമായി തുടരുന്നു. നൂറിലധികം സീറ്റ് നേടുമെന്ന് പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പിനെ നേരിട്ട യുഡിഎഫ് 80-90 സീറ്റ് ഉറപ്പാണെന്ന് വിശ്വസിക്കുന്നു. ഭരണവിരുദ്ധ വികാരവും മുഖ്യമന്ത്രിക്കെതിരായ ജനരോഷവുമുണ്ടെന്ന കാര്യത്തിൽ മുന്നണിക്കു സംശയമില്ല. ശക്തമായ തരംഗം ഉണ്ടായാൽ സീറ്റ് നൂറ് കടക്കുമെന്നും ഇടതുകോട്ടകൾ തകരുമെന്നുമാണ് കോൺഗ്രസ് വിലയിരുത്തൽ. ചുരുങ്ങിയത് 81 സീറ്റ് എന്നാണ് തെരഞ്ഞെടുപ്പ് തന്ത്രജ്ഞൻ സുനിൽ കനഗോലുവിന്റെ ടീം ഹൈക്കമാൻഡിനെ അറിയിച്ചിരിക്കുന്നത്.

നിയമസഭയിൽ ഇക്കുറി ഉറപ്പായും അക്കൗണ്ട് തുറക്കുമെന്ന ആത്മവിശ്വാസത്തിലാണ് എൻഡിഎ. നേമം, കഴക്കൂട്ടം മണ്ഡലങ്ങളിലാണ് ഏറ്റവുമധികം പ്രതീക്ഷ. ശക്തമായ മത്സരം നടന്ന പാലക്കാട് അവസാന ലാപ്പിൽ യുഡിഎഫ് മുന്നിൽ കയറിയെന്ന ആശങ്ക ബിജെപിക്കുണ്ട്. മഞ്ചേശ്വരം, ആറ്റിങ്ങൽ, നെടുമങ്ങാട്, ചാത്തന്നൂർ, ആറന്മുള, തിരുവല്ല, ഹരിപ്പാട്, ഗുരുവായൂർ എന്നിവിടങ്ങളിൽ വോട്ട് വിഹിതം ഉയർത്തുമെന്നും അവർ കണക്കുകൂട്ടുന്നു.

# 250 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ അനുമതി

തിരുവനന്തപുരം: കേരളത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ 250 മെഗാവാട്ട് വരെ വൈദ്യുതി വാങ്ങാൻ കെഎസ്ഇബിക്ക് അനുമതി ലഭിച്ചു.

യൂണിറ്റിന് പരമാവധി 10 രൂപ വരെ ചെലവഴിച്ച് മെയ് 15 വരെ വൈദ്യുതി വാങ്ങാമെന്നാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദേശം. ഓരോ ആഴ്ചയും ലഭ്യമായ വൈദ്യുതിയും അതിന്റെ നിരക്കുകളും കമ്മീഷനെ അറിയിക്കണം. വേനൽക്കാലത്തെ വർദ്ധിച്ച ആവശ്യത്തെത്തുടർന്ന് വൈദ്യുതിക്ഷാമം രൂക്ഷമായ സാഹചര്യത്തിലാണ് കെഎസ്ഇബി സമർപ്പിച്ച അപേക്ഷയ്ക്ക് കമ്മീഷൻ അനുമതി നല്കിയത്.

സംസ്ഥാനത്ത് പല ഭാഗങ്ങളിലും അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് അനുഭവപ്പെടുന്നതിനിടെയാണ് നടപടി. പല സമയങ്ങളിലും വൈദ്യുതി മുടങ്ങുന്നതായി പരാതികൾ ഉയരുന്നു. നിലവിൽ 'ലോഡ് റസ്ട്രിക്ഷൻ' എന്ന പേരിലാണ് നിയന്ത്രണങ്ങൾ നടപ്പാക്കുന്നത്.

വടക്കൻ ജില്ലകളിലെ ചില മേഖലകളിൽ ഒരാഴ്ച മുൻപു തന്നെ നിയന്ത്രണങ്ങൾ ആരംഭിച്ചിരുന്നു. ലോഡ് ഷെഡ്ഡിംഗ് പ്രഖ്യാപിച്ചിട്ടില്ലെന്നും വൈദ്യുതി പ്രതിസന്ധി നേരിടാൻ ക്രമീകരണങ്ങൾ മാത്രമാണ് ഏർപ്പെടുത്തിയതെന്നും കെഎസ്ഇബി അധികൃതർ വ്യക്തമാക്കി.


വൈകിട്ടത്തെ ഉയർന്ന ആവശ്യം നേരിടാൻ 15 മുതൽ 20 മിനിറ്റ് വരെ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് പല ഭാഗങ്ങളിലും നടപ്പാക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്.

ദേശീയ തലത്തിൽ വൈദ്യുതി ലഭ്യതയ്ക്ക് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രതിസന്ധി തുടരുകയാണെങ്കിൽ അര മണിക്കൂർ പ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗിലേക്കു സംസ്ഥാനം നീങ്ങുമോ എന്ന ആശങ്കയും ഉയരുന്നു.

കൂടുതൽ വിലയ്ക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതാണ് പ്രധാന പരിഹാരമെന്ന വിലയിരുത്തലും നിലനിൽക്കുന്നു. ഇതോടെ ഭാവിയിൽ വൈദ്യുതി നിരക്ക് വർദ്ധിക്കുമോ എന്ന ആശങ്കയുമുണ്ട്.

വൈദ്യുതി വാങ്ങൽ നിരീക്ഷിക്കാൻ ചീഫ് എൻജിനീയർമാരുടെ നേതൃത്വത്തിൽ അപെക്സ് കമ്മിറ്റിയും ഓപ്പറേഷണൽ കമ്മിറ്റിയും രൂപീകരിക്കും. വേനൽക്കാലത്തെ അമിത ഉപഭോഗം കുറയ്ക്കാൻ ബോധവത്കരണ പരിപാടികൾ ശക്തമാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

## അശോക് കുമാർ ലാഹിരി നീതി ആയോഗ് വൈസ് ചെയർമാൻ



ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ മുൻ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവും ബംഗാളിലെ ബിജെപി എംഎൽഎയുമായ അശോക് കുമാർ ലാഹിരിയെ കാബിനറ്റ് പദവിയോടെ നീതി ആയോഗ് വൈസ് ചെയർമാനായി നിയമിച്ചു. പ്രധാനമന്ത്രി ചെയർമാനായ നീതി ആയോഗിലെ രണ്ടാമത്തെ ഉയർന്ന പദവിയാണ്. നിലവിലെ വൈസ് ചെയർമാൻ സുമൻ ബെറി സ്ഥാനമൊഴിയും.

ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനിടെയാണ് ലാഹിരിയുടെ നിയമനം. ഇത്തവണ അദ്ദേഹം മത്സരിക്കുന്നില്ല. 2002-07-ൽ വാജ്പേയി-മൻമോഹൻസിങ് സർക്കാരുകളുടെ കാലത്താണ് ലാഹിരി മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്നത്. 15-ാം ധനകാര്യ കമ്മീഷൻ അംഗമായിരുന്ന അദ്ദേഹം ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, ലോക ബാങ്ക്, രാജ്യാന്തര നാണ്യനിധി എന്നിവയിലും പ്രവർത്തിച്ചിട്ടുണ്ട്.

വൈസ് ചെയർമാനു പുറമെ 5 അംഗങ്ങളിൽ മുൻ കേന്ദ്ര കാബിനറ്റ് സെക്രട്ടറി രാജീവ് ഗൗബ ഒഴികെ ബാക്കി നാലു പേരെയും മാറ്റി. ഡൽഹി എയിംസ് ഡയറക്ടർ എം. ശ്രീനിവാസ്, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി അംഗം കെ.വി. രാജു, മോളിക്യൂലർ സയൻസ് പ്രഫസർ ഗോബർധൻ ദാസ് എന്നിവരാണ് പുതിയ അംഗങ്ങൾ. നിലവിലെ അംഗങ്ങളായ രമേഷ് ചന്ദ്, അരവിന്ദ് വിർമാനി, വി.കെ. സാരസ്വത്, ഡോ. വി.കെ.പോൾ എന്നിവർ ഒഴിയും.

## മിന്നൽ പ്രളയം പ്രവചിക്കാൻ നൂതന സങ്കേതിക വിദ്യയുമായി കേന്ദ്ര ജലകമ്മീഷൻ

ന്യൂഡൽഹി: നിർമിത ബുദ്ധിയും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) മെഷീൻ ലേണിംഗും ഉപയോഗിച്ച് ഇന്ത്യയിലെ തന്ത്രപ്രധാന മേഖലകളിൽ വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി പ്രവചിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ജലകമ്മീഷൻ പഠനം ആരംഭിച്ചു. നാലാഴ്ച മുൻകൂട്ടി പ്രവചനം നടത്തുന്ന തരത്തിലാണ് പഠനം ആരംഭിച്ചിരിക്കുന്നത്. നിലവിൽ ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ ഹ്രസ്വകാല പ്രവചനങ്ങളെയാണ് കേന്ദ്ര ജലകമ്മീഷൻ ആശ്രയിച്ചിരുന്നത്. അതിനാൽ കൂടുതൽ നാളുകൾ മുൻകൂട്ടിയുള്ള ഫലപ്രദമായ പ്രവചനം സാധ്യമായിരുന്നില്ല. ഇതിന്റെ പശ്ചാത്തലത്തിലാണ് 'എക്സ്റ്റെൻഡഡ് റേഞ്ച് പ്രഡിക്ഷൻ' എന്ന പേരിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനത്തിനു തുടക്കമിട്ടത്.

ഹിമാലയൻ മേഖലകൾ ഉൾപ്പെടെയുള്ള അതീവ ജാഗ്രത വേണ്ടയിടങ്ങളിൽ പ്രളയസാധ്യതയും ഭീഷണിയും മുൻകൂട്ടി കണ്ട് പ്രതിരോധ സജ്ജീകരണങ്ങൾ ഒരുക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനും ഈ പഠനം സഹായിക്കും. 2025-ൽ ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി നദീതടങ്ങളിലെ 94 സ്റ്റേഷനുകളിൽ നടത്തിയ പരീക്ഷണങ്ങളിൽ 31 സ്റ്റേഷനുകളിൽ 75 ശതമാനത്തിലധികം കൃത്യതയോടെ പ്രവചനം നടത്താൻ സാധിച്ചതായാണു റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നുള്ള വിവരങ്ങൾകൂടി വിശകലനം ചെയ്തു മിന്നൽ പ്രളയങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കൃത്യമായി കണ്ടെത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കേരളം ഉൾപ്പെടെ ഇന്ത്യയുടെ മിക്ക സംസ്ഥാനങ്ങളിലും പദ്ധതി ഗുണം ചെയ്യുമെന്നാണ് കണക്കുകൂട്ടൽ.

## മാലി പ്രതിരോധമന്ത്രി ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടു



ബമാകോ: മാലിയിൽ സൈനിക ഭരണകൂടത്തിന് കനത്ത പ്രഹരമേല്പിച്ച് നടന്ന ഭീകരാക്രമണത്തിൽ പ്രതിരോധമന്ത്രി സാദിയോ കാമറ കൊല്ലപ്പെട്ടു. തലസ്ഥാനമായ ബമാകോയ്ക്കു സമീപമുള്ള കിറ്റിയിലെ സാദിയോ കാമറയുടെ വീടിനു നേരെ നടന്ന കാർ ബോംബാക്രമണത്തിലാണ് അദ്ദേഹം കൊല്ലപ്പെട്ടത്. ആക്രമണത്തിൽ അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയും രണ്ട് പേരക്കുട്ടികളും മരിച്ചതായി കുടുംബാംഗങ്ങളും ഔദ്യോഗിക വൃത്തങ്ങളും സ്ഥിരീകരിച്ചു. 2020-ൽ സൈന്യം അധികാരം പിടിച്ചെടുത്തതിനു ശേഷം മാലി നേരിടുന്ന ഏറ്റവും വലിയ സുരക്ഷാ വെല്ലുവിളിയാണിത്. ജെഎൻഐഎമ്മും തുവാരെഗ് വിമതരുടെ സഖ്യമായ എഫ്എൽഎയും സംയുക്തമായാണ് ആക്രമണങ്ങൾ ആസൂത്രണം ചെയ്തത്. വടക്കൻ നഗരമായ കിടാൽ തുവാരെഗ് വിമതർ പൂർണമായും പിടിച്ചെടുത്തതായി റിപ്പോർട്ടുകളുണ്ട്.

പ്രധാന നഗരങ്ങൾ പിടിച്ചെടുക്കുന്നതിലുപരി സൈന്യത്തിന്റെ ആത്മവിശ്വാസം തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ആക്രമണങ്ങൾ നടക്കുന്നത്. തലസ്ഥാനമായ ബമാകോ ഉൾപ്പെടെയുള്ള നഗരങ്ങളിൽ ജനങ്ങൾ കടുത്ത ഭീതിയിലാണ്. വിമാനത്താവളത്തിനു സമീപമുള്ള സെനു ജില്ലയിലും സൈനിക താവളങ്ങളിലും സുരക്ഷാ നിയന്ത്രണങ്ങൾ കടുപ്പിച്ചു. മാലിയിലെ അക്രമസംഭവങ്ങളെ ഐക്യരാഷ്ട്രസംഘടന ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടെറസും യൂറോപ്യൻ യൂണിയനും ശക്തമായി അപലപിച്ചു. സാഹേൽ മേഖലയിലെ ഭീകരവാദം നേരിടാൻ രാജ്യാന്തര പിന്തുണ അത്യാവശ്യമാണെന്ന് യുഎൻ വക്താവ് വ്യക്തമാക്കി. ഫ്രാൻസുമായുള്ള ബന്ധം അവസാനിപ്പിച്ച് റഷ്യയുമായി ചേർന്ന് പ്രവർത്തിക്കുന്ന മാലിയിലെ സൈനിക ഭരണകൂടത്തിന് പ്രതിരോധ മന്ത്രിയുടെ അപ്രതീക്ഷിത വിയോഗം വലിയ തിരിച്ചടിയാണ്.

## മദ്യലഹരിയിൽ മകൻ അമ്മയെ കഴുത്തറുത്ത് കൊലപ്പെടുത്തി

കണ്ണൂർ/കൊളക്കാട്: വീട്ടിലുണ്ടായിരുന്ന മുത്തശ്ശിയെ പൂട്ടിയിട്ടശേഷമാണ് അമ്മയെ കഴുത്തറുത്ത് കൊന്നതെന്ന് മകന്റെ മൊഴി. മഹിളാമോർച്ച കണ്ണൂർ ജില്ലാ കമ്മിറ്റിയംഗം താന്നിക്കുന്നിലെ മഠത്തിപറമ്പിൽ തങ്കച്ചന്റെ ഭാര്യ ഗീതമ്മയെ (53) കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ മകൻ ക്രിസ്റ്റിയാണ് (25) കൊളക്കാട് പോലീസിൽ മൊഴി നല്കിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

സംഭവം നടക്കുമ്പോൾ പിതാവ് തങ്കച്ചൻ വീട്ടിൽ ഉണ്ടായിരുന്നില്ല. തങ്കച്ചന്റെ അമ്മ ഏലിക്കുട്ടി മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. മകൻ മദ്യലഹരിയിൽ വഴക്കുണ്ടാക്കിയതിനെത്തുടർന്ന് ഇക്കാര്യം ഗീതമ്മ സഹോദരനെയും അനുജത്തിയുടെ ഭർത്താവിനെയും വിളിച്ചറിയിച്ചിരുന്നു. ഇവർ വീട്ടിലെത്തുമ്പോൾ കഴുത്തറുക്കപ്പെട്ട നിലയിലാണ് ഗീതമ്മയെ കണ്ടത്. ഇവരുമായും ക്രിസ്റ്റി വഴക്കിട്ടു. കൈയിൽ കിട്ടിയിരുന്നെങ്കിൽ അപ്പനെയും കൂടി കൊന്നേനെയെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. തന്നെ ഇത്തരത്തിലാക്കിയത് ഇവരൊക്കെയാണെന്ന് ക്രിസ്റ്റി വിളിച്ചു പറയുന്നുമുണ്ടായിരുന്നു. അയൽവാസിയായ നിപു ഏറെനേരം സംസാരിച്ചാണ് ക്രിസ്റ്റിയെ ശാന്തനാക്കുകയും പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും ചെയ്തത്.

കൊലയ്ക്ക് ഉപയോഗിച്ച കത്തിയും ക്രിസ്റ്റി പോലീസ് സ്റ്റേഷനിൽ എത്തിച്ചു. ചോദ്യങ്ങൾക്കെല്ലാം കൃത്യമായ മറുപടി നല്കിയ പ്രതി കുറ്റബോധമില്ലാത്ത രീതിയിലാണ് പെരുമാറിയതെന്ന് പോലീസ് പറഞ്ഞു. നല്ല രീതിയിൽ പെരുമാറുന്നവരാണ് ഗീതമ്മയും തങ്കച്ചനുമെന്ന് പ്രദേശവാസികൾ പറഞ്ഞു. എന്നാൽ, ക്രിസ്റ്റിയെക്കുറിച്ച് ആർക്കും കൂടുതലായി അറിവില്ല. പ്രദേശത്ത് ആരുമായും വലിയ അടുപ്പമോ സൗഹൃദമോ പുലർത്താത്ത ക്രിസ്റ്റി വീട്ടിൽ വഴക്കുണ്ടാക്കുന്നത് പതിവാണെന്നും സമീപവാസികൾ പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 17
April 27, 2026

*Chief Editor* K.M. Eapen
*Executive Editor* Jose Kaniyaly
*Managing Editors* Joseph Mathew, K.O. Jose, C.P.A., Titus Eapen
*Circulation Manager* Ajith Eapen
*Office Administration* Anish Eapen

*Legal Advisor* Selma C. D'souza
*Manager* K.M. Thimothy
*Overseas Office* KERALA EXPRESS, KMC 172-A, C.M.S. College Jn., Kottayam - 686001, Kerala, India, Tel : + 91 481-2561203

*Co-ordinating Editor* Mani Samuel
*News Editor* Mini Mani
*Graphics* Samuel Mani
*Special Correspondent* Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം


അദ്ധ്യാപകൻ കൈയിലുള്ള വെളിച്ചം മറ്റുള്ളവരിലേക്കു പകരുന്നവനാണ്.

**പ്ലേറ്റോ**

സ്വയം തിരസ്കരിക്കാനുള്ള കഴിവാണ് അന്തസിന്റെ അടിത്തറ.

**ജോർജ് സാൻ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മനുഷ്യജീവിതം കണ്ണീരിൽ മുങ്ങാതിരിക്കട്ടെ

തൃശൂരിലെ മുണ്ടത്തിക്കോട് നടന്ന വെടിക്കെട്ട് ദുരന്തം വീണ്ടും ഒരു കഠിന സത്യം നമ്മുടെ മുന്നിൽ എത്തിച്ചു - കേരളം ഇന്നും പാഠങ്ങൾ പഠിക്കാത്ത ഒരു സമൂഹമാണോ?

പൂരത്തിനായി തയ്യാറാക്കിക്കൊണ്ടിരുന്ന പടക്ക നിർമ്മാണ കേന്ദ്രത്തിൽ ഉണ്ടായ സ്ഫോടനത്തിൽ പതിനാലോളം പേർ മരണപ്പെട്ടതും നിരവധി പേർക്ക് ഗുരുതരമായി പരുക്കേറ്റതും ഒരു സാധാരണ അപകടമല്ല; അത് ഭരണപരമായ വീഴ്ചകളുടെയും അനാസ്ഥയുടെയും നേരിട്ടുള്ള ഫലമാണ്.

ഇത് ആദ്യമല്ല. കൊല്ലത്തെ പുറ്റിങ്ങൽ ദുരന്തത്തിൽ നൂറിലധികം പേർ ജീവൻ നഷ്ടപ്പെട്ടിട്ടും, ഇന്നും അതേ അപകടകരമായ രീതികൾ തുടരുന്നു. നിയമങ്ങൾ ഇല്ലാത്തതല്ല പ്രശ്നം - അവ നടപ്പിലാക്കാത്തതാണ്. അനുമതിയുള്ള പരിധിയെക്കാൾ നൂറുകണക്കിന് കിലോ വെടിമരുന്ന് സംഭരിച്ചിരുന്നതായി കണ്ടെത്തിയ സംഭവങ്ങൾ തന്നെ ഇത് തെളിയിക്കുന്നു.

ഇവിടെ ചോദിക്കേണ്ടത് ഇതിന് ആരാണ് ഉത്തരവാദി എന്നതാണ്. ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരോ? നിയമലംഘനം നടത്തുന്ന ഉടമകളോ? അല്ലെങ്കിൽ അപകടം സംഭവിച്ചാൽ മാത്രം കണ്ണുതുറക്കുന്ന രാഷ്ട്രീയ സംവിധാനമോ? തൃശൂർ പൂരം കേരളത്തിന്റെ അഭിമാനമാണ്. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഈ ഉത്സവം ഒരു സാംസ്കാരിക ഐക്യത്തിന്റെ പ്രതീകമാണ്. എന്നാൽ, അതിന്റെ ഭാഗമായ വെടിക്കെട്ട് മനുഷ്യജീവിതത്തിന് ഭീഷണിയാകുമ്പോൾ, ആചാരങ്ങളെ പുനഃപരിശോധിക്കേണ്ട സമയം എത്തിയിട്ടില്ലേ? ഈ ദുരന്തത്തിന്റെ പിന്നാലെ പൂരം വെടിക്കെട്ട് റദ്ദാക്കേണ്ടിവന്നത് തന്നെ വലിയൊരു സന്ദേശമാണ് - മനുഷ്യജീവിതം ആചാരങ്ങളെക്കാൾ വലിയതാണ്. സമൂഹത്തിന്റെ ഒരു വിഭാഗം വെടിക്കെട്ട് നിരോധിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ, മറ്റൊരു വിഭാഗം അത് പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് വാദിക്കുന്നു. എന്നാൽ, ഒരു സമൂഹത്തിന്റെ പാരമ്പര്യം ജീവൻ നഷ്ടപ്പെടുത്തുന്ന രീതിയിലാകുമ്പോൾ, അത് പാരമ്പര്യമല്ല - അപകടകരമായ അന്ധവിശ്വാസമാണ്.

രാഷ്ട്രീയം ഇവിടെ എന്ത് ചെയ്യുന്നു? ഓരോ ദുരന്തത്തിനും ശേഷം നഷ്ടപരിഹാര പ്രഖ്യാപനങ്ങളും അന്വേഷണങ്ങളും. എന്നാൽ, യഥാർത്ഥ മാറ്റം എവിടെയാണ്? "ശക്തമായ നടപടി സ്വീകരിക്കും" എന്ന വാക്കുകൾ വർഷങ്ങളായി ആവർത്തിക്കപ്പെടുന്നു. എന്നാൽ, ഒന്നും മാറുന്നില്ല.

ഇന്ന് കേരളത്തിന് ആവശ്യം ഒരു നിർണായക തീരുമാനം ആണ് - സുരക്ഷിതമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വെടിക്കെട്ട് പൂർണ്ണമായി നിയന്ത്രിക്കണമോ? അല്ലെങ്കിൽ അത് പൂർണമായും നിരോധിക്കണമോ?

മനുഷ്യജീവിതത്തിന്റെ വില മനസ്സിലാക്കാത്ത ഒരു സമൂഹം എത്ര വികസിതമായാലും അതിന് അർത്ഥമില്ല. തൃശൂരിലെ ഈ ദുരന്തം ഒരു വാർത്തയായി പറയരുത്- അത് ഒരു വഴിത്തിരിവാകണം. ഇത് ഒരു അപകടമല്ല. ഇത് ഒരു മുന്നറിയിപ്പാണ്. ഇപ്പോൾ പോലും നമ്മൾ പഠിക്കില്ലെങ്കിൽ, പിന്നെ എപ്പോൾ?

## ബംഗാളും തമിഴ്നാടും നൽകുന്ന സന്ദേശം

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉത്സവമായ പൊതുതെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടങ്ങൾ പിന്നിടുമ്പോൾ ഇന്ത്യ ഉറ്റുനോക്കുന്നത് രണ്ട് സംസ്ഥാനങ്ങളിലേക്കാണ്. പശ്ചിമ ബംഗാളും തമിഴ്നാടും. കനത്ത ചൂടിനെയും രാഷ്ട്രീയ സംഘർഷങ്ങളെയും അതിജീവിച്ച് ജനങ്ങൾ കൂട്ടത്തോടെ പോളിംഗ് ബൂത്തുകളിലേക്ക് എത്തുമ്പോൾ, അത് കേവലം ഒരു വോട്ട് രേഖപ്പെടുത്തലല്ല, മറിച്ച് ജനാധിപത്യത്തിലുള്ള ജനങ്ങളുടെ അടിയുറച്ച വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്.

അക്രമ രാഷ്ട്രീയത്തിന്റെ കരിനിഴലിൽ നിൽക്കുമ്പോഴും ബംഗാൾ വോട്ടർമാർ കാണിക്കുന്ന ആവേശം സമാനതകളില്ലാത്തതാണ്. ഓരോ തെരഞ്ഞെടുപ്പിലും 80 ശതമാനത്തിന് മുകളിൽ പോളിംഗ് രേഖപ്പെടുത്തുന്ന ബംഗാൾ, രാഷ്ട്രീയ പ്രബുദ്ധതയിൽ തങ്ങൾ ഇന്നും മുന്നിലാണെന്ന് തെളിയിക്കുന്നു. കേന്ദ്ര സേനയുടെ സാന്നിധ്യത്തിലും രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള കടുത്ത പോരാട്ടത്തിലും സാധാരണക്കാരൻ തന്റെ വോട്ടവകാശം വിനിയോഗിക്കാൻ കാണിക്കുന്ന ധൈര്യം പ്രശംസനീയമാണ്. ഭരണവിരുദ്ധ വികാരമാണോ അതോ ഭരണത്തുടർച്ചയ്ക്കുള്ള ആഗ്രഹമാണോ ഈ കുത്തൊഴുക്കിന് പിന്നിലെന്ന് ഫലം വരുമ്പോൾ അറിയാമെങ്കിലും, ജനാധിപത്യ പ്രക്രിയയിൽ ജനങ്ങൾ സജീവമായി ഇടപെടുന്നു എന്നത് ശുഭസൂചനയാണ്.

ദക്ഷിണേന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിനിർണ്ണയിക്കുന്ന തമിഴ്നാട്ടിലും ഇത്തവണ പോളിംഗ് ശതമാനം റെക്കോർഡുകൾ ഭേദിക്കുമെന്നാണ് സൂചനകൾ. സൗജന്യങ്ങൾക്കും വാഗ്ദാനങ്ങൾക്കുമപ്പുറം കൃത്യമായ രാഷ്ട്രീയ ബോധ്യത്തോടെ വോട്ട് ചെയ്യാൻ ജനങ്ങൾ താല്പര്യം കാണിക്കുന്നത് തമിഴ് രാഷ്ട്രീയത്തിന്റെ പക്വതയെയാണ് സൂചിപ്പിക്കുന്നത്.

മറ്റ് സംസ്ഥാനങ്ങൾ ഈ സംസ്ഥാനങ്ങളിൽ നിന്ന് കണ്ടുപഠിക്കേണ്ട പാഠങ്ങൾ ഏറെയാണ്. അവധി ആഘോഷിക്കാൻ പോകുന്ന നഗരവാസികൾ ബംഗാളിലെയും തമിഴ്നാട്ടിലെയും ഉൾനാടൻ ഗ്രാമങ്ങളിലെ വോട്ടർമാരെ മാതൃകയാക്കേണ്ടതുണ്ട്. ഒരു വോട്ട് പോലും വിലപ്പെട്ടതാണെന്ന ബോധ്യം ഓരോ പൗരനും ഉണ്ടാകണം.

# ഏഴ് എഎപി രാജ്യസഭാംഗങ്ങൾ ബിജെപിയിലേക്ക്

ന്യൂഡൽഹി: ആം ആദ്മി പാർട്ടിക്ക് (എഎപി) തിരിച്ചടി നൽകിക്കൊണ്ട് പാർട്ടിയുടെ മൂന്ന് രാജ്യസഭാ അംഗങ്ങൾ പാർട്ടി വിട്ടു. രാജ്യസഭയുടെ ഡെപ്യൂട്ടി നേതാവ് എന്ന പദവിയിൽ നിന്ന് എഎപി അടുത്തിടെ നീക്കം ചെയ്ത രാഘവ് ഛദ്ദയും അശോക് മിത്തൽ, സന്ദീപ് പഥക് എന്നിവരുമാണ് എംപിമാരെയും രാഘവ് ഛദ്ദ തന്നോടൊപ്പം ബിജെപിയിലേക്ക് അടർത്തിയെടുക്കുന്നതിനാൽ പാർട്ടി വിടുന്നവരാരും അയോഗ്യരാകില്ല. രാജ്യസഭയിൽ നിലവിൽ പത്ത് എംപിമാരാണ് എഎപിക്കുള്ളത്. ഇതിൽ ഏഴ് എംപിമാരാണ് എഎപി അംഗത്വം രാജിവെക്കുന്നതെന്ന് രാഘവ് ഛദ്ദ വാർത്താസമ്മേ മാദ്യം ആ പദവിയിൽനിന്ന് നീക്കംചെയ്തത്. എന്നാൽ, രാഘവ് ഛദ്ദയ്ക്ക് പകരക്കാരനായി രാജ്യസഭയുടെ ഡെപ്യൂട്ടി നേതാവായി എഎപി നേതൃത്വം കണ്ടിരുന്ന അശോക് മിത്തലും രാഘവിനോടൊപ്പം പാർട്ടി വിട്ടത് എഎപിക്ക് വൻ തിരിച്ചടിയായി.

പാർട്ടിയെ തകർക്കാനുള്ള ബിജെ



എഎപി വിട്ട രാജ്യസഭാംഗങ്ങൾ ബിജെപി ആസ്ഥാനത്തെത്തിയപ്പോൾ പാർട്ടി അദ്ധ്യക്ഷൻ നിതിൻ നബീൻ മധുരം നൽകി സ്വീകരിക്കുന്നു.

പാർട്ടി വിട്ട് ബിജെപിയിലേക്ക് ചേരുന്നതായി ഡൽഹിയിൽ വാർത്താസമ്മേളനം നടത്തി അറിയിച്ചത്. രാജ്യസഭയിൽ എഎപിക്കുള്ള മൂന്നിൽ രണ്ട് എംപിമാരും ഭരണഘടനാ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ബിജെപിയിൽ ലയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്ന് രാഘവ് ഛദ്ദ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കൂറുമാറ്റ നിരോധന നിയമപ്രകാരം പാർട്ടി മാറുന്ന എംപിമാരുടെ അംഗത്വം നഷ്ടമാകുമെങ്കിലും രാജ്യസഭയിലെ എഎപിയുടെ മൂന്നിൽ രണ്ട് ളനത്തിൽ അറിയിച്ചിട്ടുണ്ട്. സ്വാതി മലിവാൾ, ഹർഭജൻ സിംഗ്, രാജീന്ദർ ഗുപ്ത, വിക്രം സാഹ്നി എന്നിവരാണ് തങ്ങളെക്കൂടാതെ പാർട്ടി വിടുന്ന മറ്റ് എംപിമാരെന്ന് രാഘവ് പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ബിജെപി സർക്കാരിനും എതിരേ ശബ്ദമുയർത്തുന്നില്ലെന്നും പകരം തന്റെ വ്യക്തിത്വം പ്രചരിപ്പിക്കാനുള്ള 'പിആർ' വർക്കുകളിൽ വ്യാപൃതനാകുകയാണെന്നും വിമർശിച്ചായിരുന്നു എഎപിയുടെ ഡെപ്യൂട്ടി നേതാവായിരുന്ന രാഘവ് ഛദ്ദയെ എഎപി ഈ മാസ പിയുടെ 'ഓപ്പറേഷൻ ലോട്ടസി'ന്റെ ഭാഗമായാണ് ഉപരിസഭയിലെ തങ്ങളുടെ മൂന്നിൽ രണ്ട് എംപിമാരെയും ബിജെപി അവരുടെ പാളയത്തിലേക്കെത്തിക്കുന്നതെന്ന് എഎപി കുറ്റപ്പെടുത്തുന്നു.

വാർത്താസമ്മേളനം നടത്തിയതിനുശേഷം രാഘവ് ഛദ്ദ, അശോക് മിത്തൽ, സന്ദീപ് പഥക് എന്നിവർ ബിജെപിയുടെ പാർട്ടി ആസ്ഥാനത്തെത്തി ബിജെപി അദ്ധ്യക്ഷൻ നിതിൻ നബീനുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

# പേയ്ടിഎം പേയ്മെന്റ്സ് ബാങ്കിന്റെ ലൈസൻസ് റദ്ദാക്കി

ന്യൂഡൽഹി: പേയ്ടിഎം പേയ്മെന്റ് ബാങ്കിന്റെ ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കി. ഇതോടെ പേയ്ടിഎമ്മിന് ഇനി ബാങ്കിങ് പ്രവർത്തനങ്ങളൊന്നും നടത്താനാകില്ല. എന്നാൽ, യുപിഐ അടക്കമുള്ള മറ്റു സേവനങ്ങൾക്ക് തടസ്സമില്ല. 2022-ൽ പേയ്ടിഎം പേയ്മെന്റ്സ് ബാങ്കിനെതിരെ ആർബിഐ തുടങ്ങിവെച്ച കടുത്ത നടപടികളുടെ തുടർച്ചയാണിത്.

2022 മാർച്ച് മുതൽ പുതിയ ഉപയോക്താക്കളെ എടുക്കുന്നത് നിർത്തിവെക്കാൻ ആർബിഐ ഉത്തരവിട്ടിരുന്നു. പിന്നീട് 2024-ൽ പേയ്ടിഎം ബാങ്ക് അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കാനാവില്ലെന്ന വ്യവസ്ഥയും നടപ്പാക്കി. പേയ്ടിഎം ബാങ്കിനു കീഴിലുള്ള പ്രീപെയ്ഡ് വോലറ്റുകൾ, ഫാസ്ടാഗുകൾ തുടങ്ങിയവയ്ക്കും ഇതു ബാധകമാക്കിയിരുന്നു.

പേയ്ടിഎം ബാങ്ക് അക്കൗണ്ടിലുള്ള പണം പിൻവലിക്കുന്നതിനോ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനോ തടസ്സമുണ്ടായിരുന്നില്ല. എന്നാൽ, ബാലൻസ് തീർന്നാൽ പിന്നീട് ഇടപാട് സാധ്യമാകുമായിരുന്നില്ല. ബാങ്കിങ് ലൈസൻസ് റദ്ദാകുന്ന സാഹചര്യത്തിൽ അക്കൗണ്ടുകളിലുള്ള പണം പൂർണമായും ഉടമകൾക്ക് തിരികെ നല്കേണ്ടിവരും. ഇതിന് ആവശ്യമായ പണലഭ്യത പേയ്ടിഎം ബാങ്കിനുണ്ടെന്ന് ആർബിഐ അറിയിച്ചു. വലിയൊരു പങ്ക് ഉപയോക്താക്കളും ഇതിലെ തുക ഇതിനകം പിൻവലിച്ചിട്ടുണ്ടെന്നാണ് സൂചന. ചട്ടലംഘനങ്ങൾ ചൂണ്ടിക്കാട്ടിയാണ് ആർബിഐ നടപടി. പല തവണകളായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലാണിത്. ബാങ്കിന്റെ ഐടി സംവിധാനത്തിന്റെ സമഗ്രമായ ഓഡിറ്റ് നടത്താൻ ഐടി ഓഡിറ്റ് കമ്പനിയെ നിയമിക്കാനും നിർദേശമുണ്ടായിരുന്നു.

തുടർന്നുള്ള പരിശോധനയിലും വീഴ്ചകൾ കണ്ടെത്തിയിരുന്നു. നിക്ഷേപകരുടെയും താല്പര്യത്തിനു വിരുദ്ധമായ രീതിയിലായിരുന്നു ബാങ്കിന്റെ പ്രവർത്തനമെന്ന് ആർബിഐ ചൂണ്ടിക്കാട്ടി.

# വാറന്റില്ലാതെ അറസ്റ്റ് അരുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മജിസ്ട്രേട്ടിനു പരാതി നൽകിയ കേസുകളിൽ നടപടിക്രമം തെറ്റിച്ചു പോലീസ് അറസ്റ്റിലേക്കു കടക്കുന്നതു തെറ്റാണെന്ന് സുപ്രീംകോടതി. സമൻസ് സഹിതം കോടതി ജാമ്യമില്ലാ വാറന്റ് പുറപ്പെടുവിക്കാതെ പ്രതിയെ അറസ്റ്റ് ചെയ്യാൻ പാടില്ലെന്നും വ്യക്തമാക്കി. ക്രിമിനൽ നടപടി ചട്ടത്തിലെ 202 പ്രകാരം മജിസ്ട്രേട്ട് അന്വേഷണം നടത്താൻ പോലീസിനോട് ആവശ്യപ്പെടുന്ന ഘട്ടത്തിൽ പോലും അവർക്ക് പ്രതിയെ അറസ്റ്റ് ചെയ്യാനാകില്ലെന്നു കോടതി പറഞ്ഞു.

നടപടിക്രമം തെറ്റിച്ചു പോലീസ് അറസ്റ്റിലേക്കു കടക്കുന്നതു പതിവായിരിക്കെ സെഷൻസ് കോടതികളിലും ഹൈക്കോടതികളിലും വ്യാപകമായി മുൻകൂർ ജാമ്യാപേക്ഷ എത്തുന്നതു പരിഗണിച്ചാണു കോടതിയുടെ നിരീക്ഷണം. കോടതി സമൻസ് പുറപ്പെടുവിച്ചാൽ പ്രതി ഹാജരായി നടപടിക്രമങ്ങളിൽ പങ്കുചേരുകയാണു വേണ്ടത്. അല്ലാതെ നിയമപരമല്ലാത്ത അറസ്റ്റ് തടയാൻ മുൻകൂർ ജാമ്യാപേക്ഷയ്ക്കായി പോകേണ്ടതില്ല. അത്തരം അറസ്റ്റുകൾ നടപടിക്രമം തെറ്റിച്ചുള്ളതാണ്. ഈ രീതിയിൽ അറസ്റ്റ് ചെയ്യാൻ പോലീസിന് അധികാരമില്ല. ജാർഖണ്ഡ് ഹൈക്കോടതി മുൻകൂർ ജാമ്യം നിരസിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് നിർദേശം.


# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**




# ഇപിഎഫ്ഒ: പുതിയ പെൻഷൻ പദ്ധതിക്ക് നീക്കം

കോഴിക്കോട്: നിലവിലുള്ള ഉയർന്ന പെൻഷൻ പദ്ധതിക്കു പകരം പുതിയ പെൻഷൻ പദ്ധതിയെന്ന ആലോചനയുമായി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ). നിലവിലെ പദ്ധതിയിലെ പെൻഷൻ തുക കുറയ്ക്കാൻ പല മാർഗങ്ങൾ നോക്കിയതിനു പുറമേയായിരുന്നു നീക്കം. 2014 സെപ്റ്റംബർ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തോടെയോ അല്ലെങ്കിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതലോ പുതിയ പദ്ധതി നടപ്പാക്കാമെന്നാണു നിർദേശം. നിലവിൽ ലഭിക്കുന്നതിനെക്കാൾ കുറഞ്ഞ തുകയാകും ലഭിക്കുക.

പുതിയ പദ്ധതി സംബന്ധിച്ച് പഠനം നടത്തി, ഇപിഎഫ്ഒ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ കൂടിയായ കേന്ദ്ര തൊഴിൽ മന്ത്രിക്ക് ഉൾപ്പെടെ 2024 ഡിസംബറിൽ സമർപ്പിച്ച രേഖയാണ് വിവരാവകാശ മറുപടിയിലൂടെ ഇപ്പോൾ പുറത്തുവന്നത്. പെൻഷനിൽ വൻ കുറവു വരുത്തുന്ന പ്രോ-റേറ്റ വ്യവസ്ഥ ഉയർന്ന പെൻഷനിലും നടപ്പാക്കാൻ തൊഴിൽ മന്ത്രാലയം അനുമതി നൽകിയതായി കഴിഞ്ഞ ജനുവരി 18-ന് ഇപിഎഫ്ഒ സർക്കുലർ പുറത്തിറക്കിയിരുന്നു. ഇതിനു സർക്കാർ അനുമതി നൽകിയെന്നു പറയുന്നതിന്റെ പശ്ചാത്തലം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് സുരഞ്ജിത് ഭട്ടാചാര്യ എന്നയാൾ നൽകിയ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിലാണ് പുതിയ പദ്ധതിയെക്കുറിച്ചുള്ള നിർദേശങ്ങളടങ്ങിയ റിപ്പോർട്ട് ഉള്ളത്.

പെൻഷൻ പ്രോ-റേറ്റ അടിസ്ഥാനത്തിൽ കണക്കാക്കാനും ചില പിഎഫ് ട്രസ്റ്റുകളുടെ പെൻഷൻ അപേക്ഷ നിരസിക്കാനും തീരുമാനിച്ചത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കു തൊഴിൽ മന്ത്രാലയം അണ്ടർ സെക്രട്ടറി അനുമതി നൽകിയതിന്റെ വിശദാംശങ്ങൾ ലഭിച്ച വിവരാവകാശ മറുപടിയിലുണ്ട്. എന്നാൽ, പെൻഷൻ പരിഷ്കരണം വിശദമായ ചർച്ചകൾക്കുശേഷം തീരുമാനിക്കാമെന്നാണ് അണ്ടർ സെക്രട്ടറിയുടെ കുറിപ്പിലുള്ളത്. നിർദേശങ്ങൾ സമർപ്പിച്ചിട്ട് ഒരു വർഷത്തിലേറെയായെങ്കിലും തുടർ നടപടികൾ നടക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുകയാണെങ്കിൽ നിലവിലുള്ള ഉയർന്ന പെൻഷൻകാർക്ക് പദ്ധതിയിൽ ചേരുകയോ നിക്ഷേപ തുക പലിശ സഹിതം തിരികെ വാങ്ങി പദ്ധതിയിൽ നിന്നു പുറത്തുപോകുകയോ ചെയ്യാനുള്ള അവസരമുണ്ടാകുമെന്നും പറയുന്നു. പെൻഷൻകാരുടെ വലിയ പ്രക്ഷോഭം ഉണ്ടായേക്കാമെന്നും കേസുകൾ കുന്നുകൂടാനും പെൻഷൻ പരിഷ്കരണം കോടതി തള്ളാനുംവരെ ഇടയായേക്കുമെന്നുമുള്ള മുന്നറിയിപ്പും റിപ്പോർട്ടിലുണ്ട്.

# റിക്കാർഡുകളിലേക്ക് നീന്തിക്കയറി മൂന്നര വയസുകാരി

ചിങ്ങവനം: വേമ്പനാട്ടുകായൽ കുറുകെ നീന്തിക്കടന്ന് ചിങ്ങവനം സ്വദേശിനിയായ മൂന്നര വയസുകാരി. ചിന്നു എന്ന് വിളിക്കുന്ന അങ്കണവാടി വിദ്യാർത്ഥിനി എസ്തേർ കൃഷ്ണകുമാർ നേടിയത് മൂന്ന് റിക്കാർഡുകൾ. ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സ്, ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ്സ്, നാഷണൽ ബുക്ക് ഓഫ് റിക്കാർഡ്സ് എന്നിവയിൽ ഈ നേട്ടം ഔദ്യോഗികമായി രേഖപ്പെടുത്തിക്കഴിഞ്ഞു. രണ്ടു മണിക്കൂർ 22 മിനിറ്റ് 15 സെക്കൻഡുകൾകൊണ്ടാണ് 5.5 കിലോമീറ്റർ നീന്തിക്കടന്ന് എസ്തേർ റിക്കാർഡുകൾ കൈപ്പിടിയിലൊതുക്കിയത്. ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഇത്രയും ദൂരം നീന്തിക്കടന്ന കുട്ടി എന്ന നിലയിലാണ് ബഹുമതികൾ എസ്തേറിനെ തേടിയെത്തിയത്.



അവാർഡുകളുമായി എസ്തേർ.

ജീവൻരക്ഷാ സ്വിമ്മിംഗ് അക്കാദമിയും എമെർജിംഗ് വൈക്കവും ചേർന്നാണ് വേമ്പനാട്ടുകായലിൽ നീന്തൽ സംഘടിപ്പിച്ചത്. മാസങ്ങൾക്കു മുൻപ് കൊല്ലത്തു നടന്ന ഫ്രീഡം ഫെസ്റ്റിനോടനുബന്ധിച്ച് അഷ്ടമുടിക്കായൽ നീന്തിക്കടന്ന് ബെസ്റ്റ് സ്വിമ്മർ അവാർഡ് കരസ്ഥമാക്കിയ ശേഷമാണ് വേമ്പനാട്ടുകായലിൽ പ്രകടനത്തിനിറങ്ങിയത്.

ചിങ്ങവനം സ്വദേശികളായ കൃഷ്ണകുമാർ-ക്രിസ്റ്റീന ദമ്പതികളുടെ മകളാണ്. ഒരുവയസുള്ള സഹോദരൻ എസ്രയുമുണ്ട്. കുമ്മനം മീനച്ചിലാറിലെ ജീവൻരക്ഷാ സമിതിയിലാണ് പരിശീലനം. അക്കാദമിയിലെ ഗ്രാൻഡ് മാസ്റ്ററും തുറമുഖം വകുപ്പിന് കീഴിലുള്ള റെസ്ക്യൂ ടീം ലീഡറുമായ അബ്ദുൾകലാം ആസാദാണ് പരിശീലകൻ.

# പഴങ്ങളിൽ സ്ട്രിപ്പ് പേപ്പർ ടെസ്റ്റ് നിർബന്ധമാക്കി

പരവൂർ: വിപണിയിൽ ലഭിക്കുന്ന മാമ്പഴം, വാഴപ്പഴം, പപ്പായ തുടങ്ങിയവ കൃത്രിമമായി പഴുപ്പിക്കാൻ നിരോധിത രാസവസ്തുവായ കാത്സ്യം കാർബൈഡ് ഉപയോഗിക്കുന്നത് കണ്ടെത്താൻ സ്ട്രിപ്പ് പേപ്പർ ടെസ്റ്റ് നിർബന്ധമാക്കി. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന കൃത്രിമമായ പഴുപ്പിക്കൽ രീതികൾക്കെതിരെ കർശന നടപടിയെടുക്കാൻ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് എഫ്എസ്എസ്എഐ നിർദേശം നൽകി.

കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന കാൽസ്യം കാർബൈഡിൽനിന്ന് പുറത്തുവരുന്ന അസറ്റിലീൻ വാതകത്തിന്റെ സാന്നിധ്യം കണ്ടെത്താനാണ് ഈ പരിശോധന നടത്തുന്നത്.

സംശയമുള്ള പഴങ്ങൾ ഒരു അടച്ച പാത്രത്തിൽ വയ്ക്കുന്നു. ഇതിൽ പ്രത്യേക രാസവസ്തുക്കൾ (ഉദാഹരണത്തിന് പൊട്ടാസ്യം പെർമാംഗനേറ്റ്) കലർത്തിയ ഈർപ്പമുള്ള പേപ്പർ സ്ട്രിപ്പ് വയ്ക്കുന്നു. പഴങ്ങളിൽ കാർബൈഡ് ഉണ്ടെങ്കിൽ പേപ്പർ സ്ട്രിപ്പിന്റെ നിറം പെട്ടെന്ന് മാറുന്നു. ഇത് കച്ചവടക്കാരെയും മൊത്തക്കച്ചവടക്കാരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ തെളിവായി ഉപയോഗിക്കാം.

പഴങ്ങൾ വേഗത്തിൽ പഴുക്കാൻ ഉപയോഗിക്കുന്ന മസാല അഥവാ കാൽസ്യം കാർബൈഡ് മനുഷ്യ ശരീരത്തിന് അങ്ങേയറ്റം ദോഷകരമാണ്. ഛർദി, ചർമത്തിലെ അൾസർ, ശ്വാസതടസം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് കാരണമാകും. 2011-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഇതിന്റെ ഉപയോഗം പൂർണമായും നിരോധിച്ചിട്ടുണ്ട്. പഴുപ്പിക്കാൻ സുരക്ഷിതമായ മാർഗമായി എഥിലീൻ വാതകം ഉപയോഗിക്കാമെങ്കിലും പഴങ്ങൾ ഇതുമായി നേരിട്ട് സമ്പർക്കം പുലർത്താൻ പാടില്ലെന്നും നിർദേശമുണ്ട്.

# യുഎപിഎ, എൻഡിപിഎസ് കേസുകൾക്ക് പ്രത്യേക കോടതി വേണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: യുഎപിഎ കേസുകളും മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളും കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് നിരീക്ഷിച്ച് സുപ്രീംകോടതി. കേസുകളുടെ വിചാരണ നീണ്ടുപോകുന്നതിലും പ്രതികൾ അനിശ്ചിതമായി ജയിലിൽ കഴിയേണ്ടിവരുന്ന സാഹചര്യവും ചൂണ്ടിക്കാട്ടി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റീസ് ജോയ് മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ചാണ് ഇക്കാര്യം വ്യക്തമാക്കിയത്. കുറ്റാരോപണങ്ങൾ ഗൗരവകരമാണെങ്കിലും തടവുകാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

നിലവിൽ പല കോടതികളും ഒരേ സമയം വിവിധ തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതാണ് വിചാരണ വൈകാൻ പ്രധാന കാരണം. അതിനാൽ, പുതുതായി സ്ഥാപിക്കുന്ന കോടതികൾ ഈ പ്രത്യേക കേസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും വിചാരണ ആരംഭിച്ചാൽ അത് ദിവസേന എന്ന നിലയിൽ പൂർത്തിയാക്കണമെന്നും ബെഞ്ച് നിർദേശിച്ചു.

# മലയാളി ദമ്പതികൾ ഉൾപ്പെട്ട സംഘത്തിന് പുരസ്കാരം

കോട്ടയം: മലയാളി ദമ്പതികൾ ഉൾപ്പെട്ട സംഘത്തിന് ബ്രേക് ത്രൂ പ്രൈസ് ഇൻ ഫണ്ടമെന്റൽ ഫിസിക്സ് അവാർഡ്. 28 കോടിയിലധികം രൂപയുടേതാണ് പുരസ്കാരം. കോട്ടയം സൗപർണികയിൽ ഡോ. സുവർണ രാമചന്ദ്രൻ, ഭർത്താവ് കണ്ണൂർ കിളിയന്തറ പൈമറ്റത്തിൽ ഡോ. ജെമിൻ ജോർജ് എന്നിവരുൾപ്പെട്ട 300 അംഗ സംഘത്തിനാണ് പുരസ്കാരം.

മ്യൂയോൺ മാഗ്നറ്റിക് മൊമന്റിന്റെ ഏറ്റവും കൃത്യമായ അളവ് കണ്ടെത്തിയതിനാണ് അവാർഡ്. ആറ്റത്തിലെ ഇലക്ട്രോൺ പോലുള്ള കണമാണ് മ്യൂയോൺ.വൻ ഊർജപ്രവാഹമുള്ള കൂട്ടിയിടികളിലാണ് കാന്തിക സ്വഭാവമുള്ള ഇവ ഉണ്ടാകുന്നത്. എന്നാൽ, 2.2 മൈക്രോ സെക്കൻഡ് മാത്രമേ ഇതു നിലനിൽക്കൂ. സിഎംഎസ് കോളജ് മുൻ വിദ്യാർത്ഥിയായ ഡോ. സുവർണയും ഭർത്താവ് ജെമിനും ഇപ്പോൾ ബെംഗ്ളൂരു അലയൻസ് യൂണിവേഴ്സിറ്റിയിൽ പ്രഫസർമാരാണ്.






# അൾത്താര ശുശ്രൂഷാ പദവിയിലേക്ക് കുഞ്ഞുങ്ങളെ ഉയർത്തി ഡാളസ് ഇടവക



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിൽ പതിമൂന്ന് കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു. നിരന്തരമായ പരിശീലനത്തിലൂടെയും ആത്മീയമായി ഒരുക്കത്തിലൂടെയുമാണ് കുട്ടികളെ ഈ ശുശ്രൂഷയിലേക്ക് പ്രവേശിപ്പിച്ചത്.

**ജോക്കുട്ടി മേലേടത്ത്**

എയ്ഡൻ കളരിക്കൽ, ജെയ്മി കുഴിപ്പിൽ, എയ്ഡൻ കടവിൽ, ക്രിസ്റ്റഫർ പോട്ടൂർ, ഐസക് ചാമക്കാല, എയ്ഡൻ പൂതക്കാട്ട്, നോയൽ പച്ചിക്കര, എയ്ഡൻ പൗവത്തേൽ, ജോൺ പഴയിടത്ത്, സേവ്യർ വില്ലൂത്തറ, ഐസയ അത്തിമറ്റത്തിൽ, എമ്മാനുവേൽ വില്ലൂത്തറ, നിയൽ ചെമ്മാച്ചേൽ എന്നിവരാണ് ശുശ്രൂഷയ്ക്കായി പരിശീലനം പൂർത്തിയാക്കി അൾത്താര ശുശ്രൂഷകരായി മാറിയത്.

തിരുക്കർമ്മങ്ങൾ ഞായറാഴ്ച രാവിലെ 9.30-ന് മാതാപിതാക്കളുമൊന്നിച്ചുള്ള പ്രദക്ഷിണത്തോടെ ആരംഭിച്ചു. ഇവരെ പ്രത്യേകം പ്രാർത്ഥിച്ച് ഒരുക്കിയ മാതാപിതാക്കളെ വികാരി ഫാ. ബിൻസ് ചേത്തലിൽ അഭിനന്ദിച്ചു. ഇടവകയ്ക്കു മുഴുവനും ഒരു നവ്യാനുഭവമായിരുന്നു ഈ തിരുക്കർമ്മങ്ങൾ.

# ഐസിയു പ്രവർത്തനം: കർമപദ്ധതി തയാറാക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: ആശുപത്രികളിലെ തീവ്രപരിചരണ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തര കർമപദ്ധതികൾ തയാറാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദേശം നൽകി സുപ്രീംകോടതി.

പൊതുവായ ഒരു ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിലുള്ള ബ്ലൂപ്രിന്റ് തയാറാക്കുന്നതിനായി മൂന്നാഴ്ച കോടതി അനുവദിച്ചു. ഇതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും ആരോഗ്യ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിമാരോ അഡീഷണൽ ചീഫ് സെക്രട്ടറിമാരോ വിദഗ്ധരുടെ യോഗം വിളിച്ച് പ്രായോഗിക കർമപദ്ധതി തയാറാക്കാൻ ജസ്റ്റിസുമാരായ എ. അമാനുള്ള, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

ഐസിയു സേവനങ്ങളുടെ ഓർഗനൈസേഷനും ഡെലിവറിക്കുമുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന സമവായ രേഖ കോടതി ഔദ്യോഗികമായി അംഗീകരിച്ചു. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഉപദേശമായി അയക്കാനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് കോടതി നിർദേശിച്ചു.

ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനതല യോഗങ്ങൾ പൂർത്തിയാക്കി, മനുഷ്യവിഭവശേഷി, ഉപകരണങ്ങൾ, ലോജിസ്റ്റിക്സ് എന്നിവയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട അഞ്ച് മുൻഗണനാ വിഷയങ്ങൾ തിരിച്ചറിയണം.

ഈ മാനദണ്ഡങ്ങൾ താഴെത്തട്ടിൽ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക രീതികളും അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള നിരീക്ഷണ സംവിധാനവും സംസ്ഥാനങ്ങൾ ഒരുക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു.

സംസ്ഥാനതല റിപ്പോർട്ടുകൾ ലഭിച്ചശേഷം കേന്ദ്ര ആരോഗ്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംയുക്ത യോഗം ചേർന്ന് അന്തിമ കരട് തയാറാക്കി കോടതിയിൽ സമർപ്പിക്കണം. മൂന്നാഴ്ചയ്ക്കുള്ളിൽ നടപടികളെല്ലാം പൂർത്തിയാക്കണം. അടുത്ത മാസം 18-ന് കേസ് വീണ്ടും പരിഗണിക്കും.

നേഴ്സിംഗ് ജീവനക്കാരുടെ പരിശീലനം മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിനെയും പാരാമെഡിക്കൽ കൗൺസിലിനെയും കേസിൽ കക്ഷികളായി കോടതി ചേർത്തു.

ഐസിയു സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുന്ന തരത്തിൽ കോഴ്സുകളും പരിശീലനവും എങ്ങനെ പരിഷ്കരിക്കാമെന്ന പദ്ധതി സമർപ്പിക്കാൻ ഇരുവരോടും കോടതി ആവശ്യപ്പെട്ടു.

# ഡാളസിൽ അന്തരിച്ച സാറാമ്മ ജോർജിന്റെ സംസ്കാരം മെയ് ഒന്നിന് വെള്ളിയാഴ്ച



ഡാളസ്: ഡാളസിൽ അന്തരിച്ച പതിയൂർ കണ്ണിമേൽ പുത്തൻവീട്ടിൽ ജോർജിന്റെ ഭാര്യ സാറാമ്മ (അമ്മിണി) ജോർജിന്റെ സംസ്കാരം മെയ് ഒന്നിന് വെള്ളിയാഴ്ച നടത്തപ്പെടും. രാവിലെ 9 മണി മുതൽ 12 മണി വരെ പ്രാർത്ഥനാശുശ്രൂഷകളും പൊതുദർശനവും സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് പള്ളിയിൽ (1627 E. Shady Grove Rd, Irving, TX 75060) നടത്തപ്പെടുന്നതാണ്. തുടർന്ന് ഓക്ക് ഗ്രോവ് മെമ്മോറിയൽ ഗാർഡൻസ് സെമിത്തേരിയിൽ (1413 E. Irving Blvd, Irving, TX 75060) സംസ്കാരം നടക്കും.

മാതാപിതാക്കൾ: പള്ളിപ്പാട് കടക്കൽ പരേതരായ കോശിയും പെണ്ണമ്മയും. മക്കൾ: ജോൺ ജോർജ് (ബിജു), ബിനു ജോർജ്. മരുമക്കൾ: ഡെൻസി, ജീന. കൊച്ചുമക്കൾ: നിക്കോളാസ്, കെവിൻ, ഐസക്. സഹോദരങ്ങൾ: കുര്യൻ കോശി, തമ്പി കുര്യൻ, ഫാ. അലക്സാണ്ടർ ജെ. കുര്യൻ (വാഷിങ്ടൺ ഡിസി), ലില്ലി കുര്യൻ (എല്ലാവരും അമേരിക്കയിൽ).

# ആരോഗ്യസൊസൈറ്റിയിൽ വ്യാപക ചട്ടലംഘനങ്ങൾ

കോട്ടയം: ആരോഗ്യമന്ത്രി തലവനായ സഹകരണസംഘത്തിൽ വ്യാപക ചട്ടലംഘനങ്ങൾ. സർക്കാർ ആശുപത്രികളിലെ സൗകര്യം മെച്ചമാക്കാൻ രൂപവത്കരിച്ച കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി (കെഎച്ച്ആർഡബ്ല്യുഎസ്) യിലാണ് ക്രമക്കേട്. ടെൻഡറോ ക്വട്ടേഷനോ ധനവകുപ്പിന്റെ അനുമതിയോ ഇല്ലാതെ സാധനങ്ങൾ വാങ്ങുക, പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം കരാർ തയ്യാറാക്കുക, ഉയർന്ന തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങുക തുടങ്ങിയ ഗുരുതര വിഷയങ്ങളാണ് സംസ്ഥാന ഓഡിറ്റ് വിഭാഗം കണ്ടെത്തിയത്.

കരാറിലുള്ള എക്സിജന്റ് ജീവനക്കാർക്ക് രണ്ടുവർഷം ശമ്പളം നൽകിയതിന് 58.3 ലക്ഷം രൂപ ചെലഴിച്ചതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിലുണ്ട്. എന്നാൽ, ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളോ കരാറിന്റെ വിശദാംശങ്ങളോ ജോലിചെയ്യുന്ന യൂണിറ്റുകളുടെ വിവരങ്ങളോ ഓഡിറ്റിന് കൈമാറിയില്ല.

സാധനങ്ങൾ വാങ്ങിക്കൂട്ടിയതിനു രേഖകൾ ഇല്ലാത്തതിനാലും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കാത്തതിനാലും 4.42 കോടി രൂപയുടെ വിനിയോഗം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തി.

പേ-വാർഡുകളിലും ലാബുകളിലും സൗകര്യമൊരുക്കുന്നതിന് 2022-23, 2023-24 വർഷം 40.23 ലക്ഷം രൂപയുടെ സാധനങ്ങൾ വാങ്ങിയിരുന്നു. ഇതിന്റെ രേഖകൾ ഇല്ല.

സൊസൈറ്റിയുടെ സേവനങ്ങളെപ്പറ്റിയുള്ള പരസ്യങ്ങൾ കൊടുക്കുന്നത് തമിഴ്നാട്ടിലെ ദിനപത്രങ്ങളിലാണ്. സംസ്ഥാനത്തിനുപുറത്ത് പരസ്യം നൽകുന്നതിന്റെ ഗുണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടിയുണ്ടായില്ല. ലാബിലേക്കും ആശുപത്രികളിലേക്കും വിവിധ സ്ഥാപനങ്ങളിൽനിന്ന് മൂന്നുകോടി രൂപ മുടക്കി വാങ്ങിയ സാധനങ്ങൾക്ക് ടെൻഡർ വിളിച്ചതിന് രേഖയില്ല. കത്തുനൽകിയെങ്കിലും അവഗണിച്ചു.

# ഇന്ധനവില വർധിപ്പിക്കില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ഇന്ത്യയിൽ പെട്രോൾ, ഡീസൽവില വർധിപ്പിക്കാൻ യാതൊരു ആലോചനയുമില്ലെന്നു കേന്ദ്ര സർക്കാർ. നിയമസഭാ തെരഞ്ഞെടുപ്പുകൾക്കു പിന്നാലെ ഇന്ധനവില ലിറ്ററിന് 25 മുതൽ 28 രൂപ വരെ വർധിപ്പിച്ചേക്കുമെന്ന റിപ്പോർട്ടുകൾ കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം തള്ളി.

തെരഞ്ഞെടുപ്പ് ഫലത്തിനു പിന്നാലെ ഇന്ധനവില കുത്തനെ കൂട്ടുമെന്ന വാർത്തകൾ ജനങ്ങൾക്കിടയിൽ ഭീതി പരത്താൻ ലക്ഷ്യമിട്ടുള്ളതാണെന്നും ഇത്തരം തെറ്റായ പ്രചാരണങ്ങളിൽ വീഴരുതെന്നും മന്ത്രാലയം എക്സിൽ പങ്കുവെച്ച പോസ്റ്റിൽ വ്യക്തമാക്കി.


രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില ബാരലിന് 120 ഡോളറിനു മുകളിൽ തുടരുന്ന സാഹചര്യത്തിൽ വലിയൊരു വിലവർധന അനിവാര്യമാണെന്നായിരുന്നു കൊട്ടക് ഇൻസ്റ്റിറ്റ്യൂഷണൽ ഇക്വിറ്റീസ് ചൂണ്ടിക്കാട്ടിയത്. ഈ റിപ്പോർട്ടാണു കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം തള്ളിക്കളഞ്ഞത്.

ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽഗതാഗതം തടസപ്പെട്ടത് ആഗോള എണ്ണവിപണിയെ സാരമായി ബാധിച്ചെങ്കിലും ഇന്ത്യയിലെ ഉപയോക്താക്കളെ ഇതിൽനിന്നു സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

കഴിഞ്ഞ നാല് വർഷമായി പെട്രോൾ, ഡീസൽ വില വർധിപ്പിക്കാത്ത ഏക രാജ്യം ഇന്ത്യയാണെന്നും പൊതുമേഖലാ എണ്ണക്കമ്പനികളുമായി സഹകരിച്ച് വിലക്കയറ്റം തടയാൻ സാധിക്കുന്നുണ്ടെന്നും മന്ത്രാലയം അവകാശപ്പെട്ടു. നിലവിൽ ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ ഇന്ധനവില മാറ്റമില്ലാതെ തുടരുകയാണ്.

ജനങ്ങൾ ഔദ്യോഗിക വിവരങ്ങൾക്കായി സർക്കാർ പോർട്ടലുകളെ മാത്രം ആശ്രയിക്കണമെന്ന് മന്ത്രാലയം എക്സിൽ കുറിച്ചു.

# ജോൺ കെ. തോമസ് അന്തരിച്ചു



ഡെസ്പ്ലെയിൻസ്: ചിക്കാഗോ മാർത്തോമ്മാ ചർച്ചിലെ ഏരിയ 3 അംഗവും കുറ്റപ്പുഴ ജെറുസലേം മാർത്തോമ്മാ ഇടവകാംഗവുമായ കൊച്ചുപറമ്പിൽ ടി. ജോൺ (ജോൺ കെ. തോമസ്-തങ്കച്ചായൻ-83) ചിക്കാഗോയിൽ അന്തരിച്ചു. പരേതരായ കെ.പി. തോമസിന്റെയും സാറാമ്മ തോമസിന്റെയും മകനാണ്. ഭാര്യ മറിയാമ്മ ജോൺ. മക്കൾ: തോമസ് ജോൺ, ഷീന മാത്യു, സ്റ്റാഷ് ജോൺ. മരുമകൻ: ഷിജി മാത്യു. സഹോദരങ്ങൾ: പരേതയായ സാറാമ്മ ഡാനിയൽ (തിരുവല്ല), കെ.ടി. ഫിലിപ്പോസ് (കൊച്ചി), പരേതനായ തോമസ് കെ. തോമസ് (യുഎസ്), ഫിലിപ്പോസ് തോമസ്(യുഎസ്), ജേക്കബ് തോമസ് (യുഎസ്).

പൊതുദർശനവും സംസ്കാര ശുശ്രൂഷകളും 27-ന് തിങ്കളാഴ്ച ചിക്കാഗോ മാർത്തോമ്മാ പള്ളിയിൽ (The Chicago Marthoma Church, 240 Potter Road, Des Plaines, IL 60016) വെച്ച് നടക്കും. 9 മുതൽ 10 വരെ പൊതുദർശനം. തുടർന്ന് 12 മണിയോടെ നീൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ (Maryhill Catholic Cemetery, 8600 N. Milwaukee Ave, Niles, IL 60714) സംസ്കാരം നടക്കും.

# വിലക്കയറ്റത്തോത് ഉയർന്നു; നികുതി വരുമാനത്തിൽ വർധന നാമമാത്രം

തിരുവനന്തപുരം: വിലക്കയറ്റത്തോത് കുത്തനെ ഉയർന്നിട്ടും കേരളത്തിന്റെ നികുതി വരുമാനത്തിൽ നാമമാത്രമായ വളർച്ച മാത്രമെന്നു റിപ്പോർട്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ഫെബ്രുവരി വരെയുള്ള കണക്കുകൾ പ്രകാരം ജിഎസ്ടി വരുമാനത്തിൽ 2.96 ശതമാനം വളർച്ച മാത്രമാണ് കേരളത്തിനു നേടാനായതെന്നാണ് റിപ്പോർട്ട്. ഒരു വർഷത്തിനിടെ 4.5 ശതമാനമാണ് വിലക്കയറ്റത്തോത് രേഖപ്പെടുത്തിയത്. ദേശീയ ശരാശരി എട്ടു ശതമാനത്തിനു മുകളിൽ നിൽക്കുമ്പോഴാണ് കേരളത്തിന്റെ ചരക്കുസേവന നികുതി വരുമാനം മൂന്നു ശതമാനത്തിൽ താഴെ നിൽക്കുന്നത്.

2025 ഏപ്രിൽ മുതൽ 2026 ഫെബ്രുവരി വരെയുള്ള 11 മാസത്തെ കണക്കനുസരിച്ച് പെട്രോൾ, ഡീസൽ വിൽപ്പനയിലും ബിവറേജസ് കോർപറേഷൻ വഴിയുള്ള മദ്യ വിൽപ്പനയിലും 5.60 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയത്. കേരളത്തിന്റെ വരുമാനത്തിന്റെ 45 ശതമാനവും ലഭിക്കുന്നത്, മദ്യത്തിന്റെയും പെട്രോൾ, ഡീസലിന്റെയും വിൽപ്പനയിലൂടെയാണ്. മദ്യത്തിന്റെ വിൽപ്പനയിലൂടെ സംസ്ഥാന നികുതി വരുമാനത്തിന്റെ 25 ശതമാനം തുക ലഭിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ഇന്ത്യ ഇലക്ട്രിക്കൽ വാഹന വിപണിയിലേക്കു നീങ്ങുമ്പോൾ പെട്രോൾ, ഡീസൽ വരുമാനത്തെയും ഏറെ സാമൂഹിക പ്രത്യാഘാതമുണ്ടാക്കുന്ന മദ്യത്തിൽനിന്നുള്ള നികുതിയേയും അമിതമായി ആശ്രയിക്കുന്നതു വരും വർഷങ്ങളിൽ കേരളത്തെ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്കു നയിക്കുമെന്നാണ് റിപ്പോർട്ടിലെ വിലയിരുത്തൽ. ജിഎസ്ടി വരുമാനം വർധിപ്പിക്കുന്നതിലൂടെ മാത്രമേ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഒരു പരിധി വരെ മുന്നോട്ടു പോകാനാകൂ എന്ന വാദവുമുണ്ട്. വരുന്ന സർക്കാരുകളും ഇക്കാര്യത്തിൽ ഏറെ ശ്രദ്ധ പുലർത്തേണ്ടി വരും.

എന്നാൽ, കേരളത്തിലെ ജിഎസ്ടി പിരിവ് 9.41 ശതമാനം വർധിച്ചെങ്കിലും കേരളത്തിന്റെ ഖജനാവിലേക്ക് എത്തുന്ന ജിഎസ്ടി വരുമാനം ഉയരാത്തതിനു കാരണം കേന്ദ്രം നൽകേണ്ട ഐജിഎസ്ടിയിലെ കുറവാണെന്നാണ് കേരളത്തിന്റെ വാദം. കേന്ദ്രം തടഞ്ഞുവെച്ച തുകകൾ അടക്കം കേരളത്തിന്റെ വരുമാനത്തെ ബാധിച്ചു. 100 കോടിയിലേറെ രൂപ തടഞ്ഞതിലുണ്ട്.

അതേസമയം, വ്യാപാര മേഖലയിൽ പുതിയ ജിഎസ്ടി രജിസ്ട്രേഷനുകൾ വരുമ്പോൾ ഇതിൽ കൂടുതൽ നിലവിലുള്ള രജിസ്ട്രേഷനുകൾ റദ്ദാക്കപ്പെടുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ ഫെബ്രുവരിയിൽ 3,246 പുതിയ രജിസ്ട്രേഷനുകൾ നടന്നപ്പോൾ 3,563 എണ്ണം റദ്ദാക്കപ്പെട്ടതായും ജിഎസ്ടി വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

# ഇന്ത്യൻ വിദ്യാർത്ഥികളുടെ വിദേശപഠനത്തിൽ വൻ വർധന

പരവൂർ: ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ വർധന. 2016-ൽ 6.8 ലക്ഷമായിരുന്ന വിദ്യാർത്ഥികളുടെ എണ്ണം 2024-ൽ 13.35 ലക്ഷമായി ഉയർന്നു. വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം അന്താരാഷ്ട്ര വിദ്യാഭ്യാസത്തിനായി ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ അയക്കുന്ന സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശാണ് ഒന്നാമത്. പഞ്ചാബ്, മഹാരാഷ്ട്ര എന്നിവയാണ് തൊട്ടുപിന്നാലെയുള്ളത്. പട്ടികയിൽ ഏഴാം സ്ഥാനത്താണ് കേരളം.

വിദേശകാര്യ മന്ത്രാലയത്തിന്റെ ഡാറ്റ പ്രകാരം 2020-ൽ മാത്രം ആന്ധ്രയിൽനിന്ന് 35,614 വിദ്യാർത്ഥികൾ വിദേശത്തേക്കു പോയി. പഞ്ചാബിൽ നിന്ന് 33,412 പേരും മഹാരാഷ്ട്രയിൽ നിന്ന് 29,079 പേരും വിദേശ പഠനം തെരഞ്ഞെടുത്തു. മുൻവർഷങ്ങളിൽ രണ്ടാം സ്ഥാനത്തായിരുന്ന മഹാരാഷ്ട്രയെ പിന്തള്ളിയാണ് പഞ്ചാബ് ഇത്തവണ രണ്ടാമതെത്തിയത്. ഗുജറാത്ത് (23,156), ഡൽഹി (18,482), തമിഴ്നാട് (15,564) എന്നിവരാണ് നാലും അഞ്ചും ആറും സ്ഥാനങ്ങളിൽ. കേരളത്തിൽ നിന്ന് 15,277 വിദ്യാർത്ഥികളാണ് ഇതേ കാലയളവിൽ വിദേശത്തേക്കു പറന്നത്.

യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, യുകെ, ഓസ്ട്രേലിയ എന്നിവയാണ് ഇന്ത്യൻ വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട ലക്ഷ്യസ്ഥാനങ്ങൾ. ഇതിൽത്തന്നെ യുകെയിലേക്കും കാനഡയിലേക്കും പോകുന്നവരുടെ എണ്ണത്തിൽ വലിയ വർധനയുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ 2020-ൽ അപേക്ഷകരുടെ എണ്ണത്തിൽ നേരിയ കുറവുണ്ടായെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായത്. ഇന്ത്യയിലേക്ക് പഠനത്തിനായി എത്തുന്ന വിദേശ വിദ്യാർത്ഥികളേക്കാൾ പതിന്മടങ്ങ് കൂടുതലാണ് ഇന്ത്യയിൽനിന്ന് പുറത്തേക്ക് പോകുന്നവരുടെ എണ്ണമെന്ന് നീതി ആയോഗിന്റെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

# വ്യാപാര – നിക്ഷേപ സഹകരണം ദൃഢമാക്കാൻ ഇന്ത്യയും ഖത്തറും

ന്യൂഡൽഹി: പശ്ചിമേഷ്യ സംഘർഷത്തെത്തുടർന്നു തടസപ്പെട്ട ഉഭയകക്ഷി വ്യാപാരം സാധാരണനിലയിലാക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി ഇന്ത്യയും ഖത്തറും.

വ്യാപാര-നിക്ഷേപ ബന്ധം ദൃഢമാക്കാനും വിതരണശൃംഖല സുഗമമാക്കാനുമുള്ള മാർഗങ്ങളെ കുറിച്ച് ഇരു രാജ്യങ്ങളും ചർച്ച നടത്തി. കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയലും ഖത്തർ വിദേശകാര്യ സഹമന്ത്രി അഹമ്മദ് ബിൻ മുഹമ്മദ് അൽ സയീദും തമ്മിലായിരുന്നു വെർച്ചലായി നടന്ന ആശയവിനിമയം. ഭാവിയിൽ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ ആഗ്രഹിക്കുന്നതായി ഇരുനേതാക്കളും വ്യക്തമാക്കി.

2024-25-ൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 1400 കോടി ഡോളറായിരുന്നത് നാലു വർഷത്തിനുള്ളിൽ ഇരട്ടിയാക്കാൻ ആലോചിക്കുന്നതായി നേതാക്കൾ സൂചിപ്പിച്ചു. ഇതിനു പുറമേ സമഗ്ര സാമ്പത്തിക പങ്കാളിത്തക്കരാറിൽ ഏർപ്പെടുന്നതും ചർച്ചയായെന്നു സാമൂഹിക മാധ്യമക്കുറിപ്പിൽ പീയൂഷ് ഗോയൽ പറഞ്ഞു. വ്യാപാര, വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സൗദി അറേബ്യ, യുഎഇ, ബഹ്റൈൻ, കുവൈത്ത് ഉൾപ്പെടെയുള്ള ഗൾഫ് സഹകരണ കൗൺസിൽ (ജിസിസി) അംഗരാജ്യങ്ങളിലെ മന്ത്രിമാരുമായി ഗോയൽ അടുത്തിടെ ചർച്ചകൾ നടത്തിയിരുന്നു. ജിസിസിയുമായി സ്വതന്ത്ര വ്യാപാരക്കരാർ ഒപ്പിടാനുള്ള ഇന്ത്യയുടെ നീക്കത്തിനു ഗതിവേഗം പകരുന്നതാണിത്.

# ബ്രിക്സ് ടയർ2 സമ്മേളനത്തിൽ ചാണ്ടി ഉമ്മൻ

മോസ്കോ: ആഗോള ആരോഗ്യരംഗത്ത് പുതിയ ദിശാബോധം സൃഷ്ടിക്കുന്ന നിർണായക ചർച്ചകൾക്ക് വേദിയായി റഷ്യയിൽ നടന്ന ബ്രിക്സ് രാജ്യങ്ങളുടെ ടയർ-2 സമ്മേളനം. റഷ്യൻ പാർലമെന്റിന്റെ അധോസഭയായ സ്റ്റേറ്റ് ഡ്യൂമയിൽ നടന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കൊപ്പം ചാണ്ടി ഉമ്മൻ എംഎൽഎയും പങ്കെടുത്തു.



ഡ്യൂമയിൽ നടന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കൊപ്പം ചാണ്ടി ഉമ്മൻ.

ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കിയ ചാണ്ടി രോഗചികിത്സയിൽ ഒതുങ്ങാതെ, ആരോഗ്യസംരക്ഷണത്തിലും ജീവിതശൈലി മാറ്റങ്ങളിലുമാണ് ഭാവിലോകം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതെന്നു പറഞ്ഞു.

ബ്രിക്സ് രാജ്യങ്ങൾ ചേർന്ന് പ്രിവന്റീവ് ആൻഡ് ട്രഡീഷണൽ മെഡിസിൻ സെന്റർ രൂപവൽക്കരിക്കാൻ സമ്മേളനം തീരുമാനിച്ചു.

സംയുക്ത ഗവേഷണം, ഔഷധസസ്യങ്ങളുടെ ശാസ്ത്രീയപഠനം, പരിശീലന-വിദ്യാഭ്യാസ സഹകരണം, മുൻകരുതൽ ആരോഗ്യ രീതികളുടെ വ്യാപനം എന്നിവയ്ക്ക് ഈ കേന്ദ്രം വഴിതുറക്കും.







# മൊബൈൽ റീ ചാർജിനും ഇനി വാട്സ് ആപ്പ്

പരവൂർ: ജനപ്രിയ മെസേജിംഗ് ആപ്പായ വാട്സാപ്പിൽ ഇനി മുതൽ മൊബൈൽ റീച്ചാർജ് സേവനവും ലഭ്യമാകും.

പ്രീപെയ്ഡ് വരിക്കാർക്ക് ആപ്പിനുള്ളിൽ നിന്ന് തന്നെ പ്ലാനുകൾ തെരഞ്ഞെടുക്കാനും പണമടയ്ക്കാനുമുള്ള സൗകര്യമാണ് മെറ്റ അവതരിപ്പിച്ചിരിക്കുന്നത്. പ്രമുഖ ഫിൻടെക് പ്ലാറ്റ്ഫോമായ പേ യുവുമായി (പേ യു) സഹകരിച്ചാണ് ഈ സേവനം ഒരുക്കിയിരിക്കുന്നത്.

ഇന്ത്യയിലെ പ്രമുഖ ടെലികോം സേവനദാതാക്കളായ ജിയോ, എയർടെൽ, വിഐ എന്നിവയുടെ വരിക്കാർക്ക് ഈ സേവനം ഉപയോഗിക്കാം. ഉപഭോക്താക്കൾക്ക് സ്വന്തം നമ്പരോ സുഹൃത്തുക്കളുടെയോ കുടുംബാംഗങ്ങളുടെയോ നമ്പരുകളോ വാട്സാപ്പിലൂടെതന്നെ റീച്ചാർജ് ചെയ്യാം. പേയ്മെന്റ് വിഭാഗം വേഗത്തിൽ കണ്ടെത്തുന്നതിനായി ആപ്പിന്റെ ഹോം സ്ക്രീനിൽ പ്രത്യേക രൂപ (₹) ഐക്കണും വാട്സാപ്പ് പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മൊബൈൽ റീച്ചാർജ് പോലുള്ള ദൈനംദിന ആവശ്യങ്ങൾക്കായി ഉപഭോക്താക്കൾ മറ്റ് ആപ്പുകളെ ആശ്രയിക്കുന്നത് ഒഴിവാക്കി വാട്സാപ്പിൽ തന്നെ എല്ലാം ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് മെറ്റ ഇന്ത്യ അധികൃതർ പറഞ്ഞു. എംബഡഡ് പേയ്മെന്റ് സംവിധാനത്തിലൂടെ ഇടപാടുകൾ കൂടുതൽ ലളിതവും വേഗത്തിലുമാക്കാൻ ഈ പങ്കാളിത്തം സഹായിക്കുമെന്ന് പേ യു അധികൃതരും വ്യക്തമാക്കി.

റീച്ചാർജ് ചെയ്യേണ്ട വിധം: വാട്സാപ്പ് തുറന്ന് ഹോം സ്ക്രീനിലെ ₹ ഐക്കണിൽ ടാപ്പ് ചെയ്യുക.

മൊബൈൽ പ്രീപെയ്ഡ് റീച്ചാർജ് ഓപ്ഷൻ തെരഞ്ഞെടുക്കുക.

റീച്ചാർജ് ചെയ്യേണ്ട നമ്പർ നൽകി ഓപ്പറേറ്ററെ സ്ഥിരീകരിക്കുക.

ലഭ്യമായ പ്ലാനുകളിൽനിന്ന് അനുയോജ്യമായത് തെരഞ്ഞെടുക്കുക.

യുപിഐ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ എന്നിവ ഉപയോഗിച്ച് പണമടയ്ക്കാം.

ആൻഡ്രോയിഡ്, ഐഒഎസ് ഉപഭോക്താക്കൾക്ക് ഘട്ടം ഘട്ടമായി ഈ സേവനം ഉടൻ ലഭ്യമായിത്തുടങ്ങും.

# സാമൂഹികതിന്മയിൽ പരിഷ്കരണമാകാമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ചില സാമൂഹിക തിന്മകൾക്കെതിരെ നടപടി വേണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സാമൂഹിക പരിഷ്കരണം നടത്താൻ ഭരണകൂടത്തിന് അധികാരമുണ്ടെന്ന് സുപ്രീംകോടതി. എന്നാൽ, അതിന് പൊതുവായ മാർഗരേഖയുണ്ടാക്കൽ സാധ്യമല്ലെന്നും ഓരോ കേസും വെവ്വേറെ പരിശോധിക്കേണ്ടിവരുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി. ശബരിമലവിഷയം പരിശോധിക്കുന്ന ഒമ്പതംഗ ബെഞ്ചിലെ വാദത്തിനിടെയാണ് ചീഫ് ജസ്റ്റിസിന്റെ പരാമർശമുണ്ടായത്. സാമൂഹിക പരിഷ്കരണം നടത്താൻ ഭരണഘടനയുടെ 25 (2) (ബി) വകുപ്പുപ്രകാരം ഭരണകൂടത്തിന് അധികാരമുണ്ട്. ജനങ്ങളുടെ ഹിതമാണ് ഭരണകൂടം പ്രതിനിധാനം ചെയ്യുന്നത്. അതിനാൽ ജനങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ചില സാമൂഹിക തിന്മകളിൽ പരിഷ്കരണത്തിലൂടെ ഇടപെടാൻ ഭരണകൂടത്തിന് അധികാരമുണ്ട്. എന്നാൽ, പരിഷ്കരണത്തിന്റെ പേരിൽ മതാചാരങ്ങളിൽ ഇടപെടലാകുമോയെന്ന് ഭാവിയിൽ പരിശോധിക്കാൻ പൊതുവായ മാർഗരേഖയുണ്ടാക്കാനാവില്ല. ഓരോ കേസിലെയും വസ്തുതകൾ വെവ്വേറെ പരിശോധിക്കേണ്ടിവരുമെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീകളെ പ്രവേശിപ്പിക്കാൻ നിയമമുണ്ടാക്കിയാൽ അത് 25(2) (ബി) വകുപ്പുപ്രകാരം സാമൂഹിക പരിഷ്കരണത്തിന്റെ പരിധിയിൽ വരുമോയെന്ന് ജസ്റ്റിസ് ബി.വി. നാഗരത്ന ചോദ്യമുന്നയിച്ചു. അങ്ങനെ ചെയ്യുന്നത് മതാചാരത്തിന്മേലുള്ള കടന്നുകയറ്റമാകുമോയെന്നും ആ പരിഷ്കരണം നിയമപരമായി നിലനിൽക്കുമോയെന്നും ജസ്റ്റിസ് നാഗരത്ന ചോദിച്ചു. അത്തരം സാഹചര്യങ്ങളിലും ആചാരങ്ങളുടെ സ്വഭാവവും അടിസ്ഥാനവും കോടതികൾ ശ്രദ്ധാപൂർവം പരിശോധിക്കണമെന്ന് മുതിർന്ന അഭിഭാഷകൻ ഗോപാൽ സുബ്രഹ്മണ്യം ചൂണ്ടിക്കാട്ടി. ആരെയെങ്കിലും ഒഴിവാക്കുന്നത് പുരാതനമായ പൈതൃകമോ ആചാരമോ ആണോയെന്ന് പരിശോധിക്കണം. അത്തരം ആചാരങ്ങൾ എടുത്തുകളയാനാവില്ല. ഭരണകൂടത്തിനു സാമൂഹിക ക്ഷേമവും പരിഷ്കരണവും മുൻനിർത്തി നിയമനിർമാണം നടത്താനുള്ള അധികാരത്തെ മതസ്വാതന്ത്ര്യത്തിലേക്ക് കടന്നുകയറാനായി ഉപയോഗിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

# എ.കെ. പ്രീത ഹൈക്കോടതി ജഡ്ജി



ന്യൂഡൽഹി: അഡ്വ. എ.കെ. പ്രീതയെ കേരള ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായി നിയമിച്ചു. രണ്ടുവർഷത്തേക്കാണ് നിയമനം. തിരുവനന്തപുരം ലോ അക്കാദമിയിൽനിന്ന് നിയമബിരുദം നേടിയ പ്രീത 29 വർഷമായി കേരള ഹൈക്കോടതി, ലേബർ കോടതി, ഇൻഡസ്ട്രിയൽ ട്രീബ്യൂണൽ എന്നിവിടങ്ങളിൽ പ്രാക്ടീസ് ചെയ്തുവരുകയായിരുന്നു. ഇടുക്കി പീരുമേട് ചെന്തിലകം പരേതനായ അഡ്വ. ബി.ആർ. അരവിന്ദൻ നായരുടെയും കൃഷ്ണമ്മയുടെയും മകളാണ്. എറണാകുളം ഗവ. ലോ കോളജ് റിട്ട. അസോസിയേറ്റ് പ്രൊഫസറും കാഞ്ഞിരപ്പള്ളി സെയ്ന്റ് ഡൊമിനിക് കോളജ് ഓഫ് ലോ പ്രിൻസിപ്പലുമായ ഡോ. എസ്. എസ്. ഗിരിശങ്കറാണ് ഭർത്താവ്. പ്രീതയുടെ പേരിനൊപ്പം കേരള ഹൈക്കോടതിയിലേക്ക് സുപ്രീംകോടതി കൊളീജിയം ശിപാർശചെയ്ത അഡ്വ. ലിസ് മാത്യുവിന്റെ നിയമനത്തിൽ തീരുമാനമായില്ല.

# ചിക്കാഗോയിൽ അന്തരിച്ച ചെമ്മാന്തറ ജെയിംസ് ജോണിന്റെ സംസ്കാരം ഏപ്രിൽ 28-ന് ചൊവ്വാഴ്ച



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച കിടങ്ങൂർ ചെമ്മാന്തറ ജെയിംസ് ജോണിന്റെ (75) സംസ്കാര ചടങ്ങുകൾ ഏപ്രിൽ 28-ന് ചൊവ്വാഴ്ച നടത്തപ്പെടും. മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ (7800 Lyons St, Morton Grove, IL 60053) രാവിലെ 7.30 മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ (8600 N. Milwaukee Ave, Niles, IL 60714) സംസ്കാരം നടക്കും.

ഭാര്യ ലൂസി കുറുപ്പന്തറ കണ്ടാരപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ജോൺസൺ ചെമ്മാന്തറ & തുഷാര (പുത്തൻപറമ്പിൽ, മള്ളുശേരി), നിമ്മി & അനൂപ് ഒഴുങ്ങാലിൽ (ചുള്ളിക്കര), നീതു & മാത്യു വട്ടക്കളം (ചുങ്കം) എല്ലാവരും ചിക്കാഗോയിൽ. സഹോദരങ്ങൾ: അലക്സ് & ബ്ലെസ്സി, മാത്തുക്കുട്ടി & അനിത, സിബി & ഗീത, റ്റോമി & മേഴ്സി, സെൽവി & പരേതനായ ഫെലിക്സ് നീലേട്ട്, സ്നേഹ & റ്റോണി ചിലമ്പത്ത്.

# ഭീകരവാദത്തിന്റെ എല്ലാ രൂപങ്ങളെയും പരാജയപ്പെടുത്തും: രാഷ്ട്രപതി

ന്യൂഡൽഹി: ഭീകരവാദത്തെ അതിന്റെ എല്ലാ രൂപങ്ങളിലും പരാജയപ്പെടുത്താനുള്ള ദൃഢനിശ്ചയത്തിൽ ഇന്ത്യ ഉറച്ചുനിൽക്കുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. 26 പേരുടെ ജീവൻ കവർന്ന പഹൽഗാം ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിൽ ഇരകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് സമൂഹമാധ്യമത്തിൽ കുറിച്ച പോസ്റ്റിലാണ് രാഷ്ട്രപതി ഇക്കാര്യം പറഞ്ഞത്.

ഭീകരതയ്ക്കു മുന്നിൽ ഇന്ത്യ ഒരിക്കലും തല കുനിക്കില്ലെന്ന് പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയും സമൂഹമാധ്യമത്തിൽ കുറിച്ചു.

ഒരു രാഷ്ട്രമെന്ന നിലയിൽ നാം ദുഃഖത്തിലും ദൃഢനിശ്ചയത്തിലും ഒന്നിച്ചു നിൽക്കുകയാണെന്നും ഭീകരവാദികളുടെ ക്രൂരമായ പദ്ധതികൾ ഒരിക്കലും വിജയിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞവർഷത്തെ ഈ ദിവസം പഹൽഗാമിൽ കൊല്ലപ്പെട്ട നിരപരാധികളെ രാജ്യം ഒരിക്കലും മറക്കില്ലെന്നും പ്രിയപ്പെട്ടവർ നഷ്ടപ്പെട്ട കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

പ്രതിരോധമന്ത്രി രാജ്നാഥ് സിംഗും ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തുകയും രാജ്യത്തെ ഉപദ്രവിക്കാൻ ശ്രമിക്കുന്നവർക്ക് ശക്തമായ ഭാഷയിൽ മറുപടി നല്കുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്തു.

പഹൽഗാമിൽ നടത്തിയ ഭീരുത്വ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ഹൃദയംഗമമായ ആദരാഞ്ജലികൾ അർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഭീകരവാദം മാനവികതയുടെ ഏറ്റവും വലിയ ശത്രുവാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു.

ഭീകരവാദത്തെയും പ്രോത്സാഹിപ്പിക്കുന്നവരെയും തോല്പിക്കാൻ നാം ഒറ്റക്കെട്ടായി നിൽക്കണമെന്നും ഭീകരവാദത്തോടുള്ള രാജ്യത്തിന്റെ സീറോ ടോളറൻസ് നയം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.



# മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തം; ലൈസൻസി സതീഷ് അടക്കം 16 മരണം

തൃശൂർ: തൃശൂർ പൂരത്തിനുള്ള വെടിക്കെട്ടു സാമഗ്രികൾ ഒരുക്കുന്നതിനിടെ വെടിക്കെട്ടുപുരയിലുണ്ടായ സ്ഫോടനത്തിൽ പരുക്കേറ്റ് ആശുപത്രിയിലായിരുന്ന വെടിക്കെട്ട് ലൈസൻസി മുണ്ടത്തിക്കോട് കോഴിപ്പറമ്പ് പന്തലങ്ങാട്ട് പി.എം. സതീഷും (സതീഷ് മുണ്ടത്തിക്കോട്-48) മരിച്ചതോടെ ദുരന്തത്തിൽ 16 പേരുടെ മരണം സ്ഥിരീകരിച്ചു. ഒരു പതിറ്റാണ്ടിലധികം തൃശൂർ പൂരത്തിന്റെ ആകാശപൂരത്തിന് വർണവിസ്മയം തീർത്ത വിശ്വസ്തനായിരുന്നു സതീഷ്. തിരുവമ്പാടി വിഭാഗത്തിനു വേണ്ടി വെടിക്കെട്ട് ഒരുക്കിയിരുന്ന അച്ഛൻ മണി വഴിയാണ് സതീഷ് ഈ രംഗത്തേക്ക് കടന്നുവന്നത്. സഹോദരൻ സജിയും വെടിക്കെട്ടു കലാകാരനാണ്.

ഷൊർണൂർ റോഡിൽ തൃശൂർ നഗരത്തിൽനിന്ന് 16 കിലോമീറ്റർ അകലെ തിരുവമ്പാടി വിഭാഗത്തിന്റെ വെടിക്കെട്ടു സാമഗ്രികൾ തയ്യാറാക്കിയിരുന്ന മുണ്ടത്തിക്കോടാണ് അപകടം സംഭവിച്ചത്. അമിട്ടുകൾ സംഭരിച്ചിരുന്ന ഭാഗത്തുനിന്നാണ് ആദ്യ സ്ഫോടനമുണ്ടായത്. മറ്റു പുരകളിലുണ്ടായിരുന്നവർ പുറത്തേക്കോടുന്നതിനിടെ എല്ലാ വെടിക്കോപ്പുകളിലേക്കും തീ പടർന്നു. മൂന്ന് ഉഗ്ര സ്ഫോടനങ്ങളിൽ വെടിക്കെട്ടു പുരകൾ 100 മീറ്ററിലേറെ ദൂരത്തേക്കു ചിതറിത്തെറിച്ചു. പറമ്പിനു ചുറ്റുമുള്ള ഭാഗത്തേക്കു 100 മീറ്റർ ചുറ്റളവിലേക്കുവരെ ശരീരഭാഗങ്ങൾ തെറിച്ചുവീണു.

മരിച്ചവരിൽ പഴയന്നൂർ വെന്നൂർ സ്വദേശി സുദർശനൻ (54), കുണ്ടന്നൂർ മുതുക്കാട്ടിൽ സുബിൻ (40), കുമരനെല്ലൂർ മാടിപ്പുറത്ത് വാസുദേവൻ (54), ചേർപ്പ് ചിറയ്ക്കൽ ബിജീഷ് (40), വട്ടക്കുളം എരുവപ്രക്കുന്ന് കണ്ണായിപറമ്പിൽ ഉണ്ണികൃഷ്ണൻ (ബാബു-56) എന്നിവരെ മാത്രമേ തിരിച്ചറിഞ്ഞിട്ടുള്ളൂ. മരണത്തെക്കുറിച്ച് ആർഡിഒ അന്വേഷിക്കുമെന്ന് കലക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു.

132 ശരീരഭാഗങ്ങളാണ് അപകടസ്ഥലത്തുനിന്നും ശേഖരിച്ചിട്ടുള്ളത്. അപകടസമയത്ത് 34 പേർ സംഭവസ്ഥലത്ത് ഉണ്ടായിരുന്നതായാണ് സ്ഥിരീകരണം. 12 പേരാണ് ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നത്.

ഇതിൽ മൂന്നു പേരുടെ നില ഗുരുതരാവസ്ഥയിലാണ്. ദുരന്തത്തിൽ നിന്നു രക്ഷപ്പെട്ട ഒമ്പതു പേർ നേരത്തെ വീടുകളിൽ തിരിച്ചെത്തിയിട്ടുണ്ട്.



മരിച്ചവരുടെ കുടുംബാംഗങ്ങൾക്കു സംസ്ഥാനത്തെ ദുരന്തപ്രതികരണ നിധിയിൽനിന്ന് നാലു ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു 10 ലക്ഷം രൂപയും ഉൾപ്പെടെ 14 ലക്ഷം രൂപ അടിയന്തര ധനസഹായമായി അനുവദിക്കും. പരുക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരം അനുവദനീയമായ തുക യും അതിനു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2 ലക്ഷം രൂപയും സഹായധനം പ്രഖ്യാപിച്ചു.

# തപാൽ വകുപ്പിന് റിക്കാർഡ് വരുമാനം

ന്യൂഡൽഹി: സേവന വിപുലീകരണവും നവീന പദ്ധതികളും തുണച്ചതോടെ ഇന്ത്യൻ തപാൽ വകുപ്പിന് ചരിത്രനേട്ടം. 2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ വരുമാനം 16 ശതമാനം വർദ്ധിച്ച് 15,296 കോടി രൂപയിലെത്തി. പാഴ്സൽ, മെയിൽ സർവീസുകളിലുണ്ടായ വൻ മുന്നേറ്റമാണ് തപാൽ വകുപ്പിന്റെ കരുത്ത് തെളിയിച്ചത്. 2024-25 വർഷത്തിൽ 13,218 കോടിയായിരുന്നു.

വകുപ്പിന്റെ സാമ്പത്തിക പ്രകടനം വിലയിരുത്താൻ ചേർന്ന വാർഷിക ബിസിനസ് മീറ്റിൽ കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയം അധികൃതരാണ് ഈ കണക്കുകൾ പുറത്തുവിട്ടത്. 17,546 കോടി രൂപയുടെ ബിസിനസ് ലക്ഷ്യമിട്ടതിൽ 88 ശതമാനവും കൈവരിക്കാൻ കഴിഞ്ഞത് വകുപ്പിന്റെ ഘടനാപരമായ മാറ്റങ്ങളുടെ വിജയമാണെന്ന് അധികൃതർ പറഞ്ഞു. എട്ട് പോസ്റ്റൽ സർക്കിളുകൾ ലക്ഷ്യത്തിന്റെ 90 ശതമാനത്തിലധികം നേട്ടം സ്വന്തമാക്കി. 34 ശതമാനം വളർച്ചയോടെ വരുമാന ലക്ഷ്യത്തിന്റെ 102 ശതമാനം കൈവരിച്ച രാജസ്ഥാൻ സർക്കിളാണ് പ്രകടനത്തിൽ മുന്നിൽ.

പൗരകേന്ദ്രീകൃത സേവനങ്ങളിൽ (സിസിഎസ്) 70 ശതമാനം വളർച്ചയാണ് ഉണ്ടായത്. പാഴ്സൽ വിഭാഗത്തിൽ 69 ശതമാനവും മെയിൽ സേവനങ്ങളിൽ 34 ശതമാനവും വർദ്ധന രേഖപ്പെടുത്തി. ഇൻഷ്വറൻസ് ഉല്പന്നങ്ങൾ 30 ശതമാനവും പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് വിഭാഗം 13 ശതമാനവും വളർച്ച കൈവരിച്ചു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സേവന പരിഷ്കരണവും വിതരണത്തിലെ കൃത്യതയുമാണ് വരുമാനം വർദ്ധിക്കാൻ സഹായിച്ചതെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

# ഡിജിറ്റൽ പേമെന്റുകൾക്ക് ഇനി അധിക സുരക്ഷ

മുംബൈ: ഡിജിറ്റൽ പേമെന്റുകൾ സുരക്ഷിതമാക്കുന്നതിനായി ഇ-മാൻഡേറ്റുകൾക്ക് ഏകീകൃത മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് റിസർവ് ബാങ്ക്. ആവർത്തിച്ചുള്ള പേമെന്റുകൾക്ക് (റെക്കറിംഗ് പേമെന്റ്സ്) ഇനിമുതൽ അധിക പ്രാമാണീകരണം നിർബന്ധമാക്കി. കാർഡുകൾ, യുപിഐ, പ്രീപെയ്ഡ് വാലറ്റുകൾ എന്നിവ വഴിയുള്ള ആഭ്യന്തര-വിദേശ ഇടപാടുകൾക്ക് പുതിയ ചട്ടം ബാധകമാണ്.

ഇ-മാൻഡേറ്റ് തെരഞ്ഞെടുക്കുന്ന ഉപഭോക്താക്കൾ ഇനിമുതൽ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കണം. ബാങ്ക് നടത്തുന്ന സാധാരണ പരിശോധനകൾക്കു പുറമെ അധിക സുരക്ഷാ പരിശോധന കൂടി വിജയിച്ചാൽ മാത്രമേ മാൻഡേറ്റ് രജിസ്റ്റർ ചെയ്യാനാവൂ. 15,000 രൂപയ്ക്കു മുകളിലുള്ള ആവർത്തിച്ചുള്ള ഇടപാടുകൾക്ക് ഈ അധികപരിശോധന നിർബന്ധമാണ്. ഇൻഷ്വറൻസ് പ്രീമിയം, മ്യൂച്വൽ ഫണ്ട് നിക്ഷേപം, ഒരു വർഷത്തിനു മുകളിലുള്ള ക്രെഡിറ്റ് കാർഡ് ബില്ലുകൾ എന്നിവയ്ക്കും പ്രത്യേക പ്രാമാണീകരണം ആവശ്യമാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വ്യക്തമാക്കി.

ഓരോ ഇ-മാൻഡേറ്റിനും പ്രത്യേക സാധുത കാലയളവുണ്ടായിരിക്കും. ഉപഭോക്താക്കൾക്ക് തങ്ങളുടെ താല്പര്യപ്രകാരം ഏതു സമയത്തും മാൻഡേറ്റുകൾ പരിഷ്കരിക്കാനോ റദ്ദാക്കാനോ സാധിക്കും. ഇതിനായി അധിക നിരക്കുകൾ ഈടാക്കില്ല.

പുതിയ ഇ-മാൻഡേറ്റുകൾക്കു കീഴിലുള്ള ആദ്യഇടപാട് നിർബന്ധമായും അധിക പ്രാമാണീകരണത്തിനു വിധേയമാക്കണം. ഉപഭോക്താക്കളുടെ അറിവോ സമ്മതമോ ഇല്ലാതെ പണം നഷ്ടപ്പെടുന്നത് തടയാനും ഡിജിറ്റൽ ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കാനുമാണ് ആർബിഐയുടെ ഈ നിർണായക നീക്കം.

# ലഹരിക്കെതിരെ മൊബൈൽ ആപ്ലിക്കേഷനുമായി കേന്ദ്രം

ന്യൂഡൽഹി: ലഹരി ഉപയോഗം തടയുന്നതിനും ഉപയോഗിക്കുന്നവർക്കിടയിൽ കൂടുതൽ ബോധവത്കരണം നടത്തുന്നതിനുമായി കേന്ദ്ര സർക്കാർ അവതരിപ്പിച്ച 'നഷാ മുക്ത് ഭാരത് അഭിയാൻ' (എൻഎംബിഎ) പദ്ധതിയുടെ ഭാഗമായി പുതിയ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കാൻ കേന്ദ്ര സർക്കാർ. 'എൻഎംബിഎ 2.0' എന്ന പേരിൽ സാമൂഹ്യനീതിശാക്തീകരണ മന്ത്രാലയമാണ് പുതിയ ആപ്ലിക്കേഷൻ പുറത്തിറക്കുന്നത്.

കൂടുതൽ നിരീക്ഷണ സംവിധാനങ്ങൾ ഉൾപ്പെടുത്തിയ മൊബൈൽ ആപ്പിന്റെ പുതിയ രൂപം വൈകാതെ പുറത്തിറക്കും. മുൻപ് ഔദ്യോഗിക ആവശ്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ആപ്ലിക്കേഷൻ പൊതുജനങ്ങൾക്ക്കൂടി ലഭ്യമാകുന്ന തരത്തിലാണ് പുറത്തിറക്കുന്നത്.

പൗരന്മാർക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കാനും ബോധവത്കരണ സാമഗ്രികൾ ഡൗൺലോഡ് ചെയ്യാനും ലഹരിവിമോചന കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ആക്സസ് ചെയ്യാനും പുതിയ ആപ്പിലൂടെ സാധിക്കും.







# ന്യൂയോർക്ക് വാലി കോട്ടേജ് സെൻ്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്



ജിനേഷ് തമ്പി

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് വാലി കോട്ടേജ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താവിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ഡോ. സ്കറിയ ഉമ്മൻ, ഡോ. റെബേക്ക പോത്തൻ, ബിജോ തോമസ്, ഡോ. സ്മിത തോമസ്, സജി പോത്തൻ എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ സെക്രട്ടറി പോൾ കറുകപ്പിള്ളിൽ, ട്രഷറർ വത്സ ബോബൻ, വർഗീസ് ഉലഹന്നാൻ എന്നിവരും സന്നിഹിതരായിരുന്നു. ഇടവക വികാരി ഫാ. മാത്യു തോമസ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

ഡോ. റെബേക്ക പോത്തൻ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

മുൻവർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ച ഡോ. സ്കറിയ ഉമ്മൻ ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളേയും പ്രത്യേകിച്ച് ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിച്ചു.

രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, റാഫിൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ബിജോ തോമസ് നല്കി. ഡോ. റെബേക്ക പോത്തൻ ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ആവശ്യപ്പെടുകയും സൈറ്റ് & സൗണ്ട് ഷോയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുകയും ചെയ്തു.

കോൺഫറൻസിന്റെ വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ച സജി പോത്തൻ ഇടവക വികാരിക്കും ഊഷ്മളമായ സ്വാഗതത്തിനും പിന്തുണയ്ക്കും നന്ദി അറിയിച്ചു. ഇടവക വികാരി ഫാ. മാത്യു തോമസ് ഗോൾഡ് സ്പോൺസറായി രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക് https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

# ഹൂസ്റ്റൺ വിമൻസ് പെന്തെക്കോസ്ത് ഫെലോഷിപ്പിന് പുതിയ ഭാരവാഹികൾ

ജോയി തുമ്പമൺ

ഹൂസ്റ്റൺ: ഹൂസ്റ്റൺ വിമൻസ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ (H-WPF) 2026 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഹൂസ്റ്റണിലെയും പരിസരപ്രദേശങ്ങളിലെയും സഹോദരിമാരുടെ ആത്മീയ ഐക്യത്തിനും പ്രാർത്ഥനാ പ്രവർത്തനങ്ങൾക്കും സാമൂഹിക സേവനപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്ന സംഘടനയായ HWPF വിവിധ ആത്മീയ പ്രവർത്തനങ്ങളിൽ സജീവമാണ്. പുതിയ ഭാരവാഹികളായി എൽസമ്മ ഐസക് പ്രസിഡണ്ടായും റോസമ്മ തോമസ് വൈസ് പ്രസിഡണ്ടായും ജോളി ജോസഫ് സെക്രട്ടറിയായും ലവിൻ ജോസഫ് ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു.








മോന്നി വർഗീസ് ഇവാഞ്ചലിസം കോ-ഓർഡിനേറ്ററായും ലിസി കുര്യൻ പ്രയർ കോ-ഓർഡിനേറ്ററായും മിനി ഇടിക്കുള വർഷിപ് കോ-ഓർഡിനേറ്ററായും തെരഞ്ഞെടുക്കപ്പെട്ടു.

പ്രാർത്ഥനാ മീറ്റിംഗുകൾ, കുടുംബസംഗമങ്ങൾ, ആത്മീയ സെമിനാറുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സംഘടന സമൂഹത്തിൽ സജീവ സാന്നിദ്ധ്യമായി തുടരുകയാണെന്ന് ഭാരവാഹികൾ അറിയിച്ചു.

# ബിനോയി മാത്യു ക്നാനായ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ചെയർമാൻ

രാജു ആലപ്പാട്ട്



കോട്ടയം: ക്നാനായ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ചെയർമാനായി ബിനോയി മാത്യു ഇടയാടിയിലിനെ തെരഞ്ഞെടുത്തു. ക്നാനായ ഹാപ്പി ഹോം ചെയർമാനായി പ്രവർത്തിക്കുന്ന ബിനോയി സൊസൈറ്റിയുടെ മുൻ വൈസ് ചെയർമാനായും കോട്ടയം അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായും ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി, ട്രഷറർ, ജോയിന്റ് സെക്രട്ടറി തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ചെറുകര ഇടവകാംഗമാണ്. പുന്നത്തുറ സെ. തോമസ് ഗേൾസ് ഹൈസ്കൂൾ അദ്ധ്യാപികയായ സിജിയാണ് ഭാര്യ. മക്കൾ: ആർലിൻ മരിയ, എമിലിൻ അന്ന.

# റഷ്യ-യുക്രെയ്ൻ യുദ്ധത്തിൽ കൊല്ലപ്പെട്ടത് 10 ഇന്ത്യക്കാരെന്ന് കേന്ദ്രം

ന്യൂഡൽഹി: റഷ്യയിലേക്കു പോയ 10 ഇന്ത്യൻ പൗരന്മാർ റഷ്യ-യുക്രെയ്ൻ യുദ്ധത്തിനിടെ മരിച്ചെന്നു കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. സ്വമേധയാ ഏർപ്പെട്ട കരാറുകളുടെ അടിസ്ഥാനത്തിലാണ് ഇവർ റഷ്യൻ സേനയിലെത്തിയതെന്നും യുക്രെയ്ൻ യുദ്ധത്തിന്റെ ഭാഗമായതെന്നും സർക്കാർ അറിയിച്ചു.

തൊഴിൽതേടി പോയവർ യുദ്ധത്തിന് ഇറങ്ങാൻ നിർബന്ധിതരായെന്നു ചൂണ്ടിക്കാട്ടി 26 പേരുടെ കുടുംബാംഗങ്ങളാണു സുപ്രീം കോടതിയെ സമീപിച്ചത്. വിഷയത്തിൽ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് നേരത്തേ സർക്കാരിന്റെ പ്രതികരണം തേടിയിരുന്നു.

ദുരന്തസാഹചര്യത്തിൽപ്പെട്ടവരുടെ കുടുംബങ്ങളുമായി വിദേശകാര്യ മന്ത്രാലയം ആശയവിനിമയം നടത്തുന്നുണ്ടെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി പറഞ്ഞു.

എന്നാൽ, വിദേശകാര്യ മന്ത്രാലയത്തിൽനിന്ന് ആരും ബന്ധപ്പെട്ടിട്ടില്ലെന്ന് ഹർജിക്കാർ പറഞ്ഞു. വിഷയങ്ങളിലെ മറുപടി കൂടി ചേർത്ത് വിശദമായ തൽസ്ഥിതി റിപ്പോർട്ട് നൽകാൻ സുപ്രീം കോടതി വിദേശകാര്യ മന്ത്രാലയത്തോടു നിർദേശിച്ചു.

# എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി ഓഫ് അമേരിക്ക നാഷണൽ കൺവൻഷൻ വിമൻസ് ഫോറം രൂപീകരിച്ചു

**തോമസ് ഡിക്രൂസ്**

ചിക്കാഗോ: 2026 ജൂലൈ 9-ന് ചിക്കാഗോയിൽ നടക്കുന്ന ചങ്ങനാശേരി എസ്ബി & അസംപ്ഷൻ കോളജ് പൂർവ്വവിദ്യാർത്ഥികളുടെ പ്രഥമ ദേശീയ കൺവൻഷന്റെ വിജയത്തിനായി സംഘടനയുടെ നാഷണൽ കൗൺസിലിന്റെ നേതൃത്വത്തിൽ വനിതാ പൂർവ്വവിദ്യാർത്ഥികളുടെ വിമൻസ് ഫോറം രൂപീകരിച്ചു. ശനിയാഴ്ച നടന്ന ആദ്യ സൂം മീറ്റിങ്ങിൽ കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേൽ അമേരിക്കയിൽ ആദ്യമായി നടക്കുന്ന പൂർവ്വ വിദ്യാർത്ഥി കൺവൻഷന്റെ ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചു. വിവിധ കാലഘട്ടങ്ങളിൽ എസ്ബി അസംപ്ഷൻ കോളജുകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി നോർത്ത് അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന വനിതകളുടെ ആദ്യ സൂം മീറ്റിംഗിൽ പങ്കെടുത്തവർ തങ്ങളുടെ കലാലയജീവിതത്തിന്റെ ഓർമ്മകൾ പങ്കുവെച്ചു. ചിക്കാഗോയിൽ നടക്കുന്ന പ്രഥമ പൂർവ്വവിദ്യാർത്ഥി കൺവൻഷൻ പരമാവധി സതീർത്ഥ്യരെ പങ്കെടുപ്പിച്ച് വിജയമാക്കുവാൻ തീരുമാനിച്ചു.




കാർഡിനൽ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്



ആർച്ച്ബിഷപ് മാർ തോമസ് തറയിൽ



രാജു നാരായണസ്വാമി ഐഎഎസ്




സെലിൻ ജോയ്സ്, റോഷൻ ചെറിയാൻ (ഹൂസ്റ്റൺ), കാർമൽ തോമസ്, ഷിജി ചിറയിൽ, അന്നമ്മ സാധു (ചിക്കാഗോ), നീന മുരിക്കൻ (അരിസോണ), ഡോ. ബിന്ദു ജോർജ് തോബിയാസ് (ഓസ്റ്റിൻ), അനു ജോർജ് (മിഷിഗൺ), സിസിലി ജോയ്, ലീല മാരേട്ട് (ന്യൂയോർക്ക്), ജാൻസിമോൾ ജോസഫ് (ഒക്‌ലഹോമ), ലത ജോസഫ് (നോർത്ത് കരോളിന) എന്നിവർ സംസാരിച്ചു. കൺവൻഷൻ കോ-ഓർഡിനേറ്റർമാരായ പ്രൊഫ. ജെയിംസ് ഓലിക്കര, ജോർജ് ജോസഫ് വിലങ്ങോലിൽ (ഡാളസ്), സംഘടനയുടെ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ, സെക്രട്ടറി തോമസ് ഡിക്രൂസ് എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.

ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ എസ്ബി, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർക്കൊപ്പം അമേരിക്കയിലെ നാനാഭാഗത്തുനിന്നുമുള്ള മുൻ അദ്ധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും കൺവൻഷനിൽ പങ്കെടുക്കും. എസ്ബി കോളജിന്റെ പ്രമുഖ പൂർവ്വവിദ്യാർത്ഥികളായ കാർഡിനൽ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്, ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, കേരള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ് എന്നിവർ കൺവൻഷനിൽ വിശിഷ്ടാതിഥികൾ ആയിരിക്കും.

കൺവൻഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സന്ദർശിക്കേണ്ട വെബ്സൈറ്റ്: https://sbandassumptionalumniusa.org. വിവരങ്ങൾക്ക് കാർമൽ തോമസ് (224 688 0952) രജിസ്ട്രേഷൻ, ജോർജ് ജോസഫ് (817 791 1775) സുവനീർ.

# ഹൂസ്റ്റൺ ബൈബിൾ സെമിനാരിയുടെ 4–ാമത് ഗ്രാജുവേഷൻ സർവീസ് മെയ് 16–ന്

**ഫിന്നി രാജു**




ഹൂസ്റ്റൺ: ഹൂസ്റ്റൺ ബൈബിൾ സെമിനാരിയുടെ 4-ാമത് ഗ്രാജുവേഷൻ സർവീസ് മെയ് 16-ന് ശനിയാഴ്ച രാവിലെ 10.30-ന് ഹൂസ്റ്റണിലെ ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റൺ ചർച്ചിൽ (11120S.Post Oak Road) നടക്കും. കാലിഫോർണിയയിൽ പ്രവർത്തിക്കുന്ന വില്യം കേറി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടെ പ്രസിഡണ്ട് റവ.ഡോ. പോൾ കോർണേലിയസ് മുഖ്യപ്രഭാഷണം നടത്തും.

2018-ൽ സ്ഥാപിതമായ ഹൂസ്റ്റൺ ബൈബിൾ സെമിനാരി ക്രിസ്തുവിൽ കേന്ദ്രീകൃതമായ ആത്മീയ നേതാക്കളെ വളർത്തുവാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അമേരിക്കയിലെ വിവിധ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് തിയോളജിക്കൽ വിദ്യാഭ്യാസം നല്കുന്നു.

ഹൂസ്റ്റൺ ബൈബിൾ സെമിനാരിയുടെ പ്രസിഡണ്ട് ഡോ. ഷാജി ഡാനിയേൽ പറഞ്ഞു: "ഈ ബിരുദദാനം ഒരു അക്കാദമിക് നേട്ടം മാത്രമല്ല, ദൈവത്തിന്റെ വിളിയോട് പ്രതികരിക്കുന്ന ജീവിതത്തിലേക്കുള്ള ഒരു പ്രധാന ഘട്ടമാണ്. ആത്മീയമായി ശക്തരായ ശുശ്രൂഷകരായി ഇവർ ഉയർന്നുവരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. എല്ലാവരും ബിരുദധാരികളെ പ്രാർത്ഥനയിൽ പിന്തുണയ്ക്കുകയും ഈ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്യണം." കൂടുതൽ വിവരങ്ങൾക്ക്: www.hbsedu.org







വഴിവിളക്കുകൾ 9

# ടെക്നിക് അങ്കിൾ

ഓർമ്മയുടെ ഏറ്റവും പുരാതനമായ വഴികൾ ചെന്നവസാനിക്കുന്നത് നിറയെ കശുമാവ് മരങ്ങളും, കവുങ്ങിൻതോപ്പുകളുമൊക്കെയുള്ള ഒരു ഗ്രാമത്തിലാണ്. നാലു വയസു മുതൽ ഏഴു വയസു വരെ, മൂന്നു വർഷക്കാലം ഞാൻ ജീവിച്ച, കേരളത്തിന്റെ വടക്കേ അറ്റത്തുള്ള, കാസർഗോഡ് ജില്ലയിലെ രാജപുരം എന്ന മലയോര ഗ്രാമം. മധ്യതിരുവിതാംകൂറിൽ നിന്നും, സുറിയാനി ക്രിസ്ത്യാനികൾ കുടിയേറിപ്പാർത്ത ഇടങ്ങളിലൊന്ന്. അച്ചാച്ചന്റെയും അമ്മയുടെയും ജോലി സംബന്ധമായ ആവശ്യമാണ്, ആ നാട്ടിലേക്ക് ഞങ്ങളെ എത്തിച്ചത്. ഓർമ്മയുടെ അടിവേരുകൾ എത്തി നിൽക്കുന്നത് ആ ഗ്രാമത്തിലേക്കും, സ്നേഹത്തോടുകൂടി മാത്രം ഓർക്കാൻ കഴിയുന്ന ചില മനുഷ്യരിലേക്കുമാണ്.

ഇന്ന് എന്റെ മകനെ ഉറക്കാൻ കിടത്തിയപ്പോൾ തലമുറകൾ പാടിയ ഒരു പ്രാർത്ഥനാഗാനമാണ് നാവിൽ എത്തിയത്.

“ഞാൻ ഉറങ്ങാൻ പോകും മുമ്പായി....”

പാട്ട് കേട്ട് (ഞാൻ ഒരു ഗായികയേ അല്ല) അവൻ ഉറങ്ങി. എന്റെ ഓർമ്മകൾ വർഷങ്ങൾ പിന്നോട്ട് ഓടി. അവന്റെ പ്രായത്തിൽ ഞാൻ അതീവ ശ്രദ്ധയോടെ കേട്ട ആ പ്രാർത്ഥനാ ഗാനത്തിലേക്ക്....

പാട്ടുപാടി തന്നത് ടെക്നിക് അങ്കിൾ എന്ന് ഞങ്ങൾ വിളിച്ചിരുന്ന ഞങ്ങളുടെ അയൽവാസിയായ ഫിലിപ്പ് അങ്കിൾ ആയിരുന്നു. ഞങ്ങൾ കാണുന്ന സമയത്ത് 70 വയസ്സിനടുത്ത് പ്രായമുണ്ടായിരുന്നിരിക്കണം ഫിലിപ്പ് അങ്കിളിന്. നന്നേ മെലിഞ്ഞ, നല്ല പൊക്കമുള്ള, മൂക്കിൻ തുമ്പത്ത് കണ്ണട വച്ചിരുന്ന ഫിലിപ്പ് അങ്കിൾ, മലബാറിൽ തന്നെ മറ്റെവിടെയോ ആണ് സ്വന്തം വീട് എങ്കിലും, വർഷങ്ങൾക്കു മുൻപേ രാജപുരത്ത് വന്ന് വീട് വെച്ച് സ്ഥിരതാമസമാക്കിയിരുന്നു ഫിലിപ്പ് അങ്കിളും ഭാര്യ തെയ്യാമ്മ ചേടത്തിയും. ഇരട്ട പെൺകുട്ടികളും രണ്ട് ആൺമക്കളുമായി നാലു മക്കളാണ് ഉണ്ടായിരുന്നത്. മക്കളൊക്കെ മറ്റു സ്ഥലങ്ങളിലാണ് താമസിച്ചിരുന്നത്. ഫിലിപ്പ് ചേട്ടനും ചേട്ടത്തിയും മാത്രമാണ് മനോഹരമായ അവരുടെ വീട്ടിൽ താമസിച്ചിരുന്നത്. കൃഷിയിലും ഗാർഡനിങ്ങിലും ഒക്കെ തല്പരരായ അവരുടെ മുറ്റത്തും പറമ്പിലും ഒക്കെ നിറയെ പൂക്കളും ചെടികളും ഫലവൃക്ഷങ്ങളും ഒക്കെയായിരുന്നു.

രാജപുരത്ത്, കൃത്യമായി പറഞ്ഞാൽ, പൂടംകല്ലിൽ താമസമാക്കിയപ്പോൾ ഞങ്ങൾ ആദ്യം പരിചയപ്പെട്ട അയൽക്കാർ ഫിലിപ്പ് ചേട്ടനും തെയ്യാമ്മ ചേട്ടത്തിയും ആയിരുന്നു. പുതിയ നാട്ടിൽ താമസിക്കാൻ എത്തിയ ഞങ്ങൾക്ക് എന്ത് സഹായവും ചെയ്യാൻ അവർ സന്നദ്ധത അറിയിച്ചിരുന്നു. എന്റെ അച്ചാച്ചനും അപ്പച്ചനും (അമ്മയുടെ അച്ചാച്ചൻ) ഒക്കെയായി ഫിലിപ്പ് അങ്കിൾ അതിവേഗം സൗഹൃദം സ്ഥാപിച്ചു.

പേരക്കുട്ടികൾ ഒന്നും ഒപ്പം ഇല്ലാതിരുന്നതുകൊണ്ടുതന്നെ ഞങ്ങൾ മൂന്നു കുട്ടികളോടും തികഞ്ഞ വാത്സല്യത്തോടെയാണ് ഫിലിപ്പ് ചേട്ടനും ചേട്ടത്തിയും പെരുമാറിയത്. എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലാവുന്ന ഒരു വീട് ആയി ആ വീട് പെട്ടെന്നു മാറി. ചെല്ലുമ്പോഴൊക്കെയും മിഠായിയോ, പലഹാരങ്ങളോ, പഴങ്ങളോ ഒക്കെ അവർ ഞങ്ങൾക്ക് തന്നിരുന്നു.

ഏതെങ്കിലും ഹോമിയോ കോളജിൽ ഫിലിപ്പങ്കിൾ പഠിച്ചിട്ടുണ്ടോ, ഡോക്ടർ ബിരുദം ഉണ്ടോ, എന്ന കാര്യത്തിൽ ഒന്നും എനിക്ക് ഉറപ്പില്ലെങ്കിലും ഞങ്ങളുടെ ഡോക്ടർ കൂടിയായിരുന്നു ഹോമിയോപ്പതിയിൽ അതീവ തല്പരനായിരുന്ന ഫിലിപ്പ് അങ്കിൾ. പനി, ചുമ, ജലദോഷം തുടങ്ങി ഞങ്ങളുടെ ഒരുവിധപ്പെട്ട രോഗങ്ങൾ ഒക്കെ ഫിലിപ്പ് അങ്കിൾ തന്നെയാണ് ചികിത്സിച്ചു മാറ്റിയിരുന്നത്, ഹോമിയോ മരുന്നിന്റെ മധുരമാണ് ഫിലിപ്പ് അങ്കിളിനെക്കുറിച്ചുള്ള ഓർമ്മകൾക്കും.

ഏതു പ്രശ്നത്തിനും ഒരു ഉത്തരം ഫിലിപ്പ് അങ്കിളിന് ഉണ്ടായിരുന്നു. ഏതു സാധനം കേടായി പോയാലും ഒരു ടെക്നീഷ്യന്റെ വിരുതോടെ അത് ശരിയാക്കാൻ പലപ്പോഴും ഫിലിപ്പ് അങ്കിളിന് കഴിഞ്ഞിരുന്നു.

ടോർച്ച്, റേഡിയോ, വാച്ച്, ടൈംപീസ്.... സാധനം എന്തുമായിക്കൊള്ളട്ടെ അതിനൊക്കെയുള്ള ടെക്നിക് എന്റെ കൈയിൽ ഉണ്ട് എന്ന് ഫിലിപ്പ് അങ്കിൾ അഭിമാനത്തോടെ പറഞ്ഞിരുന്നു.

കളിപ്പാട്ടം ഇന്നത്തെപ്പോലെ സുലഭം അല്ലാതിരുന്ന ഒരു കുട്ടിക്കാലം ആയിരുന്നു ഞങ്ങളുടേത്. ഉള്ളതിനേതിനെങ്കിലും ചെറിയ പരിക്ക് പറ്റിയാൽ ഉടൻ ഞങ്ങൾ അതുമായി ഫിലിപ്പ് അങ്കിളിന്റെ അടുത്തേക്ക് ഓടും. ഇതിനുള്ള ടെക്നിക് എന്റെ കൈയിൽ ഉണ്ട്, ഇപ്പോൾ ശരിയാക്കിത്തരാം എന്നുപറഞ്ഞ് മിക്കവാറും അവസരങ്ങളിൽ ഒക്കെ ഫിലിപ്പ് അങ്കിൾ ഞങ്ങളുടെ കളിപ്പാട്ടങ്ങളും നന്നാക്കിയിരുന്നു. മരം കയറുകയും ഇറങ്ങുകയും ചാടുകയും ഒക്കെ ചെയ്യുന്ന ഒരു കുട്ടിക്കുരങ്ങന്റെ കളിപ്പാട്ടം ഞങ്ങൾക്കുണ്ടായിരുന്നു. അതെങ്ങനെയോ കേടായി പോയി. കളിപ്പാട്ടവുമായി ഞങ്ങൾ ഫിലിപ്പ് അങ്കിളിന്റെ അടുത്ത് ചെന്നെങ്കിലും, ഇത്തവണ അങ്കിളിന്റെ ടെക്നിക്കും ഫലിച്ചില്ല. ഞങ്ങൾ നിരാശരായി മടങ്ങി. പിറ്റേ ദിവസം വൈകുന്നേരം ഫിലിപ്പ് അങ്കിൾ ഞങ്ങളുടെ വീട്ടിൽവന്നു. അച്ചാച്ചനോടും അപ്പച്ചനോടും ഉള്ള പതിവ് സംഭാഷണത്തിന് വന്നതാണ് എന്ന ധാരണയിലായിരുന്നു ഞങ്ങൾ. അപ്പോഴാണ് ഫിലിപ്പ് അങ്കിൾ കൈയിലെ പൊതിയഴിച്ചത്. അതിനകത്ത് ഞങ്ങളുടെ കേടായിപ്പോയ കളിപ്പാട്ടത്തെക്കാളും മികച്ച ഒന്ന് തടിയിൽ തീർത്ത് ഫിലിപ്പ് അങ്കിൾ കൊണ്ടുവന്നിരുന്നു!

പിന്നീട് വർഷങ്ങളോളം ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കളിപ്പാട്ടങ്ങളിൽ ഒന്നായിരുന്നു ഫിലിപ്പ് അങ്കിളിന്റെ കരവിരുതിൽ വിരിഞ്ഞ, ചാടുകയും കരണം മറിയുകയും ഒക്കെ ചെയ്യുന്ന ആ കുട്ടിക്കുരങ്ങൻ. ഫിലിപ്പ് അങ്കിളിന്റെ ടെക്നിക്കിനെ പേടിയുള്ളതുകൊണ്ടാവണം, ഞങ്ങൾ രാജപുരത്തുനിന്ന് നിന്ന് പോരുന്നതുവരെ ആ കുട്ടിക്കുരങ്ങൻ പണിമുടക്കിയിട്ടില്ല.

കിടക്കുന്നതിനു മുൻപ് പാടണമെന്ന് പറഞ്ഞ് ഫിലിപ്പ് അങ്കിൾ പഠിപ്പിച്ച “ഞാൻ ഉറങ്ങാൻ പോകും മുൻപായ്” എന്ന പാട്ടിന്റെ ഒരു വരിപോലും ഞാനിന്നും മറന്നിട്ടില്ല. ഹോമിയോ മരുന്നിന്റെ മധുരമായും പ്രാർത്ഥനാ ഗാനത്തിന്റെ ഈണമായും കളിപ്പാട്ടമായി പെയ്ത വാത്സല്യമായും ടെക്നിക് അങ്കിൾ എന്നും മനസ്സിൽ ഉണ്ടാവും! അല്ലെങ്കിലും മറ്റൊരാളുടെ ഓർമ്മയിൽ മധുരമായോ, സുഗന്ധമായോ, വാത്സല്യമായോ, കനിവായോ ഒക്കെ അടയാളപ്പെടുത്തുക എന്നതിൽ കവിഞ്ഞ് എന്ത് സുകൃതമാണ് നമുക്ക് ആഗ്രഹിക്കാനാവുക?

അടിക്കുറിപ്പ്: എന്റെ പാട്ടിനെ കുറിച്ച് പറഞ്ഞതുകൊണ്ട് ഇതുകൂടി എഴുതാം എന്ന് തോന്നുന്നു. സംഗീത വാസന ഒട്ടുമേ ഇല്ലാത്ത ഒരു മനുഷ്യജീവിയാണ് ഞാൻ. വല്ലപ്പോഴും പാട്ടുകൾ കേൾക്കും എന്നതിൽ കവിഞ്ഞ് ഞാനും പാട്ടുമായി ഒരു ബന്ധവുമില്ല. ആറാം ക്ലാസിലോ ഏഴാം ക്ലാസിലോ പഠിക്കുന്ന സമയം. KCSL-ന്റെ മത്സരങ്ങൾക്കായി സ്കൂളിൽനിന്നും സിസ്റ്ററിന്റെ നേതൃത്വത്തിൽ കോട്ടയത്ത് എത്തിയതായിരുന്നു ഞങ്ങൾ.



ആൻസി സിറിയക് ഇലക്കാട്ട്

എന്റെ പതിവ് ഇനങ്ങൾ- പ്രസംഗവും ക്വിസും കഴിഞ്ഞ് മറ്റു കുട്ടികളെ കാത്തിരിക്കുകയാണ് ഞാൻ. പെട്ടെന്നാണ് ഒരു പ്രശ്നം. ഗ്രൂപ്പ് സോങ്ങിൽ പങ്കെടുക്കേണ്ട ഒരു കുട്ടിക്ക് എന്തോ കാരണം കൊണ്ട് എത്താൻ സാധിച്ചില്ല. ഏഴുപേർ പങ്കെടുക്കേണ്ട ഗ്രൂപ്പ് സോങ്ങിന് ആറ് കുട്ടികൾ മാത്രമേയുള്ളൂ. പെട്ടെന്നാണ് സംഗീത അധ്യാപിക കൂടിയായ സിസ്റ്ററിന് ഒരാശയം തോന്നിയത്. സ്കൂൾ യൂണിഫോമിട്ട എന്നെക്കൂടി ഗായക സംഘത്തിൽ ചേർത്താൽ എണ്ണം തികയ്ക്കാം. സിസ്റ്റർ ഓടി എന്റെ അടുത്തു വന്നു പറഞ്ഞു. “ആൻസി, ഗ്രൂപ്പ് സോങ്ങിന് ഒന്നു കൂടണം. പക്ഷേ, ഒരു കാരണവശാലും നിന്റെ ശബ്ദം പുറത്തു കേൾക്കരുത്. ചുണ്ട് അനക്കിയാൽ മാത്രം മതി.” KCSL ആന്തത്തിന്റെ വരികൾ എനിക്കും ഹൃദിസ്ഥമായിരുന്നതിനാൽ ചുണ്ടനക്കൽ അത്ര പ്രയാസം ആയിരുന്നില്ല. ഗ്രൂപ്പ് സോങ് ടീമിലെ ഏഴാമത്തെ അംഗമായി ഞാനും കൂടി, എന്റെ ശബ്ദം പുറത്തു കേൾക്കാത്തതുകൊണ്ടും, മറ്റ് ആറ് കുട്ടികളും നന്നായി പാടിയതുകൊണ്ടും ഞങ്ങളുടെ ഗ്രൂപ്പിന് രണ്ടാം സ്ഥാനം ലഭിച്ചു. അതിനു സമ്മാനമായി കിട്ടിയ ട്രോഫി വീട്ടിലെ ഷെൽഫിൽ കാണുമ്പോഴൊക്കെയും ഒരു ജാള്യതയാണ് ഞാനനുഭവിച്ചിരുന്നത്!

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# സെ. മേരീസ് ക്നാനായ ദേവാലയത്തിലെ സിഎംഎൽ യൂണിറ്റ് കുട്ടികൾക്കായി നേതൃത്വപരിശീലന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ സിഎംഎൽ യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി നേതൃത്വ പരിശീലന വർക്ക്ഷോപ്പ് ഏപ്രിൽ 18-ന് ശനിയാഴ്ച വിജയകരമായി സംഘടിപ്പിച്ചു. സിഎംഎൽ എക്സിക്യൂട്ടീവുകൾ, ഗ്രൂപ്പ് ലീഡേഴ്സ്, അസി. ലീഡേഴ്സ് എന്നിവർക്കു വേണ്ടി നടത്തിയ പരിപാടി പങ്കെടുത്ത കുട്ടികൾക്ക് പ്രചോദനകരമായ അനുഭവമായി മാറി.




അമേരിക്കയിൽ ഹ്രസ്വസന്ദർശനത്തിന് എത്തിയ ഡൽഹി-ആഗ്ര രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഫാ. സുനിൽ കുഴിപ്പറമ്പിൽ പ്രാർത്ഥനയോടെ പരിപാടിക്ക് തുടക്കം കുറിക്കുകയും തുടർന്ന് വർക്ക്ഷോപ്പ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. സിഎംഎൽ ജോയിന്റ് ട്രഷറർ ഡേവിഡ് കല്ലുപ്പുരക്കൽ സെമിനാർ നയിക്കുന്നവരെ പരിചയപ്പെടുത്തി സ്വാഗതം ആശംസിച്ചു. പരിപാടിയുടെ സമാപനത്തിൽ സെ. മേരീസ് സിഎംഎൽ യൂണിറ്റ് പ്രസിഡണ്ട് ഐസക് മറ്റത്തിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

വർക്ക്ഷോപ്പിന്റെ ഏകോപനം മിഷൻലീഗ് യൂണിറ്റ് ഡയറക്ടേഴ്സായ ജോജോ ആനാലിൽ, ബിബി നെടുംതുരുത്തി പുത്തൻപുരയിൽ, സൂര്യ കരിക്കുളം എന്നിവർ ചേർന്നാണ് നിർവഹിച്ചത്. പരിശീലന സെഷനുകൾക്ക് നേതൃത്വം നല്കിയത് മിസ്റ്റർ ടെഡി ജോൺ മുഴയൻമാക്കിലും മിസ്റ്റർ ജെയിംസ് കുന്നാശ്ശേരിയും ആയിരുന്നു. 30 വർഷത്തിലേറെ പരിചയമുള്ള ടെക്നോളജി വിദഗ്ദ്ധനും ഗ്ലോബൽ ടീമുകളുടെ ടെക്നിക്കൽ ലീഡറുമായ ടെഡി ജോൺ ആദ്യപകുതിയിലെ ക്ലാസുകൾ കൈകാര്യം ചെയ്തു. ഹൈസ്കൂൾ സീനിയറും സെ. മേരീസ് ഇടവകയിലെ സിഎംഎൽ യൂണിറ്റിന്റെ ആദ്യ പ്രസിഡണ്ടുമായ ജെയിംസ് കുന്നാശ്ശേരി ഹാൻഡ്സ്-ഓൺ സെഷനുകൾക്ക് നേതൃത്വം നല്കി.

കുട്ടികളിൽ നേതൃത്വഗുണങ്ങളും ആത്മവിശ്വാസവും വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഈ പരിപാടിയിൽ സിദ്ധാന്തപരമായ പഠനത്തോടൊപ്പം പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തി ആശയവിനിമയ കഴിവുകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, നേതൃത്വപരമായ തീരുമാനമെടുക്കൽ തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലനം നല്കി.

കുട്ടികളുടെ സജീവ പങ്കാളിത്തം പരിപാടിയെ കൂടുതൽ ഉത്സാഹഭരിതമാക്കി. നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം കൂട്ടായ്മയും ഉത്തരവാദിത്വബോധവും വളർത്തുന്നതിൽ ഈ വർക്ക്ഷോപ്പ് ഏറെ സഹായകമായതായി സംഘാടകർ അറിയിച്ചു. ഭാവിയിൽ മികച്ച നേതാക്കളായി കുട്ടികളെ വളർത്തുന്നതിനുള്ള പ്രചോദനമായി ഈ സംരംഭം മാറട്ടെയെന്ന് ഫാ. സുനിൽ കുഴിപ്പറമ്പിൽ ആശംസിച്ചു. സെ. മേരീസ് മിഷൻലീഗ് സ്പിരിച്വൽ ഡയറക്ടർ ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ പങ്കെടുത്ത കുട്ടികളെ പ്രത്യേകം അനുമോദിച്ചു.

KERALA EXPRESS
പ്രവാസി താളുകൾ

# ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ 2026–ലെ ഭാരവാഹികളെ തെരഞ്ഞെടുത്തു

ജോയി തുമ്പമൺ

ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ 2026-ലെ ഭാരവാഹികളെ ജനറൽ ബോഡി തെരഞ്ഞെടുത്തു. ഹൂസ്റ്റണിലും പരിസരങ്ങളിലുമുള്ള ഉപദേശ ഐക്യമുള്ള 16 സഭകളുടെ ഐക്യവേദിയാണ് ഈ സംഘടന. കഴിഞ്ഞ 30 വർഷമായി അനുഗ്രഹമായി ഇത് പ്രവർത്തിക്കുന്നു.

പൊതുമീറ്റിംഗുകൾ, ഫാമിലി സെമിനാറുകൾ, വിവിധ ഭാഷകളിലുള്ള ആരാധനകളും പൊതുമീറ്റിംഗുകളും വിശിഷ്യാ ഹിന്ദിയിലുള്ള മീറ്റിംഗുകൾ, പാസ്റ്റർമാർക്കും ലീഡേഴ്സിനും വേണ്ടിയുള്ള ഏകദിന സെമിനാറുകൾ, വാർഷിക കൺവൻഷനും പൊതു ആരാധനയും, മാസംതോറുമുള്ള പ്രാർത്ഥന മീറ്റിംഗുകളും നടത്തുന്നു.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ബൈജു തോമസ് മാറനാഥ ഫുൾഗോസ്പ്പൽ സഭയുടെ സീനിയർ പാസ്റ്ററും അനുഗൃഹീത ഗായകനും പ്രസംഗകനുമാണ്.

വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്ത പാസ്റ്റർ ജോൺ സൈമൺ ക്രിസ്റ്റ്യൻ അസംബ്ലി ഓഫ് ഹൂസ്റ്റന്റെ സജീവ അംഗവും സഹശുശ്രൂഷകനായും പ്രവർത്തിക്കുന്നു.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അജി ഇടിക്കുള 2027-ൽ നടക്കുന്ന ചർച്ച് ഓഫ് ഗോഡിന്റെ നാഷണൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ട്രഷറർ ജോൺ മാത്യു പുനലൂർ വിവിധ മേഖലകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുവരുന്നു.

മീഡിയ കോ-ഓർഡിനേറ്ററായി ജോയ് തുമ്പമൺ, ചാരിറ്റി കോ-ഓർഡിനേറ്ററായി വിനോദ് ഈപ്പൻ, വർഷിപ്പ് കോ-ഓർഡിനേറ്ററായി സ്റ്റീഫൻ സാമുവേൽ, ഹിന്ദി വർഷിപ്പ് കോ-ഓർഡിനേറ്ററായി ഡാനിയേൽ ഏബ്രഹാം, പ്രയർ കോ-ഓർഡിനേറ്ററായി പാസ്റ്റർ ജോൺ ഐസക്കും പ്രവർത്തിക്കുന്നു.

സഹോദരിമാരുടെ പ്രവർത്തനങ്ങളും യുവജനങ്ങളുടെ പ്രവർത്തനങ്ങളും നടക്കുന്നു. അമേരിക്കയിലും ഇന്ത്യയിലും ഉള്ള അനേകരുടെ കണ്ണീർ ഒപ്പാൻ അനേകം ജീവകാരുണ്യ പ്രവർത്തനങ്ങളും ഈ സംഘടന വർഷങ്ങളായി നടത്തിവരുന്നു.


Pastor Byju Thomas, President | Pastor John Simon, Vice President | Aji Idicula, Secretary | John Mathew Punalur, Treasurer | Bro. Joy Thumpamon, Media Coordinator | Bro. Vinod Eapen, Charity Coordinator | Bro. Stephen Samuel, Worship Coordinator | Bro. Daniel Abraham, Hindi Worship Coordinator | Pastor John Issac, Prayer & Care Coordinator

# ഫുഡ് ഫെസ്റ്റിവൽ ന്യൂജേഴ്സിയിൽ

വർഗീസ് പാലമലയിൽ

ന്യൂജേഴ്സി: അമേരിക്കൻ അതിഭദ്രാസനത്തിന്റെ കീഴിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന ഫുഡ് ഫെസ്റ്റിവൽ (MAE-Malankara Archdiocese Extravaganza) ഈ വർഷം മെയ്മാസം 16-ാം തീയതി ഭദ്രാസന ആസ്ഥാനത്തു വെച്ച് (236 Old Tappan Rd, Old Tappan NJ) നടത്താനുള്ള വിപുലമായ ക്രമീകരണങ്ങൾ നടന്നു വരുന്നു. ഈ ഫെസ്റ്റിവലിന്റെ കിക്കോഫ് 2026 ജനുവരി മാസം 10-ാം തീയതി ഭദ്രാസന ആസ്ഥാനത്ത് വെച്ച് ഭദ്രാസനാധിപനും പാത്രിയർക്കൽ വികാരിയുമായ യെൽദോ മോർ തീത്തോസ് തിരുമേനി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട്, ഭദ്രാസന ട്രഷറർ സിമി ജോസഫ്, ഭദ്രാസന ജോയിന്റ് സെക്രട്ടറി റവ. ഫാ. ബെൽസൺ കുര്യാക്കോസ്, ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ്, കൗൺസിൽ അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.




ഭദ്രാസനത്തിന്റെ കീഴിലുള്ള പ്രധാനമായും നോർത്ത് ഈസ്റ്റ് റീജിയണിലുള്ള ദേവാലയങ്ങളുടെ പൂർണ്ണ സഹകരണത്തോടെ നടത്തപ്പെടുന്ന ഈ ഫുഡ് ഫെസ്റ്റിവലിൽ അനേകം അമേരിക്കൻ ദേശവാസികളും സ്റ്റേറ്റ്/കൗണ്ടി പ്രതിനിധികളും പങ്കെടുക്കുന്നതാണ്. സ്വാദിഷ്ടമായ വിവിധതരം കേരള, നോർത്ത് ഇന്ത്യൻ, അമേരിക്കൻ ഫുഡുകളും ഉണ്ടായിരിക്കുന്നതാണ്. ആർട്ട് എക്സിബിഷൻ, യോഗ ആൻഡ് ഹെൽത്ത് കെയർ, ഫെയിസ് പെയിന്റിംഗ്, ഇന്ത്യൻ വസ്ത്രങ്ങളുടെയും ആഭരണങ്ങളുടെയും വില്പന, വിവിധയിനം ചെടികളുടെ പ്രദർശനവും വില്പനയും, കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ എന്നിവയും ഇതോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

ഇതിൽനിന്നും കിട്ടുന്ന വരുമാനം ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്. ആയതിനാൽ നിങ്ങൾ ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

ഈ ഫുഡ്ഫെസ്റ്റിവൽ വമ്പിച്ച വിജയമാക്കിത്തീർക്കുവാൻ ഫുഡ് കമ്മിറ്റി അംഗങ്ങൾ, യൂത്ത് അസോസിയേഷൻ ഭാരവാഹികൾ, സെന്റ് പോൾസ് മെൻസ് ഫെലോഷിപ് അംഗങ്ങൾ, മർത്തമറിയം സമാജത്തിന്റെ ഭാരവാഹികൾ തുടങ്ങിയവർ ആത്മാർത്ഥമായി പ്രവർത്തിച്ചുവരുന്നു. ഫുഡ് ഫെസ്റ്റിവലിന്റെ ഈ വർഷത്തെ ടൈറ്റിൽ സ്പോൺസർ സ്പെക്ട്രം ഓട്ടോസ് ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫുഡ് കമ്മിറ്റി അംഗങ്ങളായ റോയി മാത്യു (845-649-9732), സാബു സ്കറിയ (267-980-7923), ജോയി ഇട്ടൻ (914-564-1702, റവ.ഫാ. ബെൽസൺ കുര്യാക്കോസ് (516-639-9791), ബോബി കുര്യാക്കോസ് (845-596-0424) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# ടാലന്റ് ടൈം 2026–ന് സമാപനം

വാഷിംഗ്ടൺ ഡിസി: കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടൺ സംഘടിപ്പിച്ച ടാലന്റ് ടൈം 2026-ന് മേരിലാൻഡിലെ സിൽവർ സ്പ്രിംഗ് വീറ്റൺ ഹൈസ്കൂളിൽ ആഘോഷനിർഭരമായ സമാപനം നടന്നു. വാഷിങ്ടൺ ഡിസി ഏരിയയിൽ നാലു ദിവസങ്ങളിലായി നടന്ന കലോത്സവത്തിന് ഗംഭീര പരിസമാപ്തിയായി.

ഏകദേശം 30-ൽപരം വ്യത്യസ്ത ഇനങ്ങളിലായി എണ്ണൂറിലധികം മത്സരാർത്ഥികൾ പങ്കെടുത്ത ഈ കലോത്സവം അതിന്റെ മികച്ച നടത്തിപ്പും ഡിസി ഏരിയയിലെ ഇന്ത്യൻ സമൂഹത്തിന്റെ സജീവ പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായി.

കെഎജിഡബ്ല്യു പ്രസിഡണ്ട് ഡോ. നാരായണൻ വളപ്പിലിന്റെയും ടാലെന്റ് ടൈം കോ-ഓർഡിനേറ്റർ നിഫി സജിയുടെയും നേതൃത്വത്തിൽ ടാലന്റ് ടൈം കമ്മിറ്റിയുടെ കഴിഞ്ഞ ആറു മാസക്കാലത്തെ പരിശ്രമ ഫലമായാണ് ഇത്രയും വലിയ കലോത്സവം ഡിസി ഏരിയയിൽ വിജയകരമായി സംഘടിപ്പിക്കാനായത്.

കഴിഞ്ഞ പതിനഞ്ച് വർഷങ്ങളിലേറെയായി ഈ കലോത്സവം നടത്തിവരുന്ന കെഎജിഡബ്ല്യുവിനെ മത്സരാർത്ഥികളും അവരുടെ കുടുംബാംഗങ്ങളും അനുമോദിച്ചു.

ഈ കലാമാമാങ്കത്തിനൊടുവിൽ അർജ്ജുനൻ സെറ്റിപ്പള്ളി കലാപ്രതിഭയായും അശ്വിക ശ്രീ കലാതിലകമായും റൈസിംഗ് സ്റ്റാർസ് ആയി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഇഷാൻ കുമാറും പെൺകുട്ടികളുടെ വിഭാഗത്തിൽ മൃദുലയ ശങ്കറും തെരഞ്ഞെടുക്കപ്പെട്ടു. മലയാള ഭാഷയുടെ തന്മയത്വവും സ്നേഹവും കുട്ടികളുടെ ഇടയിൽ വളർത്തുന്നതിനായി നടത്തിയ മലയാള കവിത, പ്രസംഗ മത്സരങ്ങൾക്കൊടുവിൽ അശ്വന്ദ് ശ്രീ മലയാള ഭാഷാരത്നമായി തെരഞ്ഞെടുക്കപ്പെട്ടു.







# ചിക്കാഗോയിൽ നടത്തപ്പെട്ട പ്രഥമ മലയാളി സന്യാസിനി സംഗമം ചരിത്രസംഭവമായി

തയ്യാറാക്കിയത് :
ജോസ് കണിയാലി





**റോയി ചേലമലയിൽ**

ചിക്കാഗോ: സെ. തോമസ് സീറോ മലബാർ രൂപതാ സ്ഥാപനം, അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലിഎന്നിവയുടെ ഭാഗമായി അമേരിക്കയിലും കാനഡയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമം ചിക്കാഗോയിലെ ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സമാപിച്ചു.

ഏപ്രിൽ 17-ാം തീയതി വെള്ളിയാഴ്ച നടന്ന ഉദ്ഘാടനസമ്മേളനം നിരവധി വൈദിക മേലദ്ധ്യക്ഷന്മാരുടെയും 28-ൽപരം സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ അമേരിക്കയിലെ ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തു.

വെള്ളിയാഴ്ച നടന്ന സെമിനാറിന് സ്പ്രിംങ്ഫീൽഡിലെ ബിഷപ് അഭി. തോമസ് പാപ്രോക്കി നേതൃത്വം നല്കി. വൈകുന്നേരം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികനായിരുന്നു. ബിഷപ് റോബർട്ട് പിപ്റ്റ വചനസന്ദേശം നല്കി. അഭി. ജേക്കബ് അങ്ങാടിയത്ത് പിതാവും നിരവധി വൈദികരും സഹകാർമ്മികരായി. തുടർന്ന് മുത്തുക്കുടകളുടെയും ചെണ്ടമേളങ്ങളുടെയും അകമ്പടിയോടെ ഈ സംഗമത്തിൽ പങ്കെടുത്ത ഇരുനൂറ്റിഅമ്പതിൽപ്പരം സന്യാസിനികളെ ആദരിച്ച് പ്രദക്ഷിണമായി സമ്മേളന നഗരിയിലേക്ക് ആനയിച്ചു.

തുടർന്നു നടന്ന പൊതുസമ്മേളനം ബിഷപ് റോബർട്ട് പിപ്റ്റ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ബിഷപ് ജോയി ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. ജൂബിലേറിയൻ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, വാഷിങ്ടൺ വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസിലെ മതാന്തര ബന്ധങ്ങളിലെ ലെയ്സൺ ഓഫീസറും മലങ്കര ഓർത്തഡോക്സ് രൂപതാംഗവുമായ റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനി റവ. സിസ്റ്റർ അമേലിയ, സിസ്റ്റർ ആനി സെറീൻ എന്നിവർ അനുഗ്രഹപ്രസംഗങ്ങൾ നടത്തി.

















ഈ സംഗമത്തിനു നേതൃത്വം നല്കിയവരെയും സാമ്പത്തിക സഹായം നല്കിയവരെയും ആദരിച്ച ചടങ്ങിന് സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന വികാരി ഫാ. ഏബ്രഹാം കളരിക്കൽ നേതൃത്വം നല്കി. ചിക്കാഗോ സീറോ മലബാർ രൂപതാ വികാരി ജനറാളന്മാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, രൂപതാ ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, സിസ്റ്റർ ലിസാ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ ചെയർപേഴ്സണും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ സ്വാഗതവും ജനറൽ കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിൽ നന്ദിയും രേഖപ്പെടുത്തി. എലൈൻ ഒറ്റതൈക്കൽ സമ്മേളനത്തിന്റെ എംസിയായി പ്രവർത്തിച്ചു. തുടർന്ന് ചിക്കാഗോ കത്തീഡ്രൽ, സെ. മേരീസ് സേക്രഡ് ഹാർട്ട് ഇടവകയിലെ കലാകാരികളും കലാകാരന്മാരും ചേർന്ന് അവതരിപ്പിച്ച കലാസന്ധ്യ ഏറെ പ്രശംസ നേടി. നിയ ചെള്ളക്കണ്ടത്തിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിവർ കലാപരിപാടികളുടെ കോ-ഓർഡിനേറ്റർമാരായിരുന്നു. നിയ ചെള്ളക്കണ്ടത്തിൽ കലാപരിപാടികളുടെ എംസിയായി പ്രവർത്തിച്ചു.

ശനിയാഴ്ച രാവിലെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. യു.എസ്. ഗവൺമെന്റിൽ സീനിയർ എക്സിക്യൂട്ടീവ് ഓഫീസറായി സേവനം ചെയ്യുന്ന റവ.ഫാ. അലക്സാണ്ടർ കുര്യനും ഡൊമിനിക്കൻ സന്യാസിനിയായ സിസ്റ്റർ അമേലിയ ഹൂളറും സെമിനാറുകൾ നയിച്ചു.

തുടർന്നു നടന്ന സമാപന സമ്മേളനത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന് ജൂബിലി മംഗളങ്ങൾ അർപ്പിച്ചു. മാർ ജോയി ആലപ്പാട്ട്, റവ.ഫാ. അലക്സാണ്ടർ കുര്യനും ഡൊമിനിക്കൻ സന്യാസിനിയായ സിസ്റ്റർ അമേലിയ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് മുളവനാൽ, ഫാ. ഏബ്രഹാം കളരിക്കൽ, സിസ്റ്റർ ലിസാ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.





അമേരിക്കയിൽ ആദ്യമായി സംഘടിപ്പിച്ച ഈ സന്യാസിനി സംഗമത്തിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സും ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടാണ് മടങ്ങിയത്. ബെൻസൻവിൽ ക്നാനായ ഫൊറോന ഇടവകയിൽ വെച്ച് നടത്തിയ ഈ സംഗമം കൂട്ടായ്മയുടെയും കൃത്യമായ മുന്നൊരുക്കങ്ങളുടെയും ഏകോപനത്തിന്റെയും ആതിഥ്യമര്യാദകളുടെയും വിവിധ ഇടവകകളുടെ സഹകരണത്തിന്റെയും അപൂർവമായ പുതുചരിത്രം രചിച്ചുകൊണ്ട് ശനിയാഴ്ച വൈകുന്നേരം സമാപിച്ചു.

## ചിക്കാഗോയിൽ നടത്തപ്പെട്ട പ്രഥമ മലയാളി സന്യാസിനി സംഗമം ചിത്രങ്ങളിലൂടെ...














































































MALAYALEE SISTERS' KOINONIA 2026
BENSENVILLE-CHICAGO
April 17-18, 2026
SACRED HEART KNANAYA FORANE CHURCH
ST. THOMAS SYRO MALABAR EPARCHY OF CHICAGO, USA
2001
2026
WE WALK BY FAITH, NOT BY SIGHT








MALAYALEE SISTERS' KOINONIA 2026
BENSENVILLE-CHICAGO
April 17-18, 2026
SACRED HEART KNANAYA FORANE CHURCH







# സി.ടി.എം.എയുടെ പിക്നിക്കും കുടുംബസംഗമവും

ബിജു മുണ്ടക്കൽ

ചിക്കാഗോ: സിറ്റി ട്രാൻസിറ്റ് മലയാളി അസോസിയേഷൻ (സിടിഎംഎ) അതിന്റെ പ്രവർത്തന പന്ഥാവിൽ ഒരു വർഷംകൂടി മുമ്പോട്ട് ചുവടുവെക്കുന്നതിന്റെ ഭാഗമായി സിറ്റി ട്രാൻസിറ്റ് മലയാളി അസോസിയേഷന്റെ സംയുക്തമായ ഒരു കൂടിവരവ് ഏപ്രിൽ 12-ന് ഞായറാഴ്ച വൈകിട്ട് 7 മണിക്ക് മോർട്ടൻഗ്രോവിലുള്ള Chef of Siam ഹോട്ടലിൽ വെച്ച് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ 25-ൽപരം കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ കൂടി പുതുവർഷ പരിപാടികൾ ചർച്ച ചെയ്തു തീരുമാനിച്ചു. വൈസ് പ്രസിഡണ്ട് റ്റോമി മേത്തിപ്പാറ വന്നുചേർന്നവർക്ക് സ്വാഗതമാശംസിച്ചു.



തുടർന്നു നടന്ന ചർച്ചയിൽ സംഘടനയിൽ ഒരുമിച്ചു കൂടുന്നതിന്റെ ആവശ്യകതയെപ്പറ്റി പലരും ഊന്നിപ്പറഞ്ഞു. പെൻഷൻ ആയതിനുശേഷം ജീവിതം എത്ര സന്തോഷവും ആനന്ദകരവുമാണെന്ന് പല അംഗങ്ങളുടെയും ജീവിതാനുഭവങ്ങൾ പങ്കുവെക്കുകയുണ്ടായി. എന്നാൽ, ഇപ്പോൾ ജോലിയിൽ തുടരുന്നവർക്ക് അവരുടെ ഹെൽത്ത് ഇൻഷ്വറൻസ്, പെൻഷൻ ഇവയുടെ പ്രാധാന്യത്തെപ്പറ്റി അവർക്ക് ആവശ്യമായ ഉപദേശവും പ്രോത്സാഹനവും നല്കി അവരെ സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്തു.

സെക്രട്ടറി മോൻസി ചാക്കോ പുതിയ വർഷത്തെ പരിപാടികളെപ്പറ്റി വിവരിച്ചു. സിടിഎംഎയുടെ ചരിത്രത്തിൽ ആദ്യമായി ജൂൺ 27-ന് ശനിയാഴ്ച രാവിലെ 9 മുതൽ നൈൽസിലുള്ള മയാമി വുഡ് ഫോറസ്റ്റ് പ്രിസേർവിൽ വെച്ച് സിടിഎംഎ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും കൂടി ഒത്തുചേർന്ന്, അവരുടെ മാനസികവും ശാരീരികവുമായ സന്തോഷത്തിനു വേണ്ടി ഒരു പിക്നിക് ക്രമീകരിക്കുവാൻ ഐകകണ്ഠ്യേന തീരുമാനിച്ചു. അതോടൊപ്പം സിടിഎംഎയുടെ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് നടത്താനിരിക്കുന്ന കുടുംബസംഗമത്തെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊണ്ടു. ട്രഷറർ റോയി ജോസഫ് വന്നുചേർന്നവർക്ക് നന്ദി പ്രകാശിപ്പിച്ചു.

പിക്നിക്കിന്റെ സുഗമമായ നടത്തിപ്പിനായി ഏവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നതായി കൺവീനർ റ്റോമി മേത്തിപ്പാറ അഭ്യർത്ഥിച്ചു.

# ഐപിസി ഈസ്റ്റേൺ റീജിയൺ ലീഡർഷിപ് സെമിനാർ

നിബു വെള്ളവന്താനം




ന്യൂയോർക്ക്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ ജൂൺ 27-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ ഗ്രേസ് ക്രിസ്ത്യൻ ചർച്ചിൽ വെച്ച് നടത്തപ്പെടും. (172 വില്ലിസ് അവന്യൂ, മിനിയോള, ന്യൂയോർക്ക് 11501).

21-ാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ നേതൃത്വവും ആത്മാവിനാൽ നയിക്കപ്പെടുന്ന ശുശ്രൂഷകളും എന്ന വിഷയത്തെ ആസ്പദമാക്കി ഒക്കലഹോമയിലെ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റി തിയോ ംസൺ കെ. മാത്യു മുഖ്യപ്രഭാഷണം നടത്തും. സഭാ വിഭാഗ വ്യത്യാസമില്ലാതെ ഏവരേയും സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുന്നുവെന്ന് പ്രസിഡണ്ട് റവ.ഡോ. ഇട്ടി ഏബ്രഹാം അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: റവ.ഡോ. ഇട്ടി ഏബ്രഹാം (917) 373 8118, റവ. ജേക്കബ് ജോർജ് (917) 533 5870, റവ. ജോൺസൺ ഏബ്രഹാം (914) 426 2992, ബ്ലെസൻ ജോയ് (973) 902 7722, ജോസ് ബേബി (516) 728 2070.

# ഭരണപരിഷ്കാരങ്ങൾക്കായി കെ.എച്ച്.എൻ.എ ബൈലോ കമ്മിറ്റി രൂപീകരിച്ചു

അനഘ വാരിയർ

ചിക്കാഗോ: വടക്കെ അമേരിക്കയിലെ ഹിന്ദു സമൂഹത്തിന്റെ സാംസ്കാരിക പൈതൃകവും സാമൂഹിക ഐക്യവും ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) സംഘടനയുടെ ഭരണഘടനയിലും ചട്ടങ്ങളിലുമായി കാലാനുസൃതമായ ഭേദഗതികൾ നടപ്പാക്കുന്നതിനായി 2025-2027 പ്രവർത്തന കാലഘട്ടത്തിലേക്കുള്ള ബൈലോ കമ്മിറ്റി രൂപീകരിച്ചു.




ടി.എൻ. നായർ ചെയർമാനായുള്ള കമ്മിറ്റിയിൽ പ്രസന്നൻ പിള്ള, സുരേന്ദ്രൻ നായർ, ഡോ. സതീഷ് അമ്പാടി, രഘുവരൻ നായർ എന്നിവർ അംഗങ്ങളായി ചുമതലയേറ്റു പ്രവർത്തനങ്ങൾ ആരംഭിച്ചു.

സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ ക്രമീകരിക്കുകയും ഭാവി വളർച്ചയ്ക്ക് ഉറച്ച അടിത്തറ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ദീർഘ സംഘടനാനുഭവമുള്ള അംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ട് സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്ന രീതിയിൽ ഭരണഘടനാ ഭേദഗതികൾ രൂപപ്പെടുത്തുകയെന്നതാണ് പ്രധാന ലക്ഷ്യം.

കെഎച്ച്എൻഎയുടെ മുൻ പ്രസിഡണ്ടും സ്ഥാപക അംഗങ്ങളിൽ ഒരാളുമായ ടി.എൻ. നായർ കമ്മിറ്റിക്ക് നേതൃത്വം വഹിക്കുന്നു.

സംഘടനയുടെ തുടക്കകാലം മുതൽ സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് കമ്മിറ്റിക്ക് വലിയ കരുത്താണ്. ബൈലോ രൂപീകരണത്തിലും പരിഷ്കരണങ്ങളിലും നിർണായക പങ്കു വഹിച്ച മുൻ ട്രസ്റ്റി ബോർഡ് അംഗവും നിലവിലെ ഡയറക്ടർ ബോർഡ് അംഗവുമായ പ്രസന്നൻ പിള്ളയുടെ പങ്കാളിത്തം കമ്മിറ്റിക്ക് വ്യക്തമായ ദിശാബോധം നല്കുന്നു.

കൂടാതെ മുൻ പ്രസിഡണ്ടുമാരായ സുരേന്ദ്രൻ നായർ, ഡോ. സതീഷ് അമ്പാടി, മുൻ ട്രഷററും നിലവിലെ ട്രസ്റ്റി ബോർഡ് അംഗവുമായ രഘുവരൻ നായർ എന്നിവരുടെ അനുഭവസമ്പത്തും ദർശനവും ഈ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണയായി മാറും.

സംഘടനയുടെ ദീർഘകാല വളർച്ചയും സ്ഥിരതയും ഉറപ്പിക്കുന്നതിനായി ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ അനിവാര്യമാണെന്ന് കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു.

ഈ ബൈലോ കമ്മിറ്റി പ്രവർത്തനം കെഎച്ച്എൻഎയെ കൂടുതൽ ശക്തവും ഉത്തരവാദിത്വമുള്ളതുമായ സംഘടനയായി ഉയർത്തുന്നതിനുള്ള നിർണായക ചുവടുവെപ്പാണെന്ന് ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ പ്രത്യാശ പ്രകടിപ്പിച്ചു.

# NAVYUG CHILDREN'S THEATRE CAMP CONCLUDES ON A HIGH NOTE

George Abraham

The Navyug Children's Theatre, under the aegis of the Pala K. M. Mathew Foundation, successfully concluded its five-day theatre camp, reaffirming its commitment to nurturing young talent—especially children from economically disadvantaged backgrounds.



The camp brought together nearly forty participants, ranging in age from 5 to 18, from different parts of Kerala. Over the course of five intensive and engaging days, the children immersed themselves in a variety of creative disciplines, including acting, dance, and mono acts, showcasing both their talent and enthusiasm.

The inaugural function was graced by Thiruvanchoor Radhakrishnan, former Home Minister and current MLA from Kottayam, who formally opened the camp. George Abraham, Chairman of the Foundation, attended as the Chief Guest, while Baby Mathew Somatheeram presided over the event.

In his keynote address, George Abraham reaffirmed the Foundation's unwavering support for such initiatives. "These camps do far more than teach performance skills—they empower children, instill confidence, and build self-esteem," he said. He emphasized that theatre training enhances communication abilities, including voice clarity, articulation, and non-verbal expression. "It also nurtures creativity and imagination, encouraging children to think spontaneously and develop original ideas. The discipline of rehearsals teaches commitment, memory, and time management—benefits that are often underestimated," he added.

He also expressed his gratitude to Joshy Mathew, the noted filmmaker, for his dedication to mentoring young artists and helping them find their voice in the world of theatre.

The Navyug Children's Theatre Camp stands as a testament to the transformative power of the arts—providing not just a platform for performance, but a foundation for personal growth, confidence, and future opportunity






## ഡോ. വിനു ജോൺ ഡാനിയേലിന്റെ പിതാവ് പ്രഫ. ടി.ടി. ഡാനിയേൽ അന്തരിച്ചു

പത്തനംതിട്ട: കാതോലിക്കേറ്റ് കോളജ് ഹിന്ദി വിഭാഗം മുൻ എച്ച്ഒഡിയും റിട്ട. പ്രഫസറുമായ പ്രഫ. ടി.ടി. ഡാനിയേൽ (88) അന്തരിച്ചു. ഫിലാഡൽഫിയ മാർത്തോമ്മാ സഭാംഗവും അമേരിക്കയിലെ സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനായ ഡോ. വിനു ജോൺ ഡാനിയേലിന്റെ പിതാവാണ് പരേതൻ.

ഭാര്യ ശോശാമ്മ ഉമ്മൻ (കുഴിക്കാല സിഎംഎസ് ഹയർ സെക്കൻഡറി സ്കൂൾ മുൻ അദ്ധ്യാപിക). മക്കൾ: ഡോ. വിനോ ജോൺ ഡാനിയേൽ (യുഎസ്), വിനീത ആനി ഡാനിയേൽ (ഓസ്ട്രേലിയ). മരുമക്കൾ: കോഴഞ്ചേരി തെക്കേമല പാലനിൽക്കുന്നതിൽ ഡോ. ആഷ്‌ലി ഡാനിയേൽ, ചെങ്ങന്നൂർ കാഞ്ഞിക്കൽ പുത്തൻവീട്ടിൽ ഏബ്രഹാം കോശി.



വിദ്യാഭ്യാസ രംഗത്തു മാത്രമല്ല വിദ്യാർത്ഥികളുടെ വ്യക്തിജീവിതത്തിലും ദിശാബോധം നല്കിയ അദ്ധ്യാപകനായിരുന്നു അദ്ദേഹം. സാമൂഹിക പ്രവർത്തനങ്ങൾ ജീവിതമാക്കിയിരുന്ന അദ്ദേഹം സെ. ബേസിൽ അസോസിയേഷൻ വൈസ് പ്രസിഡണ്ടായും മദ്യനിരോധന സമിതി പ്രവർത്തകനായും ശ്രദ്ധേയമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ കൺവൻഷൻ പ്രസംഗകനും സുവിശേഷകനുമായിരുന്ന അദ്ദേഹം തനതായ വാഗ്മിത്വത്തിലൂടെ ആയിരങ്ങളെ ആകർഷിച്ചിരുന്നു. പത്തനംതിട്ട ജെസിഐ പ്രസിഡണ്ടായും വൈഎംസിഎ ഡയറക്ടർ ബോർഡ് മെംബറായും, ബൈബിൾ സൊസൈറ്റി പ്രവർത്തകനായും എക്യുമെനിക്കൽ അസോസിയേഷൻ അംഗമായും ശിശുക്ഷേമ സമിതി അംഗമായും വിവിധ മേഖലകളിൽ സജീവ സാന്നിദ്ധ്യമായിരുന്നു.

## സിസ്റ്റർ സാറാ കോവൂർ നയിച്ച ചിക്കാഗോ പിസിനാക്കിന്റെ അമ്പത് മണിക്കൂർ പ്രാർത്ഥന സമാപിച്ചു

കുര്യൻ ഫിലിപ്പ്



ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ വെച്ച് നടക്കുന്ന നാൽപതാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ അനുഗ്രഹത്തിനു വേണ്ടി 50 മണിക്കൂർ നീണ്ടുനിന്ന തുടർച്ചയായ മദ്ധ്യസ്ഥ പ്രാർത്ഥന സമാപിച്ചു. സിസ്റ്റർ സാറാ കോവൂർ നേതൃത്വം നല്കിയ മദ്ധ്യസ്ഥ പ്രാർത്ഥന ഏപ്രിൽ 21 ചെവ്വാഴ്ച രാവിലെ ആരംഭിച്ച് വ്യാഴാഴ്ച ഉച്ചയോടെ സമാപിച്ചു. ഡോ. ജോനാഥൻ ജോർജ് പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നല്കി ചിക്കാഗോയ്ക്കു പുറമെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്ന പ്രാർത്ഥനാ സഹകാരികളും സജീവമായി പ്രാർത്ഥനയിൽ പങ്കെടുത്തു. 5000-ത്തിലധികം പ്രതിനിധികൾ പങ്കെടുക്കുന്ന നാഷണൽ കോൺഫറൻസ് ഷാമ്ബർഗ് കൺവൻഷൻ സെന്ററിൽ ജൂലൈ 2 മുതൽ 5 വരെയാണ് നടക്കുന്നത്.

# നായർ അസോസിയേഷൻ വിഷു ആഘോഷിച്ചു

**സതീശൻ നായർ**

ചിക്കാഗോ: നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ വിഷുദിനാഘോഷങ്ങൾ നൈൽസിലുള്ള ഗോൾഫ് മെയ്നി കമ്യൂണിറ്റി സെന്ററിൽ വെച്ച് വിഷുക്കണി, വിഷുക്കൈനീട്ടം, വിഷുസദ്യ എന്നിവയോടു കൂടി ആഘോഷിച്ചു.



പ്രസിഡണ്ട് വിജി നായർ ഏവരേയും സ്വാഗതം ചെയ്യുകയും ഏവർക്കും ഐശ്വര്യവും സമ്പൽസമൃദ്ധിയും ആയുരാരോഗ്യവും നിറഞ്ഞ ഒരു വർഷമായിരിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. കൂടാതെ വിഷുവിന്റെ മാഹാത്മ്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പ്രസിഡണ്ടും മറ്റു ഭാരവാഹികളും ചേർന്ന് ഭദ്രദീപം കൊളുത്തി വിഷു പരിപാടികൾ ഉദ്ഘാടനം ചെയ്തു. വിഷുവിന് ഏറ്റവും പ്രധാനം വിഷുക്കണിയും കൈനീട്ടവുമാണ്. വിഷുക്കണി ഒരുക്കങ്ങൾ ലീലാ പിള്ളയുടെ നേതൃത്വത്തിൽ നടന്നു. എം.ആർ.സി. പിള്ളയും വിജി നായരും ചേർന്ന് വിഷുക്കൈനീട്ടം നല്കി.



വിഷുദിനാഘോഷത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളും അരങ്ങേറി. സിദ്ധാർത്ഥ് ടീമിന്റെ നേതൃത്വത്തിൽ നടത്തിയ ഫ്ളൂട്ട് ഫ്യൂഷൻ, സോളോ സെറാഫിന്റെ സോളോ ഡാൻസ്, ഗാനാലാപനം, ലക്ഷ്മി നായർ, രശ്മി നായർ, രമ്യ നായർ എന്നിവരുടെ ഭക്തിസാന്ദ്രമായ ഗാനം, സൗപർണിക, കലാക്ഷേത്ര അവതരിപ്പിച്ച കുട്ടികളുടെ ഡാൻസ്, തരംഗ് ടീമിന്റെ കുട്ടികളുടെയും മുതിർന്നവരുടെയും ഡാൻസ്, ടീം നർത്തകീസ് അവതരിപ്പിച്ച ഡാൻസ്, ഓംകാരം ചിക്കാഗോയുടെ ചെണ്ടമേളം തുടങ്ങി വിവിധ പരിപാടികൾ ചടങ്ങിനെ പ്രൗഢഗംഭീരമാക്കി. ചടങ്ങിൽ ഇന്ത്യാ പ്രസ്ക്ലബ് ചിക്കാഗോ പ്രസിഡണ്ടും കമ്മിറ്റി മെംബറുമായ പ്രസന്നൻ പിള്ള, സിഎംഎ പ്രസിഡണ്ട് ജോസ് മണക്കാട്ട്, ഐഒസി ചിക്കാഗോ പ്രസിഡണ്ട് ജോർജ് പണിക്കർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

വിവിധ പരിപാടികൾക്ക് അരവിന്ദ് പിള്ള, രഘു നായർ, രാജഗോപാലൻ നായർ, പ്രസാദ് പിള്ള, ചന്ദ്രൻപിള്ള, ജിതേന്ദ്ര കൈമൾ, മഹേഷ് കൃഷ്ണൻ, അജി പിള്ള, വിജയ പിള്ള തുടങ്ങിയവർ നേതൃത്വം നല്കി. കലാപരിപാടികൾക്ക് ദീപു നായർ നേതൃത്വം നല്കുകയും കൂടാതെ എംസിയുമായിരുന്നു. സെക്രട്ടറി സുരേഷ് ബാലചന്ദ്രൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

പ്രത്യേകിച്ചും വാളണ്ടിയറായി പ്രവർത്തിച്ച ഏവരേയും അദ്ദേഹം അഭിനന്ദിച്ചു.







# പ്രായമായവരുടെ വിയോഗവും നമ്മുടെ വായനയും




ലേഖനം



അനിൽ പെണ്ണുക്കര

വാർത്തകൾ വിരൽത്തുമ്പിൽ ഒഴുകുന്ന ഈ കാലത്ത്, സോഷ്യൽ മീഡിയ ഫീഡുകളിലും പത്രത്താളുകളിലും നാം ഏറ്റവും കൂടുതൽ നേരം നോക്കി നിൽക്കുന്ന ഒന്നായി മരണവാർത്തകൾ മാറിയിരിക്കുന്നു. വിശിഷ്യ, 80-ഉം 90-ഉം വയസ്സു കഴിഞ്ഞ പ്രായമായവരുടെ മരണവാർത്തകൾക്ക് ഇന്ന് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. പ്രവാസ ലോകത്തായാലും നാട്ടിലായാലും, ഇത്തരം വാർത്തകൾ ആയിരക്കണക്കിന് ആളുകൾ വായിക്കുകയും പങ്കുവെക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് ഈ 'ചരമ വാർത്തകൾ' ഇത്രയധികം ശ്രദ്ധിക്കപ്പെടുന്നത്?

ഭരണരംഗത്തെ നേട്ടങ്ങളോ രാഷ്ട്രീയ അഭിമുഖങ്ങളോ വായിക്കുന്നതിനേക്കാൾ താല്പര്യത്തോടെ ആളുകൾ ഒരു വ്യക്തിയുടെ ജീവിതയാത്രയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഇതിനു പിന്നിൽ പുതിയ തലമുറയ്ക്ക് പഴമയോടുള്ള ബഹുമാനവും, വേരുകളിലേക്കുള്ള തിരിച്ചുപോക്കും പ്രകടമാണ്.

പലപ്പോഴും പ്രവാസികളായ മക്കളും കൊച്ചുമക്കളും തങ്ങളുടെ മാതാപിതാക്കളുടെ മരണവാർത്തകൾ പങ്കുവെക്കുമ്പോൾ അതിൽ അവരുടെ കൊച്ചുമക്കളുടെ പേര് വരെ ഉൾപ്പെടുത്താറുണ്ട്. ഇത് കേവലം ഒരു അറിയിപ്പല്ല, മറിച്ച് ആ വ്യക്തി അത്രയും കാലം പകർന്നു നൽകിയ കരുതലിനും സ്നേഹത്തിനും നൽകുന്ന ആദരവാണ്. തങ്ങളെ വളർത്താൻ അവർ നാട്ടിലും മറുനാട്ടിലും അനുഭവിച്ച കഷ്ടപ്പാടുകൾ, പിന്നീട് ജീവിതത്തിന്റെ സായാഹ്നത്തിൽ മക്കൾ അവരെ വിദേശ രാജ്യങ്ങളിൽ കൊണ്ടുപോയി പരിചരിച്ചത് - ഇതെല്ലാം ആ വരികൾക്കിടയിൽ വായിച്ചെടുക്കാം.

പുതിയ തലമുറയെക്കുറിച്ച് നാം പറയാറുള്ള പരാതികൾ പലപ്പോഴും തെറ്റാണെന്ന് ഇത്തരം വായനകൾ തെളിയിക്കുന്നു. അവർക്ക് ബന്ധങ്ങളോടും പ്രായമായവരോടും വലിയ ബഹുമാനമുണ്ട്. ഒരു മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ മരണം ഒരു നാടിന്റെയോ കുടുംബത്തിന്റെയോ ചരിത്രത്തിന്റെ അവസാനമായാണ് അവർ കാണുന്നത്. അതുകൊണ്ട് തന്നെ ആ വാർത്തകൾ അവർ ഹൃദയപൂർവ്വം വായിക്കുന്നു.

സാധാരണ വാർത്തകളേക്കാൾ കൂടുതൽ ആളുകൾ ഇത്തരം ചരമക്കുറിപ്പുകൾ വായിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഒരു രാഷ്ട്രീയ നേതാവിന്റെ അഭിമുഖത്തിന് ലഭിക്കുന്നതിനേക്കാൾ വായനക്കാർ ഒരു സാധാരണക്കാരന്റെ ജീവിതകഥയ്ക്ക് ലഭിക്കുന്നു. മനുഷ്യബന്ധങ്ങളുടെ ആഴവും, ഒരാൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും അറിയാനുള്ള ആകാംക്ഷയാണിതിന് കാരണം.

ജീവിച്ചിരുന്നപ്പോൾ അവർ നൽകിയ സ്നേഹവും, അവരുടെ കഷ്ടപ്പാടിലൂടെ വളർന്നുവന്ന ഒരു തലമുറ നൽകുന്ന നന്ദിയും ആ വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നു. മരണശേഷവും ആ വ്യക്തിയെ ലോകം ഓർക്കുന്നു എന്നത് അവർ ജീവിതത്തിൽ സമ്പാദിച്ച ഏറ്റവും വലിയ പുണ്യമാണ്.

ചുരുക്കത്തിൽ, പ്രായമായവരുടെ മരണവാർത്തകൾ വെറുമൊരു അറിയിപ്പല്ല; മറിച്ച് അത് സ്നേഹത്തിന്റെ, കരുതലിന്റെ, നന്ദിയുടെ ഒരു വലിയ സാക്ഷ്യപത്രമാണ്. പുതിയ തലമുറ ആ വാർത്തകൾ വായിക്കുന്നത് ആ പഴയ കാലത്തിന്റെ മൂല്യങ്ങളെ നെഞ്ചേറ്റിക്കൊണ്ടുതന്നെയാണ്.

# സൂര്യതാപം

കവിത



ഉഷാ നായർ, ഡാളസ്

എന്റെയാ നല്ലോരു കൊച്ചു സുഷുപ്തിയിൽ
ഒട്ടേറെ സ്വപ്നങ്ങൾ നെയ്തു കിടക്കവെ!
പെട്ടെന്നു വന്നു പതിച്ചെന്റെ മേലെയാ,
തങ്കച്ചിറകുള്ള സൂര്യന്റെ രശ്മികൾ.
ഒട്ടൊരു ആലസ്യമോടെന്റെ കണ്ണുകൾ,
പയ്യെ തുറന്നു ഞാൻ ഒന്നങ്ങു നോക്കിയും.
ശക്തിയേറിടുന്ന അർക്കന്റെ രശ്മികൾ
എന്റെ മേലാകവെ വന്നു പതിക്കുന്നു!
നല്ല പ്രകാശവും ഒട്ടൊരു താപവും കൊണ്ടെന്റെ മേലാകെ
കെട്ടിപുണർന്നപോൽ
അരുണോദയത്തിന്റെ ആ ഭംഗി കണ്ടു ഞാൻ
എല്ലാം മറന്നങ്ങു നോക്കി കിടക്കവെ!

ഏഴുനിറത്തോടെ മിന്നിതിളങ്ങുന്ന,
സൂര്യ ഭഗവാനെ വന്ദിച്ചു ഞാനപ്പോൾ!
താപങ്ങൾ പയ്യവെ ഏറിതുടങ്ങിയേൻ,
സൂക്ഷിച്ചു നോക്കിയെൻ കണ്ണുകൾ ചിമ്മിപ്പോയ്!
എത്രയോ കാതങ്ങൾ ദൂരത്തു നിന്നത്
എത്ര പ്രകാശങ്ങൾ ഏകുന്നു ഭൂമിയിൽ!
പച്ചച്ചെടികൾക്ക് ആഹാരമേകുവാൻ,
നല്ലൊരു ജീവശ്വാസം നമുക്കാകുവാൻ,
എത്ര പറഞ്ഞാലും തീരാത്ത നന്മകൾ
ദൈനം ദിനം തന്നു കാക്കുന്നു നമ്മളെ!
ഭൂമിപ്രപഞ്ചത്തെ എന്നുമെ കാക്കുന്ന
സൂര്യ ഭഗവനെ എന്നും നമിക്കും ഞാൻ!

വാരാന്ത്യം



# ലൗലി വർഗീസ്, മോണിക്ക സൂക്ക: സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ദൃഢബന്ധം

ഫീച്ചർ
അനിൽ പെണ്ണുക്കര

ആത്മസൗഹൃദം വേരുന്നിയ പതിറ്റാണ്ടുകൾക്കിപ്പുറവും മോണിക്ക സൂക്കയ്ക്ക് ജന്മദിനാശംസകളുമായി ലൗലി വർഗീസ്. അറിയാനും പറയാനും പങ്കുവയ്ക്കാനും ചിക്കാഗോയിൽ കൊല്ലപ്പെട്ട പ്രവീൺ വർഗീസിന്റെ അമ്മ ലൗലി വർഗീസിനോടൊപ്പം നിഴലായി കൂടെകൂടിയ മോണിക്ക സൂക്ക അൻപതുകളിലേക്ക് കടക്കവെ, ലൗലി വർഗീസ് ഫേസ്ബുക്കിൽ കുറിച്ച പിറന്നാൾ ആശംസകളാണ് ഇപ്പോൾ ശ്രദ്ധേയമാകുന്നത്. ഇരുവരും തമ്മിലുള്ള സൗഹൃദത്തിന്റെ ആഴവും പരപ്പും ലൗലി വർഗീസിന്റെ ഈ വാക്കുകളിൽ നിന്നും സ്പഷ്ടമാണ്:

"ഞങ്ങളുടെ പ്രിയപ്പെട്ട മോണിക്കയ്ക്ക് 50-ാം പിറന്നാൾ ആശംസകൾ..! നീ എനിക്ക് അതി വിശിഷ്ടമായ ഒരു വ്യക്തിയും സ്നേഹമുള്ള സുഹൃത്തുമാണ്. ഈ ഓരോ വർഷങ്ങളിലും ഞാൻ കടന്നു പോയ എന്റെ എല്ലാ കാര്യങ്ങളിലും നീ എന്നോടൊപ്പം നിന്നു. നമ്മുടെ കുടുംബത്തിനായി നീ ചെയ്ത എല്ലാ കാര്യങ്ങൾക്കും ഞങ്ങൾ ഏറെ നന്ദിയുള്ളവരാണ്. ഞങ്ങൾക്കായി പ്രവീൺ ഏറ്റവും മികച്ചതേ കണ്ടെത്തുകയുള്ളൂ. ആ അവൻ തന്നതാണ് ഞങ്ങൾക്ക് നിന്നെ... ഞങ്ങളുടെ ജീവിതത്തിൽ ഒരു വലിയ താങ്ങായി നീയുണ്ടാകുന്നതിന് ദൈവത്തോട് ഞങ്ങൾ നന്ദി പറയുന്നു. നമുക്ക് രണ്ട് പേർക്കും ഒരേ പിറന്നാളാണെന്ന് കണ്ടെത്തിയ ദിവസം ഇന്നും ഞാൻ ഓർക്കുന്നുണ്ട് പ്രിയ മോണിക്ക...,

നിങ്ങളുടെ ദിവസം സന്തോഷത്തോടെ ആഘോഷിക്കൂ, കുറച്ച് ദിവസങ്ങൾക്ക് ശേഷം നമുക്ക് തമ്മിൽ കാണാം, നമ്മുടെ പിറന്നാൾ ഒരുമിച്ച് ആഘോഷിക്കാം...'

2014 ലാണ് കാർബൺഡയിലിലെ വനാന്തരങ്ങളിൽ വെച്ച് നിയമവിദ്യാർത്ഥിയായ പ്രവീൺ വർഗീസ് കൊല്ലപ്പെടുന്നത്. അന്നുതൊട്ട് പ്രവീണിന്റെ ആ വിയോഗത്തിൽ നെഞ്ചുപൊട്ടി കരഞ്ഞ ലൗലി വർഗീസ് എന്ന അമ്മയ്ക്ക് താങ്ങായി നിൽക്കാൻ, സ്വമനസ്സാലെ മുന്നോട്ടുവന്ന വ്യക്തിയാണ് മോണിക്ക സൂക്ക. പിന്നീട് പ്രവീണിന് നീതി തേടിയുള്ള ലൗലി വർഗീസിന്റെ പോരാട്ടത്തിൽ, അവർ ചങ്കുറപ്പോടെ, ഒരേ മനസ്സായി കൂടെ കൂടുകയും പ്രവീൺ വധക്കേസ് ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി റേഡിയോ ജോക്കി ആയുള്ള അവരുടെ പ്രവർത്തനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു.

മരണാനന്തരം പ്രവീണിന് ലഭിച്ച മറ്റൊരമ്മ തന്നെയാണ് മോണിക്കസൂക്കാ. കാലങ്ങൾ കഴിഞ്ഞുപോയെങ്കിലും ലൗലി വർഗീസിനും കുടുംബത്തിനുമായി അവർ നൽകിയ സ്നേഹത്തിനും സഹായങ്ങൾക്കും പിന്തുണയ്ക്കും ഇന്നും ഒരു കുറവും സംഭവിച്ചിട്ടില്ല എന്നതിന്റെ തെളിവുകളാണ് ലൗലി വർഗീസ് ഫേസ്ബുക്കിൽ കുറിച്ച ഈ



വാക്കുകൾ. പ്രവീണിന്റെ രണ്ടമ്മമാർ തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഈ ദൃഢബന്ധം ഇനിയും ആഴത്തിൽ തുടരട്ടെയെന്ന് നമുക്ക് ആശംസിക്കാം... അതുവഴി മറ്റൊരു ലോകത്തിരുന്ന് പ്രവീണും ആശ്വാസം കൊള്ളട്ടെ.

# വെള്ളിമേഘങ്ങൾ പൊഴിയുമ്പോൾ

കവിത



നമ്പ്രേത്തിൽ
ജോസ് വർഗീസ്

താരാപഥത്തിൽ
നിന്നെ തെരെയുമ്പോൾ
നക്ഷത്രങ്ങൾ കവിതയിൽ
നിന്റെ കണ്ണുകളെഴുതുന്നു!
അമ്പിളി നെയ്യാമ്പലിനു
പറഞ്ഞുകൊടുക്കുന്ന
കഥയിലും, താമരയ്ക്കു
സൂര്യനെഴുതും
പ്രണയലിപിയിലും
നിന്നഴകായിരുന്നി-
ഴച്ചേർത്തുവെച്ചത്!

നാട്ടിലെ, കാട്ടിലെ
പൂമരങ്ങളുടെ
പട്ടുടയാടയഴിക്കുന്ന
ഋതുക്കളുടെയിടയിൽ
നീയൊരു നാടോടിപാട്ടായി
പറക്കുന്നു!

നിന്നഴക് വനത്തിന്റെ മൗനവും,
സമുദ്രത്തിന്റെ വന്യതയും,
നീലാകാശത്തിന്റെ
ചാരുതയും,
നിലാവിന്റെ പൊന്നൊളിയും!
പൗർണ്ണമിയിലെ
പുൽമേടുപോലെ
ഞാൻ നഗ്നനായി കിടക്കുന്നു,
നിന്റെ പ്രണയാംബരമെന്നെ
പുതപ്പിക്കുവാൻ;
സ്വർഗ്ഗത്തിൻ പ്രണയം
വെള്ളിമേഘങ്ങളായ്
തുളുമ്പിത്തൂവുന്നു
നിന്നനുരാഗംപോലെ,
ഈ ചന്ദ്രനുദിക്കുന്ന ദിക്കിൽ!

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



**CONTACT**

+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



# B&M
AUTO COLLISION CTR

**Fast & Efficient**
**Quality Repair**
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# എന്റെ കൗമാരകാലം; മാഞ്ഞുപോകാത്ത ഓർമ്മകൾ

സി.വി. സാമുവേൽ

അടുത്തിടെ എന്റെ കുട്ടികളിലൊരാൾ എന്നോട് ലളിതമായ ഒരു ചോദ്യം ചോദിച്ചു: “ഡാഡിയുടെ കൗമാരകാലം എങ്ങനെയുള്ളതായിരുന്നു?” ആദ്യമൊക്കെ അതൊരു എളുപ്പമുള്ള ചോദ്യമായി തോന്നി. എന്നാൽ, ആലോചിക്കുന്തോറും ആ ചോദ്യത്തിനുള്ളിൽ എത്രത്തോളം അർത്ഥങ്ങളും ഓർമ്മകളും ഒളിഞ്ഞു കിടക്കുന്നുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. അമേരിക്കയിൽ ജനിച്ചു വളർന്ന എന്റെ മക്കൾക്കും കൊച്ചുമക്കൾക്കും കേരളത്തിലെ എന്റെ ആ പഴയകാല ജീവിതം സങ്കല്പിക്കുക അത്ര എളുപ്പമായിരിക്കില്ല.

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന 1943-ലാണ് ഞാൻ ജനിച്ചത്. കേരളത്തിലെ ആനിക്കാട് എന്ന ചെറിയ ഗ്രാമത്തിലായിരുന്നു എന്റെ വളർച്ച. ഇന്നത്തെപ്പോലെയുള്ള സൗകര്യങ്ങളൊന്നും അന്ന് സ്വപ്നങ്ങളിൽ പോലും ഉണ്ടായിരുന്നില്ല. വൈദ്യുതിയില്ല, ആധുനിക സൗകര്യങ്ങളില്ല. ഭൗതിക സമ്പത്തും കുറവായിരുന്നു.

ഞങ്ങളുടെ വീട്ടിൽ അന്ന് റേഡിയോ ഇല്ലായിരുന്നു. ഗ്രാമത്തിലെ ഒന്നോ രണ്ടോ വീട്ടിൽ മാത്രമേ റേഡിയോ ഉണ്ടായിരുന്നുള്ളൂ. വാർത്തകളും പാട്ടുകളും കേൾക്കാൻ ആളുകൾ അവിടെ ഒത്തുകൂടും. ടെലിവിഷനെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും എന്റെ കൗമാരകാലത്ത് ഞാനൊന്ന് കണ്ടിട്ടുപോലും ഇല്ലായിരുന്നു. എങ്കിലും ജീവിതം വിരസമായിരുന്നില്ല. ഓരോ ദിവസവും അർത്ഥവത്തായിരുന്നു.

ഇന്നത്തെ കുട്ടികളുടെ ജീവിതവുമായി താരതമ്യം ചെയ്യുമ്പോൾ എന്റെ



ലേഖകൻ

കൗമാരകാലം അത്ര ആഡംബരമുള്ളതായിരുന്നില്ല. മലയാളം മീഡിയം സ്കൂളിലായിരുന്നു എന്റെ പഠനം. ദിവസവും കൂട്ടുകാരോടൊപ്പം മൈലുകളോളം നടന്നാണ് ഞാൻ സ്കൂളിൽ പോയിരുന്നത്.

റോഡുകളൊന്നുമില്ല. പാടവരമ്പുകളിലൂടെയും ഇടവഴികളിലൂടെയും വേണമായിരുന്നു യാത്ര ചെയ്യാൻ. കനത്ത മഴയായാലും കത്തുന്ന വെയിലായാലും ആ യാത്ര മുടക്കാറില്ല. ആ നടത്തം ഞങ്ങളെ ക്ഷമയും കഠിനാദ്ധ്വാനവും പഠിപ്പിച്ചു. കൂടെ നടന്ന ആ കൂട്ടുകാരുമായി ഇന്നും നിലനില്ക്കുന്ന ആഴമേറിയ സൗഹൃദങ്ങൾ അന്ന് ഉണ്ടായതാണ്.

വീട്ടിലെ കാര്യങ്ങളിൽ സഹായിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമായിരുന്നു. പഠനത്തോടൊപ്പം തന്നെ വീട്ടിലെ കൃഷിപ്പണികളിലും ഞാൻ സഹായിച്ചിരുന്നു. പാടത്തെ പണികളായാലും മറ്റു ദൈനംദിന കാര്യങ്ങളായാലും എല്ലാവരും ഒത്തൊരുമിച്ചു ചെയ്തിരുന്നു.

പൈപ്പ് വെള്ളമില്ലാത്തതു കൊണ്ട് കുടിക്കാനും കുളിക്കാനും കിണറിനെയാണ് ആശ്രയിച്ചിരുന്നത്. വീട്ടിൽ കറണ്ട് ഇല്ലാത്തതിനാൽ മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിലിരുന്നാണ് വൈകുന്നേരങ്ങളിൽ പഠിച്ചിരുന്നത്. ആ വെളിച്ചം കുറവായിരുന്നെങ്കിലും ഞങ്ങളുടെ പഠിക്കാനുള്ള ആഗ്രഹത്തിന് അതൊന്നും ഒരു തടസ്സമായില്ല. ഇത്തരം പ്രയാസങ്ങൾ ജീവിതത്തിന്റെ മൂല്യം ഞങ്ങളെ പഠിപ്പിച്ചു.

മാതാപിതാക്കളും വലിയപ്പനും വലിയമ്മയും സഹോദരങ്ങളും കസിൻസും എല്ലാം ഒരുമിച്ച് താമസിക്കുന്ന ഒരു വലിയ കുടുംബത്തിലായിരുന്നു ഞാൻ വളർന്നത്. വലിയ തിരക്കുള്ള വീടായിരുന്നു അത്. എങ്കിലും പരസ്പരം സ്നേഹിക്കാനും കരുതാനും ആ ജീവിതം ഞങ്ങളെ പഠിപ്പിച്ചു. ഭക്ഷണം പങ്കുവെക്കുന്നതിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിലും എല്ലാവരും ഒന്നായിരുന്നു. കുടുംബത്തിന്റെ ഐക്യവും മുതിർന്നവരോടുള്ള ബഹുമാനവും ഞങ്ങളുടെ രക്തത്തിൽ അലിഞ്ഞുചേർന്നത് അവിടെ നിന്നാണ്.

ഗ്രാമത്തിലെ പള്ളിയും സഭയും ഞങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. പള്ളി കേവലം ഒരു ആരാധനാലയം മാത്രമല്ല, ഞങ്ങളുടെ സാമൂഹിക ജീവിതത്തിന്റെ കേന്ദ്രം കൂടിയായിരുന്നു. മുതിർന്നവരുടെ ഉപദേശങ്ങളും മാതൃകകളും ഞങ്ങളെ ശരിയായ വഴിയിൽ വളരാൻ സഹായിച്ചു. വിനയം, ഉത്തരവാദിത്തം, സത്യസന്ധത എന്നിവയുടെ പ്രാധാന്യം ആ വിശ്വാസജീവിതത്തിൽ നിന്നാണ് ഞങ്ങൾ പഠിച്ചത്.

തിരിഞ്ഞുനോക്കുമ്പോൾ ആ കൗമാരകാലം ലളിതമെങ്കിലും വലിയ പാഠങ്ങളാണ് എനിക്ക് നല്കിയത്. കഷ്ടപ്പാടുകൾ ഞങ്ങളെ കരുത്തരാക്കി. പരിമിതികൾക്കിടയിലും സംതൃപ്തിയോടെ ജീവിക്കാൻ ഞങ്ങൾ പഠിച്ചു. ക്ഷമയോടെ കാത്തിരിക്കാനും കഠിനാദ്ധ്വാനം ചെയ്യാനും ബന്ധങ്ങൾക്ക് മൂല്യം നല്കാനും ആ കാലം എന്നെ പ്രാപ്തനാക്കി.

എന്റെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ദൈവത്തിന്റെ സ്പർശനം എനിക്ക് കാണാൻ കഴിയും. അന്ന് പരിമിതികളായി തോന്നിയ പല കാര്യങ്ങളും യഥാർത്ഥത്തിൽ അനുഗ്രഹങ്ങളായിരുന്നു എന്ന് ഇന്ന് ഞാൻ മനസ്സിലാക്കുന്നു. ലളിതമായ ജീവിതത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും ദൈവം എന്നെ ഓരോ ഘട്ടത്തിലും രൂപപ്പെടുത്തുകയായിരുന്നു.

ജീവിതത്തിൽ ആഗ്രഹിച്ചതെല്ലാം ലഭിച്ചില്ലായിരിക്കാം. പക്ഷേ, എനിക്ക് ആവശ്യമുള്ളതെല്ലാം ദൈവം കൃത്യസമയത്ത് നല്കി. എന്റെ ജീവിതയാത്രയുടെ അടിസ്ഥാനം അന്ന് ലഭിച്ച ആ വിശ്വാസവും മൂല്യങ്ങളുമാണ്. ആ പഴയകാലത്തെ ഓർത്ത് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. എന്റെ കർത്താവ് എത്ര വലിയവനാണ്!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.18 |
| യൂറോ | 110.40 |
| സ്റ്റെർലിംഗ്പൗണ്ട് | 127.39 |
| സ്വിസ് ഫ്രാങ്ക് | 119.89 |
| സിംഗപ്പൂർ ഡോളർ | 73.86 |
| കനേഡിയൻ ഡോളർ | 68.93 |
| ഒമാൻ റിയാൽ | 245.01 |
| ബഹ്റൈൻ ദിനാർ | 249.51 |
| സൗദി റിയാൽ | 25.12 |
| യു.എ.ഇ. ദിർഹം | 25.65 |
| കുവൈത്ത് ദിനാർ | 306.04 |

# ഗർഭകാര്യത്തിൽ സ്ത്രീയുടെ തീരുമാനത്തിന് മുൻഗണന നൽകണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പ്രസവശേഷം കുഞ്ഞിനെ ദത്തെടുക്കാം എന്ന ഉറപ്പിന്മേൽ ഗർഭധാരണം തുടരാൻ ഒരു സ്ത്രീയെയും നിർബന്ധിക്കാനാകില്ലെന്ന് നിരീക്ഷിച്ച് സുപ്രീംകോടതി. പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ അവളുടെ ഇഷ്ടത്തിന് വിരുദ്ധമായി ഗർഭംതുടരാൻ നിർബന്ധിക്കുന്നത് കടുത്ത മാനസികവും വൈകാരികവും ശാരീരികവുമായ ആഘാതങ്ങൾക്ക് കാരണമാകുമെന്ന് ചൂണ്ടിക്കാട്ടി ഏഴ് മാസത്തിലേറെ ഗർഭിണിയായ പതിനഞ്ചുകാരിക്ക് ഗർഭച്ഛിദ്രത്തിന് അനുമതി നൽകിക്കൊണ്ടാണ് കോടതി നിരീക്ഷണം. ഇത്തരം സാഹചര്യങ്ങളിൽ ഗർഭം തുടരാൻ നിർബന്ധിച്ച് കുഞ്ഞിന് ജന്മം നൽകിയാൽ പ്രതികൂല സാഹചര്യം സൃഷ്ടിക്കുമെന്നും ജനിക്കുന്നകുഞ്ഞിന്റെ മനസികാവസ്ഥയെ സാരമായി ബാധിക്കുമെന്നും കേസ് പരിഗണിക്കവെ ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ഉജ്ജൽ ഭുയാൻ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു. ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ താത്പര്യത്തേക്കാൾ ഗർഭിണിയായ സ്ത്രീയുടെ തീരുമാനത്തിനാണ് മുൻഗണന നൽകേണ്ടതെന്നും കോടതി പറഞ്ഞു. ഇത്തരം സാഹചര്യങ്ങളിൽ ഗർഭച്ഛിദ്രത്തിന് അനുമതി നിഷേധിക്കുന്നത് ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പുനൽകുന്ന മാന്യമായി ജീവിക്കാനുള്ള അവകാശത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലംഘനമാണ്. ഗർഭം തുടരുന്നത് പെൺകുട്ടിയുടെ വിദ്യാഭ്യാസത്തെയും സാമൂഹികനിലയെയും ഭാവിയെയും ദോഷകരമായി ബാധിക്കുമെന്നും കോടതികൾ അനുമതിനിഷേധിച്ചാൽ സുരക്ഷിതമല്ലാത്തതും നിയമവിരുദ്ധവുമായ മാർഗങ്ങൾ തേടാൻ സാധ്യതയുണ്ടെന്നും ബെഞ്ച് ആശങ്കപ്രകടിപ്പിച്ചു. ഈ പ്രത്യേകകേസിലാണ് കോടതിയുടെ നിരീക്ഷണം. പ്രസവശേഷം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അഥോറിറ്റിവഴി കുട്ടിയെ ദത്തെടുക്കാൻ സൗകര്യമൊരുക്കാമെന്നും സാമ്പത്തികസഹായം നൽകാമെന്നും സർക്കാർ അഭിഭാഷകൻ കേസ് പരിഗണിക്കുന്നതിനിടെ നിർദേശിച്ചെങ്കിലും കോടതി ഇതു തള്ളി. പെൺകുട്ടി ഇതിനോടകംതന്നെ കടുത്ത മാനസികസമ്മർദത്തിലാണെന്നും ആത്മഹത്യാശ്രമം ഉൾപ്പെടെ നടത്തിയിട്ടുണ്ടെന്നും കോടതി നിരീക്ഷിച്ചു. ഗർഭച്ഛിദ്രം നടത്തുന്നതിന് നിയമം അനുവദിക്കുന്ന കാലാവധി ഇതിനോടകം കഴിഞ്ഞിരുന്നു. എങ്കിലും ഈ സാഹചര്യത്തിൽ സ്ത്രീയുടെ അന്തസിനും സ്വയംഭരണാധികാരത്തിനുമാണ് മുൻതൂക്കം നൽകേണ്ടതെന്ന് വ്യക്തമാക്കിയ സുപ്രീംകോടതി ഡൽഹി എയിംസിൽ മെഡിക്കൽ സുരക്ഷാ മാനദണ്ഡങ്ങൾപാലിച്ച് ഗർഭച്ഛിദ്രം നടത്താൻ ഉത്തരവിട്ടു.



## മന്ത്രി ഗണേഷിന് 18 തികയുംമുൻപ് ഡ്രൈവിങ് ലൈസൻസ്

തിരുവനന്തപുരം: ഗതാഗതമന്ത്രി കെ.ബി. ഗണേഷ്കുമാറിന് 18 വയസ്സ് പൂർത്തിയാകുന്നതിനുമുൻപേ മോട്ടോർവാഹനവകുപ്പ് ഡ്രൈവിങ് ലൈസൻസ് നൽകി. 1966 മേയ് 25-ന് ജനിച്ച ഗണേഷ്കുമാറിന് 1984 ഫെബ്രുവരി 13-ന് തിരുവനന്തപുരം ആർ.ടി. ഓഫീസിൽനിന്നും ലൈസൻസ് നൽകിയെന്നാണ് മോട്ടോർവാഹന വകുപ്പിന്റെ രേഖകളിലുള്ളത്. ഇതുപ്രകാരം ലൈസൻസ് ടെസ്റ്റിന് ഹാജരാകുമ്പോൾ അദ്ദേഹത്തിന് 17 വയസ്സും എട്ടുമാസവുമാണ് ഉണ്ടായിരുന്നത്. ലൈസൻസിലുള്ള ജനനത്തീയതിയാണ് ഗണേഷ്കുമാർ നിയമസഭാ രേഖകളിലും നൽകിയിട്ടുള്ളത്.



2023 ഡിസംബറിലാണ് ഗണേഷ്കുമാർ രണ്ടാം പിണറായി സർക്കാരിൽ മന്ത്രിയായത്. 2024 നവംബർ നാലിന് ലൈസൻസ് പുതുക്കിയപ്പോൾ സെക്രട്ടേറിയറ്റിലെ മേൽവിലാസമാണ് നൽകിയിട്ടുള്ളത്. 18 വയസ്സ് പൂർത്തിയാകുന്നതിനുമുൻപേ ഒരു വ്യക്തിക്ക് ഡ്രൈവിങ് ലൈസൻസ് ലഭിച്ചതായി കണ്ടെത്തിയാൽ ലൈസൻസ് റദ്ദാക്കണമെന്നാണ് വ്യവസ്ഥ. ഇതിന് മുന്നോടിയായി വ്യക്തിയോട് വിശദീകരണം തേടേണ്ടതുണ്ട്. പലതവണ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിലും ജനനത്തീയതിയും ലൈസൻസ് നൽകിയ തീയതിയും തമ്മിൽ മോട്ടോർവാഹന വകുപ്പ് ഒത്തുനോക്കിയിരുന്നില്ല.

## ബംഗാളിലും തമിഴ്നാട്ടിലും ചരിത്രം കുറിച്ച് വോട്ട്



ന്യൂഡൽഹി: തമിഴ്നാട്, പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിൽ റെക്കോഡ് പോളിങ്. തമിഴ്നാട്ടിൽ 85.3 ശതമാനം പേരും ബംഗാളിൽ 92.18 ശതമാനം പേരും സമ്മതിദാനാവകാശം വിനിയോഗിച്ചു.

സ്വാതന്ത്ര്യത്തിനുശേഷമുള്ള ഇരു സംസ്ഥാനങ്ങളിലെയും ഏറ്റവും ഉയർന്ന പോളിങ്ങാണിത്. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പാണ് ഏപ്രിൽ 23-ന് പൂർത്തിയായത്. പശ്ചിമ ബംഗാളിൽ 23-ന് ആദ്യഘട്ട വോട്ടെടുപ്പാണു നടന്നത്. രണ്ടാം ഘട്ടം 29-നു നടക്കും. മേയ് നാലിനാണു വോട്ടെണ്ണൽ.

2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പശ്ചിമ ബംഗാളിൽ 85.2 ശതമാനം പേരാണു വോട്ട് ചെയ്തത്. തമിഴ്നാട്ടിൽ 76.6 ശതമാനവും. പശ്ചിമ ബംഗാളിലെ ഭൂരിപക്ഷം ജില്ലകളിലും 90 ശതമാനത്തിൽ കൂടുതലാണു പോളിങ്. ദക്ഷിണ ദിനാജ്പൂർ 94.85 ശതമാനവുമായി മുന്നിലെത്തി. തൊട്ടുപിന്നാലെ കൂച്ച് ബിഹാർ (94.54 ശതമാനം), ബീർഭൂം (93.70 ശതമാനം), ജൽപായ്ഗുരി (93.23 ശതമാനം), മുർഷിദാബാദ് (92.93 ശതമാനം) എന്നീ ജില്ലകളിലും ഉയർന്ന പോളിങ് ശതമാനം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ പ്രധാന ജില്ലകളിലും ഉയർന്ന പോളിങ് രേഖപ്പെടുത്തി. കരൂർ 92.48 ശതമാനവുമായി മുന്നിലെത്തി. സേലം (90.42 ശതമാനം), ധർമപുരി (90.02 ശതമാനം), ഈറോഡ് (89.97 ശതമാനം), നാമക്കൽ (89.63 ശതമാനം) എന്നീ ജില്ലകളും മികച്ച പോളിങ് ശതമാനം രേഖപ്പെടുത്തി.

ഇതോടൊപ്പം നടന്ന ഉപതെരഞ്ഞെടുപ്പിൽ ഗുജറാത്തിലെ ഉമറേത്ത് മണ്ഡലത്തിൽ 59.04 ശതമാനമാണു പോളിങ്. മഹാരാഷ്ട്രയിൽ, രാഹുരിയിൽ 55.70 ശതമാനവും ബാരമതിയിൽ 57.77 ശതമാനവും വോട്ട് രേഖപ്പെടുത്തി.

## ഒരിക്കലും യുദ്ധത്തെ അനുകൂലിക്കാനാകില്ലെന്ന് മാർപാപ്പ

വത്തിക്കാൻ സിറ്റി: സഭാദ്ധ്യക്ഷനെന്ന നിലയിൽ ഒരിക്കലും യുദ്ധത്തെ അനുകൂലിക്കാനാകില്ലെന്നു ലെയോ പതിനാലാമൻ മാർപാപ്പ. ആഫ്രിക്കയിലെ അപ്പസ്തോലിക യാത്ര പൂർത്തിയാക്കി ഇക്വറ്റോറിയൽ ഗിനിയയിലെ മലാബയിൽ നിന്നു റോമിലേക്കുള്ള വിമാനത്തിൽ മടങ്ങവേ മാധ്യമപ്രവർത്തകുമായി സംസാരിക്കുകയായിരുന്നു മാർപാപ്പ. എഴുപത് മാധ്യമപ്രവർത്തകരായിരുന്നു മാർപാപ്പയ്ക്കൊപ്പമുണ്ടായിരുന്നത്.

ആഫ്രിക്കൻ സന്ദർശനത്തെക്കുറിച്ചായിരുന്നു മാർപാപ്പ ആദ്യം സംസാരിച്ചത്. പശ്ചിമേഷ്യൻ യുദ്ധം, കുടിയേറ്റം, വധശിക്ഷ തുടങ്ങിയവയെക്കുറിച്ചു മാർപാപ്പ മാധ്യമപ്രവർത്തകരുമായി സംസാരിച്ചു. ഒരു സഭാദ്ധ്യക്ഷനെന്ന നിലയിൽ താൻ ഒരിക്കലും യുദ്ധത്തെ അനുകൂലിക്കില്ലെന്നു മാർപാപ്പ പറഞ്ഞു. കുടിയേറ്റമെന്നത് വളരെ സങ്കീർണവും ഒട്ടേറെ രാജ്യങ്ങളെ ബാധിക്കുന്നതുമായ വിഷയമാണ്. യൂറോപ്പിനെയോ അമേരിക്കയെയോ മാത്രമല്ല ബാധിക്കുക. ഇത് ഒരു ആഗോള പ്രതിഭാസമാണ്. ഓരോ രാജ്യത്തിനും അതിന്റെ അതിർത്തികൾ സംരക്ഷിക്കാൻ ചുമതലയുണ്ട്. എന്നാൽ, അഭയാർത്ഥികളുടെ മാന്യതയും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുകയും വേണം -മാർപാപ്പ പറഞ്ഞു.




ഇറാനിലും മറ്റും നടക്കുന്ന വധശിക്ഷ നീതീകരിക്കാനാകാത്തതാണെന്ന് മാർപാപ്പ പറഞ്ഞു. വധശിക്ഷയെ അപലപിക്കുന്നു. ജനങ്ങളുടെ ജീവനെടുക്കുന്നതിനെ അപലപിക്കുന്നു, മനുഷ്യജീവൻ ബഹുമാനിക്കപ്പെടണം, സംരക്ഷിക്കപ്പെടണം-മാർപാപ്പ കൂട്ടിച്ചേർത്തു.

അടുത്ത യാത്രകളെക്കുറിച്ചുള്ള ചോദ്യത്തിന്, ലാറ്റിൻ അമേരിക്കയിലെ വിവിധ രാജ്യങ്ങൾ സന്ദർശിക്കാൻ അതിയായ ആഗ്രഹമുണ്ടെന്നും ഒന്നും സ്ഥിരീകരിച്ചിട്ടില്ലെന്നുമായിരുന്നു മാർപാപ്പയുടെ മറുപടി. സ്പെയിൻ ആണ് ഇനി സന്ദർശിക്കാനിരിക്കുന്ന രാജ്യം.

## കാലം മായ്ക്കാത്ത പ്രണയം എഐ വായിച്ചപ്പോൾ

ലണ്ടൻ: മറ്റാർക്കും വായിക്കാൻ 'കഴിയാത്ത' വിധം എഴുതിയ പ്രണയ ലേഖനം ഒടുവിൽ നിർമിത ബുദ്ധി (എഐ) വായിച്ചെടുത്തു. 1477 ഫെബ്രുവരിയിൽ മാർഗറി ബ്രൂസ് തന്റെ പ്രതിശ്രുത വരനായ ജോൺ പാസ്റ്റൺ എഴുതിയ പ്രണയലേഖനമാണ് എഐ ഡികോഡ് ചെയ്തത്. ന്യൂ സ്ക്രൈബ് എ മുറകളായി എഴുതിയ 400-ൽ അധികം കത്തുകൾ ഉൾക്കൊള്ളുന്നു.

പാസ്റ്റൺ കുടുംബം തുടക്കത്തിൽ കർഷകരായിരുന്നു. പിന്നീട് അവർ പ്രഭുക്കുടുംബമായി ഉയർന്നു. ഇപ്പോൾ നിലവിലില്ലാത്ത അക്ഷരങ്ങളും പ്രയോഗങ്ങളും മാർഗറിയുടെ കത്തിലുണ്ട്. 'ആധുനിക വായനക്കാർക്ക് ആ ഭാഷ



മാർഗറി ബ്രൂസ് 1477-ൽ എഴുതിയ പ്രണയ ലേഖനം.

ഐ ടൂൾ ഉപയോഗിച്ചാണു പ്രണയലേഖനത്തിന്റെ ഉള്ളടക്കം വേർതിരിച്ചത്.

കത്ത് വളരെ വ്യക്തിപരമായ ശൈലിയിലാണ് എഴുതിയത്. മറ്റാരും വായിച്ചെടുക്കാതിരിക്കാൻ ടോപിക്രാഫ്റ്റിലാണ് അത് എഴുതിയത്. ആ പ്രണയലേഖനം 'പാസ്റ്റൺ ലെറ്റേഴ്സ്' എന്ന ശേഖരത്തിന്റെ ഭാഗമാണ്. അതിൽ നോർഫോൾക്ക് കുടുംബത്തിലെ മൂന്ന് തല

പരിചിതമല്ലാത്തതായി തോന്നാം. കാരണം, അക്കാലത്തെ അക്ഷരവിദ്യാഭ്യാസം, വ്യാകരണം, ഉച്ചാരണം എന്നിവ ഇപ്പോൾ ഉപയോഗിക്കുന്ന ഇംഗ്ലീഷിൽനിന്ന് വളരെ വ്യത്യസ്തമാണ്'- ഗവേഷകർ വ്യക്തമാക്കി. കത്തിന്റെ ചിത്രം ഗവേഷകർ സ്ക്രൈബ് എഐക്ക് നൽകി. അത് യഥാർത്ഥ അർത്ഥം വേഗത്തിൽ ഡീകോഡ് ചെയ്തു.

**കത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു...**

'പ്രിയപ്പെട്ടതും ബഹുമാന്യനും സ്നേഹനിധിയുമായ പ്രിയനേ, താങ്കളുടെ ക്ഷേമം ഞാൻ വളരെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അങ്ങയുടെ മറുപടി ലഭിക്കുംവരെ എന്റെ ശരീരത്തിനോ മനസിനോ സുഖമുണ്ടാകില്ല. എനിക്ക് അനുഭവപ്പെടുന്ന വേദന എന്താണെന്ന് ഒരാൾക്കും അറിയാൻ കഴിയില്ല. അത് പറയാൻ ഞാൻ ഭയക്കുന്നു.

എന്നോട് സത്യസന്ധയായിരിക്കാൻ കൽപ്പന നൽകിയാൽ, ഞാൻ എന്റെ പരമാവധി ചെയ്യും. എന്റെ ബന്ധുക്കൾ ഞാൻ തെറ്റ് ചെയ്യുന്നു എന്ന് പറഞ്ഞാലും അങ്ങേയ്ക്കൊപ്പം നിലകൊള്ളും.

എന്റെ ഹൃദയം എപ്പോഴും താങ്കളെ സത്യസന്ധമായി സ്നേഹിക്കാൻ പറയുന്നു. ഭൂമിയിലെ എല്ലാറ്റിനേക്കാളും ഉപരിയായി, ഈ കത്ത് താങ്കൾക്ക് മാത്രം കാണാൻ കഴിയുന്ന ഒരു രഹസ്യമായി സൂക്ഷിക്കണമെന്നും ഞാൻ താങ്കളോട് അഭ്യർത്ഥിക്കുന്നു. ഇത് ടോപ് ക്രോഫ്റ്റിൽ എഴുതിയതാണ്.

താങ്കളുടെ സ്വന്തം എം.ബി., ഫെബ്രുവരി 1476

## സെൽഫ് എന്യൂമറേഷൻ സൗകര്യവുമായി ആദ്യത്തെ ഡിജിറ്റൽ സെൻസസ്

ആലപ്പുഴ: ജൂലൈ ഒന്നുമുതൽ ആരംഭിക്കുന്ന 2027-ലെ സെൻസസ് ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ഡാറ്റ ശേഖരണ സെൻസസ് കൂടിയാണ്. സ്വാതന്ത്ര്യത്തിനു ശേഷമുള്ള എട്ടാമത്തെ സെൻസസ് എച്ച്എൽഒ എന്ന ലളിതമായ മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് നടത്തുന്നത്. സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം (സിഎംഎംഎസ്) പോർട്ടലിൽ തത്സമയം നിരീക്ഷണത്തിനും പ്രവർത്തന ഏകോപനത്തിനും സൗകര്യമുണ്ടാകും. ആദ്യമായാണ് സെൻസസിൽ ഡിജിറ്റൽ ഡാറ്റാ ശേഖരണ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത്. ഇന്ത്യയിലെ ജനങ്ങളുടെ ഉന്നമനത്തിന് ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അടിസ്ഥാന രേഖയായി മാറുന്ന സെൻസസിലേക്ക് കൃത്യവും വ്യക്തവുമായ വിവരങ്ങളാണ് എല്ലാവരും നൽകേണ്ടതെന്ന് ജില്ലയിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസറായ ജില്ലാ കളക്ടർ കെ. ഇമ്പശേഖർ പറഞ്ഞു. ജനസംഖ്യ, സാമ്പത്തികപ്രവർത്തനം, സാക്ഷരത, വിദ്യാഭ്യാസം, പാർപ്പിട സൗകര്യങ്ങൾ, നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണയം തുടങ്ങിയ നിരവധി വിവരങ്ങൾക്കുള്ള വിശ്വസനീയമായ ഉറവിടമാണീ സെൻസസ് എന്നും അദ്ദേഹം പറഞ്ഞു. 2011-നുശേഷമുള്ള ഇന്ത്യയിലെ സെൻസസ് സമഗ്രമായി രണ്ട് ഘട്ടങ്ങളിലായാണ് നടക്കുക. ആദ്യ ഘട്ടം ജൂലൈ ഒന്നു മുതൽ 30 വരെ നടക്കും. ആദ്യഘട്ട സെൻസസുകളിൽ വീടുകളുടെ പട്ടികപ്പെടുത്തലും വീട് സെൻസസുമാണ് നടക്കുക. ചോദ്യങ്ങളിൽ വീടിന്റെ സ്ഥിതി, മേൽക്കൂര, കുടിവെള്ള സൗകര്യം, കക്കൂസ് ലഭ്യത, വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, മൊബൈൽ ഫോൺ നമ്പർ തുടങ്ങിയവ ഉൾപ്പെടും. അടുത്തവർഷം ഫെബ്രുവരിയിൽ നടക്കുന്ന രണ്ടാം ഘട്ടത്തിൽ ഓരോ വ്യക്തിയെയും എണ്ണുകയും അവരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. ജോലി, ബിസിനസ്, മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ എന്നിവയ്ക്കായി ദിവസം മുഴുവൻ വീടുകളിൽനിന്ന് മാറിനിൽക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും സഹായകരമാകുന്നതിനാണ് ഈ സൗകര്യം ഒരുക്കിയിരിക്കുന്നത്. സെൽഫ് എന്യൂമറേഷൻ സൗകര്യം ജൂൺ 16 മുതൽ 30 വരെയാണ്. ഏകദേശം 15-20 മിനിറ്റിനുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കും. സെൻസസ് മുഖേന സർക്കാർ ശേഖരിക്കുന്ന ഡാറ്റ അതീവ രഹസ്യസ്വഭാവമുള്ളതാണെന്നും ഇവ വിവരാവകാശ അപേക്ഷ, ഇന്ത്യൻ എവിഡൻസ് ആക്ട് തുടങ്ങിയ ഒരു നിയമപ്രകാരവും ലഭ്യമാകില്ലെന്നും അധികൃതർ അറിയിച്ചു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## കെ.എം. ഐപ്പ്

**മണർകാട്:** നടുവിലേടത്തായ കണിയാംപറമ്പിൽ കെ.എം. ഐപ്പ് (കുഞ്ഞൂഞ്ഞുട്ടി-93) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ കോതമംഗലം രാമല്ലൂർ പഴുക്കുടിയിൽ ശോശാമ്മ. ഐപ്പ്. മക്കൾ: സന്തോഷ്, ലിമ. മരുമക്കൾ: ദിവ്യ, ടോണി.

**മീനടം:** കോട്ടയം സിഎംഎസ് കോളജ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ പുല്ലാട്ട് പി.ഐ. മാത്യു (ബേബി-84) അന്തരിച്ചു.

**ഇത്തിത്താനം:** മലകുന്നം ചക്യായിൽ റിട്ട. അദ്ധ്യാപകൻ പരേതനായ സി.എ. തോമസിന്റെയും ജോളി തോമസിന്റെയും മകൻ മോൻസി തോമസ് (61) അന്തരിച്ചു.

**അമയന്നൂർ:** കോട്ടയം കെഎസ്ആർടിസി ഡിപ്പോ മുൻ അസി. ട്രാൻസ്പോർട്ട് ഓഫീസർ തേമ്പള്ളിൽ നെടുംപറമ്പിൽ എൻ.സി. കുരുവിള (കുറിയാച്ചൻ-85) അന്തരിച്ചു.

## വർഗീസ് കട്ടപ്പുറം

**മല്ലപ്പള്ളി:** എഴുത്തുകാരനും തിയോളജി അദ്ധ്യാപകനും ഇവാഞ്ചലിസ്റ്റുമായ മല്ലപ്പള്ളി എഴുമറ്റൂർ കട്ടപ്പുറം വീട്ടിൽ വർഗീസ് വർഗീസ് (ബേബി-97) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഇംഗ്ലണ്ടിലെ ചർച്ച് മിഷനറി സൊസൈറ്റി, ബംഗാർപെട്ട് ബൈബിൾ കോളജ്, ഹൊസ്കോട്ടെ മാർത്തോമ്മാ മിഷൻ എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ മാരാമൺ ചക്കാലമണ്ണിൽ കുഞ്ഞുകുഞ്ഞമ്മ. മക്കൾ: സണ്ണി, ശാന്തി, സജി (യുകെ), ആനി (യുഎസ്). മരുമക്കൾ: ജെനിഫർ, ബാബു, അനിത (യുകെ), സാം പി. ജോൺ (യുഎസ്).

**ഇടപ്പള്ളി:** കനറാ ബാങ്ക് റിട്ട. ഉദ്യോഗസ്ഥ കൂനംതൈ അമ്പലം എകെജി റോഡ് കല്ലൂർ വില്ലയിൽ മോളമ്മ വി.കോര (89) അന്തരിച്ചു.

**കൊച്ചി:** തിരുഹൃദയ പ്രവിശ്യ തലയോലപ്പറമ്പ് പൊതി സോവാഗ്രാമിലെ അംഗം ബ്രദർ സ്റ്റീഫൻ കണിപ്പിള്ളി (88) അന്തരിച്ചു.

**തെങ്ങണ:** ചങ്ങനാശേരി സെന്റ് ആൻസ് ഗേൾസ് എച്ച്എസ് റിട്ട. അദ്ധ്യാപിക പുത്തൻപുരയ്ക്കൽ സിസിലിക്കുട്ടി ചാക്കോ (90) അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ വേങ്ങമൂട്ടിൽ ജേക്കബ് മത്തായി (കുഞ്ഞാക്കോ-89) അന്തരിച്ചു.

**പാമ്പാടി:** പെരിങ്ങള്ളൂർ മറ്റത്തിൽ വർഗീസ് മാത്യു ((കുഞ്ഞുമോൻ-84) അന്തരിച്ചു.

**പുഴിക്കോൽ:** സെവൻത് ഡേ അഡ്വന്റിസ്റ്റ് സ്കൂൾ റിട്ട. അദ്ധ്യാപിക കടുവാക്കുഴി വീട്ടിൽ അമ്മിണി മത്തായി (86) അന്തരിച്ചു.

**തിരുവല്ല:** വിമുക്ത ഭടൻ പൗവ്വത്തിൽ പാസ്റ്റർ കുരുവിള തോമസ് (85) അന്തരിച്ചു.

## തോമസ് ഇലവുംകുഴിപ്പിൽ



**മോനിപ്പള്ളി:** വർഷങ്ങളോളം ചിക്കാഗോയിൽ താമസിച്ചിരുന്ന മോനിപ്പള്ളി തിരുഹൃദയ പ്പള്ളി ഇടവക ഇലവുംകുഴിപ്പിൽ ഇ.എം. തോമസ് (തൊമ്മി-80) അന്തരിച്ചു. ഭാര്യ ഏലിയാമ്മ കൂടല്ലൂർ ഇടിയാലിൽ കുടുംബാംഗമാണ്. മക്കൾ: ഹനീഷ് തോമസ്, ജോസുകുട്ടി തോമസ്. ഭാര്യാസഹോദരങ്ങൾ: പരേതനായ ജോൺ ഇടിയാലിൽ, മേരി തോമസ് പറച്ചുടലയിൽ (ഫ്ളോറിഡ), പരേതയായ അന്നമ്മ മഞ്ഞാങ്കൽ, മാത്യു ഇടിയാലിൽ (ചിക്കാഗോ), ജോസ് ഇടിയാലിൽ (ചിക്കാഗോ), ജെയിംസ് ഇടിയാലിൽ (ചിക്കാഗോ).

**കാവാലം:** ക്ലൂണി സിസ്റ്റേഴ്സ് ഓഫ് കൊൽക്കത്ത സഭാംഗം സിസ്റ്റർ ഹൈസന്ത് വർഗീസ് (ഉഷ-56) അന്തരിച്ചു.

**ചങ്ങനാശേരി:** ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രിൻസിപ്പൽ തോപ്പിൽ കുര്യൻ (71) അന്തരിച്ചു.

**വൈക്കം:** കൊട്ടാരത്തിൽ കോവിലകത്ത് ലീലാമണി നമ്പിഷ്ടാതിരി (90) അന്തരിച്ചു.

**കുറിച്ചി:** ചതുരത്തുണ്ടിയിൽ സി.പി. ജോർജ് (83) അന്തരിച്ചു.

**കോട്ടയം:** മുണ്ടത്താനം ഇലഞ്ഞിപ്പുറം സുനി വർഗീസ് (51) അന്തരിച്ചു.

**കൈപ്പള്ളി:** വെട്ടുകല്ലേൽ ഏലിക്കുട്ടി ചാക്കോ (87) അന്തരിച്ചു.

**എറണാകുളം:** മേലുകാവ് വാഴമറ്റത്ത് റബർ ബോർഡ് റിട്ട. ഡെപ്യൂട്ടി സെക്രട്ടറി സി.ഐ. അന്ന (80) അന്തരിച്ചു.

**വയലാ:** കൂടല്ലൂർ തോട്ടപ്പള്ളിൽ മേരി ജോസഫ് (68) അന്തരിച്ചു.

**ചന്ദനക്കാംപാറ:** എകെസിസി ഗ്ലോബൽ ഡയറക്ടറും തലശേരി അതിരൂപതാംഗവുമായ ഫാ. ഡോ. ഫിലിപ്പ് കവിയിലിന്റെ പിതാവ് ചാക്കോ കവിയിൽ (88) അന്തരിച്ചു.

**കൊല്ലം:** കേരള കോൺഗ്രസ് ഉന്നതാധികാര സമിതി അംഗവും റിട്ട. പ്രധാനാദ്ധ്യാപകനുമായ കരിക്കോട് തട്ടാർകോണം വേണുവിലാസത്തിൽ കുളത്തൂർ കുഞ്ഞുകൃഷ്ണപിള്ള (82) അന്തരിച്ചു.

**രാമപുരം:** മേച്ചേരിൽ തങ്കമ്മ ജോസഫ് (91) അന്തരിച്ചു.

## ഏലിക്കുട്ടി മാത്യു

**മണിയംകുന്ന്:** പുളിക്കൽ ഏലിക്കുട്ടി മാത്യു (91) അന്തരിച്ചു. കൂട്ടിക്കൽ മാടപ്പള്ളി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു. മക്കൾ: അപ്പച്ചൻ, കുട്ടിച്ചൻ, സിസ്റ്റർ എത്സമ്മ (യുകെ), ഫാ. തോമസ് പുളിക്കൽ (യുഎസ്), പരേതയായ മോളി. മരുമക്കൾ: ആൻസി ജോസ് ചുരനോലിക്കൽ (പൂഞ്ഞാർ), ലില്ലിക്കുട്ടി മാത്യു പുന്നയ്ക്കൽ (പാതാമ്പുഴ).

**പുളിങ്കുന്ന്:** വാച്ചാപറമ്പിൽ പാറശേരിൽ അന്നക്കുട്ടി ജോസഫ് (96) അന്തരിച്ചു.

**തിരുവല്ല:** കുറ്റപ്പുഴ ജെപി നഗർ മൂത്തേടത്ത് പരേതനായ എം.വി. വർഗീസിന്റെയും അന്നമ്മയുടെയും മകൻ അരുൺ എം. വർഗീസ് (48) അന്തരിച്ചു.

**കലഞ്ഞൂർ:** കോട്ടയം കരിപ്പൂത്തട്ട് ഗവ. എച്ച്എസ് റിട്ട. അദ്ധ്യാപകൻ ഒന്നാംകുറ്റി മഴുവൻചേരിൽ കുഞ്ഞു എം. ജേക്കബ് (72) അന്തരിച്ചു.

**അതിരമ്പുഴ:** വി.എ. ജോർജ് ആൻഡ് കമ്പനി പാർട്നർ വലിയവീട്ടിൽ വി.എ. ദേവസ്യ (ദേവസ്യാച്ചൻ-69) അന്തരിച്ചു.

**പാലാ:** സെന്റ് തോമസ് കോളജ് റിട്ട. പ്രഫ. അരുണാപുരം ഓടയ്ക്കൽ ഒ.ടി. ദേവസ്യ (85) അന്തരിച്ചു.

**വാകത്താനം:** പുത്തൻചന്ത താന്നിക്കുന്നേൽ പാസ്റ്റർ ടി.ഒ. ഉലഹന്നാൻ (കുഞ്ഞൂഞ്ഞ്-72) അന്തരിച്ചു.

## തോമസ് വർഗീസ്



**ചിക്കാഗോ/കാർത്തികപ്പള്ളി:** ദീർഘകാലം ചിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിച്ചിരുന്ന കാർത്തികപ്പള്ളി പത്തിയൂർ പടിഞ്ഞാറെ പുളിക്കൽ പുത്തൻവീട്ടിൽ തോമസ് വർഗീസ് (അനിയൻകുഞ്ഞ്-83) അന്തരിച്ചു. ഭാര്യ പൈനുമ്മൂട്ടിൽ പേരൂർകാവിൽ പുത്തൻവീട്ടിൽ സൂസൻ വർഗീസ്. മക്കൾ: ജൂബി മാത്യു, ജോബി തോമസ് വർഗീസ്. മരുമക്കൾ: ജസ്റ്റിൻ, ജിൻസി. ചിക്കാഗോയിൽ താമസിക്കുന്ന സിസ്റ്റർ മണി കുരുവിള (വെസ്റ്റ്മൗണ്ട്), ഓമന തോമസ്, ലാലച്ചൻ, മോഹൻ, മോൻസി എന്നിവർ പരേതന്റെ ഭാര്യാസഹോദരങ്ങളാണ്.

**ചങ്ങനാശേരി:** സഹകരണ വകുപ്പ് റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ ചെത്തിപ്പുഴ പുളിക്കൽ പി.വി. ദേവസ്യ (92) അന്തരിച്ചു.

**കോഴഞ്ചേരി:** തെക്കേമല പൊയ്കയിൽ ജീന വില്ലയിൽ ആലീസ് ഏബ്രഹാം (മോളി-83) അന്തരിച്ചു.

## ത്രേസ്യാമ്മ കുര്യാക്കോസ്

**രാമപുരം:** ചെറുകുന്നേൽ ത്രേസ്യാമ്മ കുര്യാക്കോസ് (95) അന്തരിച്ചു. കാഞ്ഞിരക്കുഴിയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ തൊമ്മൻ കുര്യാക്കോസ്. മക്കൾ: മേരി, ജോയി, സോഫി (യുഎസ്), ആലീസ്, തങ്കച്ചൻ, പരേതനായ ഷാജിമോൻ, ബേബിച്ചൻ, റിൻസി. മരുമക്കൾ: പോൾ മാളിയേക്കൽ, പരേതനായ മോളി പാലംമൂട്ടിൽ, ജോസ് ഇല്ലിമൂട്ടിൽ, തോമസ് ചേരിലോഴത്തിൽ, ഡാലിയ പുതിയിടത്തുംകുന്നേൽ, ബിനു കോതമ്പനാനി.

## ഷാജി കോശി



**ചിക്കാഗോ/തിരുവല്ല:** നിരണം തുണ്ടിയിൽ കരിക്കംപള്ളിൽ ഷാജി കോശി (65) ചിക്കാഗോയിൽ (എക്സ്റേ ഡിപ്പാർട്ടുമെന്റ് റഷ് ഹോസ്പിറ്റൽ) അന്തരിച്ചു. ഭാര്യ മോളമ്മ ഷാജി (റെസ്പിറേറ്ററി തെറാപ്പിസ്റ്റ്, ഹോളി ഫാമിലി). മക്കൾ: ജെമി, നിമ്മി, ജാസൺ. സഹോദരങ്ങൾ: ഷീല വർഗീസ് (സ്കോക്കി), ഷിബു കോശി (ഇന്ത്യാന).

**തിടനാട്:** തുരുത്തിയിൽ പരേതനായ മാത്യുവിന്റെയും മേരിയുടെയും മകൻ സിൽജോ മാത്യു (50) അന്തരിച്ചു.

**അരീപ്പറമ്പ്:** പാണാപറമ്പിലായ പ്ലാത്തോട്ടത്തിൽ പി.സി. മാത്യു (കുഞ്ഞൂഞ്ഞ്-80) അന്തരിച്ചു.

**മണിമല:** നെടുംതോട്ടത്തിൽ എം.ടി. ജോസഫ് (അപ്പച്ചൻ-92) അന്തരിച്ചു.

**മണർകാട്:** തെക്കേപ്പറമ്പിൽ മറിയാമ്മ ജോൺ (99) അന്തരിച്ചു.

**ചങ്ങനാശേരി:** വേരൂർ ഇൻഡസ്ട്രിയൽ നഗർ തട്ടാരപ്പള്ളിൽ ടി.എ. ജോസഫ് (തങ്കച്ചൻ-73) അന്തരിച്ചു.

**വെരൂർ:** മുണ്ടയ്ക്കൽ ഹോളോ ബ്ലോക്ക് ആൻഡ് ക്രഷേഴ്സ് (എബിസി) മാനേജിങ് പാർട്ണർ അലക്സ് സി. മുണ്ടയ്ക്കൽ (ചാണ്ടിച്ചൻ-70) അന്തരിച്ചു.

**അതിരമ്പുഴ:** കരിവേലിമലയിൽ കെ.ഡി. സെബാസ്റ്റ്യൻ (കെ.ഡി. രാജു-67) അന്തരിച്ചു.

**പൂളിക്കുന്ന്:** പുല്ലാത്തുശേരി കുഞ്ഞുകുഞ്ഞിന്റെയും വത്സമ്മയുടെയും മകൻ മധുക്കുട്ടൻ (46) അന്തരിച്ചു.

**നീണ്ടൂർ:** ഓണശേരിൽ മേരി കുര്യൻ (81) അന്തരിച്ചു.

## രാജൻ ഈപ്പൻ

**മല്ലപ്പള്ളി:** മൂത്തേടത്ത് വള്ളോന്തറയിൽ രാജൻ ഈപ്പൻ (78) അന്തരിച്ചു. ഭാര്യ ഇരവിപേരൂർ പേരാലുംമൂട്ടിൽ നെടുമ്പറമ്പിൽ പരേതയായ മേരി രാജൻ. മക്കൾ: ദീപ്തി ബിനോ (യുഎസ്), ദീപൻ രാജൻ, ദിലീപ് രാജൻ (ഷാർജ). മരുമക്കൾ: കോഴഞ്ചേരി കുന്നിൽ ബിനോ മാത്യു (യുഎസ്), കൊല്ലാട് ചെമ്പകശ്ശേരിൽ പ്രിൻസി അക്ക ടൈറ്റസ്.

**വടവാതൂർ:** അമയന്നൂർ പഴൂർ വടക്കേക്കര സോമിനി ജേക്കബ് (57) അന്തരിച്ചു.

**പൂച്ചാക്കൽ:** റിട്ട. പോസ്റ്റ് മാസ്റ്റർ തേവർവട്ടം വാടിക പി. രമണൻ (74) അന്തരിച്ചു.

**ആലുവ:** സുരേഷ് നേഴ്സിങ് ഹോം സ്ഥാപകൻ വെങ്ങോല പെരുമാനി ഐക്കരക്കുടി ഡോ. ഏബ്രഹാം മോസസ് (94) അന്തരിച്ചു.

**പട്ടിത്താനം:** വാടയിൽ മാപ്പിളശേരി പരേതനായ തോമസ് ഫിലിപ്പിന്റെ മകൻ നിധിൻ ജോസ് (43) അന്തരിച്ചു.

## പി.എം. ചാണ്ടി

**ഉരുളികുന്നം:** മാന്താടിയിൽ (വാഴയിൽ) പി.എം. ചാണ്ടി (പാപ്പച്ചൻ-90) അന്തരിച്ചു. ഭാര്യ നടുവത്താനിയിൽ ഏലിക്കുട്ടി ചാണ്ടി. മക്കൾ: എം.സി. ഫ്രാൻസിസ്, അന്നക്കുട്ടി ചാണ്ടി, എം.സി. തോമസ്, ഷേർളി നോബിൾ, സോജൻ അലക്സ്, ജസ്റ്റിൻ അലക്സ് (ഇരുവരും യുഎസ്), രാജേഷ് അലക്സ് (കാനഡ). മരുമക്കൾ: ആനി ഫ്രാൻസിസ് രാമപുരത്ത് (പാലാ), ടി.ഡി. ഡേവിഡ് തറപ്പേൽ (അതിരമ്പുഴ), ലിസി മൈക്കിൾ കടിയകുറ്റിയിൽ, ജോർജ് നോബിൾ പുത്തേട്ട് അരുണാപുരം, സ്വപ്ന സോജൻ പറയൻനിലം, ജയിൻ ജസ്റ്റിൻ താന്നിക്കുന്നേൽ (ഇരുവരും യുഎസ്), ഡയാന രാജേഷ് പരുവിലാങ്കൽ (കാനഡ).

**ഓച്ചിറ:** ക്ലാപ്പന കുളങ്ങരത്ത് ശ്യാമപ്രസാദ് (ബാബു-74) അന്തരിച്ചു.

**ആലപ്പുഴ:** പാലത്ര പരേതനായ പി.ടി. ജോസഫിന്റെ ഭാര്യ മേരിക്കുട്ടി ജോസഫ് (87) അന്തരിച്ചു.

**കോട്ടയം-കഞ്ഞിക്കുഴി:** കാച്ചുവേലിക്കുന്ന് ഓലിക്കര വീട്ടിൽ സൂസൻ റോബി (ആഷ്‌ലി-41) അന്തരിച്ചു.

**തമ്പലക്കാട്:** എൻഎസ്എസ് യുപിഎസ് റിട്ട. അദ്ധ്യാപിക കാരുശ്ശേരിൽ കെ.എൻ. തങ്കമ്മ (93) അന്തരിച്ചു.

**റാന്നി:** വാകത്താനം ഉള്ളിരിക്കൽ റിട്ട. പോസ്റ്റ്മാസ്റ്റർ കുര്യൻ ചാക്കോയുടെയും കെ.വി. റെയ്ച്ചലിന്റെയും മകൻ ഐസിഐസിഐ ചീഫ് മാനേജർ അനു സി. വർഗീസ് (49) അന്തരിച്ചു.

**ഇരിട്ടി:** റിട്ട. പോലീസ് ഇൻസ്പെക്ടർ പുന്നാട് പ്രാണയിൽ കല്യാടൻ സുരേന്ദ്രൻ (58) അന്തരിച്ചു.

## ഏലിക്കുട്ടി സെബാസ്റ്റ്യൻ

**കുറവിലങ്ങാട്:** കളത്തൂർ ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക നസ്രത്തുഹിൽ വെട്ടുകാട്ടിൽ ഏലിക്കുട്ടി സെബാസ്റ്റ്യൻ (101) അന്തരിച്ചു. എലിക്കുളം മുത്തോലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.ഡി. സെബാസ്റ്റ്യൻ. മക്കൾ: ബാബു വി. ശങ്കരപുരി വെട്ടുകാട്ടിൽ, മേരിക്കുട്ടി സെബാസ്റ്റ്യൻ, മോളി സെബാസ്റ്റ്യൻ (ബറോഡ), ജോൺ എസ്. കെന്നഡി (യുഎസ്), ലിസ് സെബാസ്റ്റ്യൻ, പരേതനായ സണ്ണി സെബാസ്റ്റ്യൻ, ഷേർളി സെബാസ്റ്റ്യൻ. മരുമക്കൾ: മേരി ആറ്റുപുറം (തിരുവില്വാമല), പ്രഫ. അൽഫോൻസ വർക്കി (കാരുവേലിൽ കടപ്ലാമറ്റം), സക്കറിയ മുക്കാടൻ (പെരിന്തൽമണ്ണ), സാന്റി സെബാസ്റ്റ്യൻ ഇടത്തടത്തിൽ മണ്ണയ്ക്കനാട് (ബറോഡ), മിനി ആന്റണി തുറുപ്പാശേരിൽ എറണാകുളം (യുഎസ്), ഡോ. തോമസ് ജോർജ് (എച്ച്ഒഡി ഗവ. മെഡിക്കൽ കോളജ്, തൃശൂർ).

**പേരൂർ:** നടയ്ക്കൽ (അമ്പലത്തുവടക്കേൽ) മാത്യു ജോസഫ് (ബാബു-69) അന്തരിച്ചു.

**തലയോലപ്പറമ്പ്:** മർച്ചന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി മണലേൽ എം.എ. അഗസ്റ്റിൻ (അപ്പച്ചൻ-76) അന്തരിച്ചു.

## ഏബ്രഹാം ജോർജ്

**കീക്കൊഴൂർ:** തായില്ലം പണിക്കന്റേത്ത് ഏബ്രഹാം ജോർജ് (96) അന്തരിച്ചു. ഭാര്യ തലച്ചിറ ഐക്കുഴ പരേതയായ മേരിക്കുട്ടി ജോർജ്. മക്കൾ: ലിസി, ജെസി, ജോൺസൺ, സണ്ണി, ഷാജി (മൂവരും യുഎസ്), ബിജു (അബുദാബി). മരുമക്കൾ: പാസ്റ്റർ സാമു, തങ്കമ്മ, ലാലി, പി.സി. ജോസ്, മിനി, ലൗലി.

**തിരുവല്ല:** കൊച്ചുവീട്ടിൽ കിഴക്കേതിൽ കെ.ഐ. ജോൺ (ജോയ്-80) അന്തരിച്ചു.

**മണർകാട്:** അദ്ധ്യാപക സഹകരണ ബാങ്ക് (പിഎസ്ടിഎ) മുൻ ഉദ്യോഗസ്ഥൻ തളികപ്പറമ്പിൽ ടി.ജെ. ബേബി (83) അന്തരിച്ചു.

**ചാഞ്ഞോടി:** കല്പ്പുരയ്ക്കൽ ദീപാ സെബാസ്റ്റ്യൻ (44) അന്തരിച്ചു.

**ചങ്ങനാശേരി:** ഡോട്ടേഴ്സ് ഓഫ് ചാരിറ്റി സെന്റ് വിൻസന്റ് ഡി പോൾ കോൺവന്റ് അംഗമായ സിസ്റ്റർ ജോസഫൈൻ (94) അന്തരിച്ചു.

**എടയ്ക്കാട്ടുവയൽ:** റിട്ട. പോസ്റ്റൽ അസിസ്റ്റന്റ് വട്ടപ്പാറ തേൻകുളത്തിൽ ടി.യു. മത്തായി (79) അന്തരിച്ചു.

**ചങ്ങനാശേരി:** മുക്കാടൻ സെബാസ്റ്റ്യൻ കുര്യൻ (അപ്പച്ചൻകുട്ടി-85) അന്തരിച്ചു.

**കറുകച്ചാൽ:** കറുകച്ചാൽ എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ പാലമറ്റം പൂർണിമയിൽ പി.കെ. രാധാകൃഷ്ണൻ നായർ (93) അന്തരിച്ചു.

## MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Dallas*

## CAREGIVER NEEDED – OKLAHOMA CITY

### (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

## BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or email at alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.




# ‘വരവ്’ന്റെ സെക്കൻഡ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി




മാസ് ആക്ഷൻ സിനിമകളുടെ രാജാവ് ഷാജി കൈലാസ് സംവിധാനം ചെയ്ത് ജോജു ജോർജ് നായകനായി എത്തുന്ന കംപ്ലീറ്റ് ആക്ഷൻ ചിത്രമായ ‘വരവ്’ന്റെ സെക്കൻഡ് ലുക്ക് പോസ്റ്റർ പുറത്തിറക്കി. ജോജു ജോർജിന്റെ തീപാറും നോട്ടമുള്ള പോസ്റ്റർ ജോജുവിന്റെ വരവിന് തന്നെ പ്രതീക്ഷ നൽകുന്നു. മലയോര മേഖലയുടെ പശ്ചാത്തലത്തിൽ കഥ പറയുന്ന ചിത്രത്തിൽ പോളി എന്ന് വിളിപ്പേരുള്ള പോളച്ചൻ എന്ന കഥാപാത്രമായാണ് ജോജു ജോർജ് എത്തുന്നത്. പോളച്ചന്റെ ജീവിത പോരാട്ടങ്ങളും പ്രതികാരവും ഇഴ ചേർന്ന് നിൽക്കുന്ന കംപ്ലീറ്റ് ആക്ഷൻ ചിത്രമാണ് ‘വരവ്’.

ജോജു ജോർജ്-ഷാജി കൈലാസ് കോമ്പിനേഷൻ തന്നെ ഇതാദ്യമായാണ്. ആദ്യ ‘വരവ്’ ഗംഭീരമാക്കാൻ ഒരുങ്ങുകയാണ് ഷാജി കൈലാസും ജോജുവും. ഓൾഗാ പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസി റെജി ചിത്രം നിർമിക്കുന്നു. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജോമി ജോസഫ്, രാഹുൽ റെജി തോമസ്, ‘വരവ്’ന്റെ ആക്ഷൻ രംഗങ്ങൾ ഗംഭീരമാക്കാൻ മലയാളത്തിന്റെ ആക്ഷൻ റാണിയായ വാണി വിശ്വനാഥ് കൂടി ജോജുവിനൊപ്പം ചിത്രത്തിലുണ്ട്.

ആക്ഷൻ സിനിമകളിലുള്ള ഷാജി കൈലാസിന്റെ സംവിധാന പാടവത്തിനു വീണ്ടും കരുത്താകാൻ സ്റ്റണ്ട് മാസ്റ്റർമാരുടെ ഒരു വലിയ നിര തന്നെയുണ്ട് ചിത്രത്തിൽ. ദക്ഷിണേന്ത്യയിലെ മുൻനിര സ്റ്റണ്ട് മാസ്റ്റർമാരായ സ്റ്റണ്ട് സിൽവ, കലൈ കിംഗ്സൺ, ഫീനിക്സ് പ്രഭു, രാജശേഖർ മാസ്റ്റർ, തവ്സി മാസ്റ്റർ, മാഫിയ ശശി, ജാക്കി ജോൺസൺ എന്നിങ്ങനെ ഏഴ് മാസ്റ്റേഴ്സ് ചിത്രത്തിനായി ഒന്നിക്കുന്നു.

വേറിട്ട കഥാപാത്രങ്ങളിലൂടെ മലയാളികളുടെ മനസുനിറച്ച സുകന്യയും വരവിന്റെ ഭാഗമാകുന്നു. മുരളി ഗോപി, അർജുൻ അശോകൻ, ദീപക് പറമ്പോൽ, ബാബുരാജ്, അസീസ് നെടുമങ്ങാട്, ബൈജു സന്തോഷ്, അഭിമന്യു തിലകൻ, ബോബി കുര്യൻ, അശിൻ കുമാർ, ശ്രീജിത്ത് രവി, കോട്ടയം രമേശ്, ബാലാജി, ബിജു പപ്പൻ, ചാലി പാല, ഷാജി ഷാഹിദ്, ആൻഡ്രെയ് ബ്ലിറ്റ്സ് നെറ്റ്സോവ്, വിൻസി അലോഷ്യസ്, സാനിയ ഇയ്യപ്പൻ, വീണ നായർ, മെറ്റിൽഡ പെട്രോവിക് എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നു. ഷാജി കൈലാസിന്റെ വിജയ ചിത്രങ്ങൾ ചിന്താമണി കൊലക്കേസ്, റെഡ് ചില്ലീസ്, ദ്രോണ എന്നീ ചിത്രങ്ങൾക്ക് തിരക്കഥ ഒരുക്കിയ എ.കെ. സാജനാണ് വരവിന്റെയും തിരക്കഥ രചിച്ചിരിക്കുന്നത്.

ഛായാഗ്രഹണം-എസ്. ശരവണൻ. സംഗീതം ഒരുക്കുന്നത് സാം സി.എസ്, എഡിറ്റർ-ഷമീർ മുഹമ്മദ്. കലാസംവിധാനം-സാബു റാം.

മൂന്നാർ, മറയൂർ, തേനി, വാഗമൺ, കോട്ടയം എന്നീ ലൊക്കേഷനുകളിലായി 98 ദിവസങ്ങൾ കൊണ്ടാണ് ‘വരവ്’ ചിത്രീകരണം പൂർത്തിയാക്കിയത്. തീയറ്ററുകളിൽ ആക്ഷൻ തരംഗം തീർക്കാൻ ‘വരവ്’ മേയ് മാസം റിലീസ് ചെയ്യും. ചിത്രം ഓൾഗാ പ്രൊഡക്ഷൻസ് റിലീസസ് തിയറ്ററുകളിൽ എത്തിക്കും.

# സൈബർ ക്രൈം ത്രില്ലർ ‘അച്യുത അവതാരം’; പുതിയ പോസ്റ്റർ റിലീസായി




കന്നഡയിലെ പ്രമുഖ എഴുത്തുകാരനും ചലച്ചിത്ര പ്രവർത്തകനുമായ പുനിത് ആദ്യമായി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മലയാള ചിത്രം ‘അച്യുത അവതാര’ത്തിന്റെ പുതിയ പോസ്റ്റർ റിലീസായി. മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ എത്തുന്ന ചിത്രം പാൻ ഇന്ത്യൻ തലത്തിലാണ് ഒരുക്കിയിരിക്കുന്നത്. സൈബർ ക്രൈം ത്രില്ലർ സ്വഭാവത്തിലുള്ള, ചിത്രത്തിന്റെ പുതിയ പോസ്റ്ററിൽ ഫാമിലി ഡ്രാമയ്ക്കുള്ള പ്രാധാന്യവും എടുത്തുകാണാൻ കഴിയും. സൈബർ ആസക്തിയുടെ ഭയാനകമായ അനന്തരഫലങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഒരു യാത്രയിലേക്ക് പ്രേക്ഷകരെ കൊണ്ടുപോകുന്ന ചിത്രം റെയ്റ വെഞ്ചേഴ്സിന്റെ ബാനറിൽ രമേശ് സി. രുദ്രമൂർത്തി, രാജേഷ് ആർ. എന്നിവർ ചേർന്നാണ് നിർമിച്ചിരിക്കുന്നത്.

പ്രമുഖ നർത്തകിയും താരവുമായ മാളവിക നന്ദൻ, അവിനാശ് (കാന്താര ഫെയിം), സീമ ജി. നായർ എന്നിവർക്കൊപ്പം നിരവധി അന്യഭാഷ താരങ്ങളും ചിത്രത്തിൽ വേഷമിടുന്നു. ദേശീയ അവാർഡ് ജേതാവായ ഛായാഗ്രാഹകൻ ആനന്ദ് മീനാക്ഷിയാണ് ചിത്രത്തിൽ കാമറ കൈകാര്യം ചെയ്യുന്നത്. മംഗലാപുരം, കാസർഗോഡ് എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ചിത്രം മേയ് മാസത്തോടെ തിയറ്ററുകളിൽ എത്തും. ഹരീഷ് മോഹനന്റെ വരികൾക്ക് പ്രസന്ന കുമാർ എം.എസ്. ആണ് സംഗീതം നൽകിയിരിക്കുന്നത്.

# സിംഗപ്പൂരിൽ ആദ്യമായി ഒരു മലയാള സിനിമയുടെ ലോഞ്ച്

സിംഗപ്പൂരിന്റെ മണ്ണിൽ ആദ്യമായി ഒരു മലയാള സിനിമയുടെ ലോഞ്ച് നടന്നു എന്ന അഭിമാനകരമായ നേട്ടവുമായി നീരജ് മാധവും അൽത്താഫ് സലീമും പ്രധാന വേഷത്തിലെത്തുന്ന ‘പ്ലൂട്ടോ’ എത്തുന്നു. സിംഗപ്പൂരിൽ നടന്ന വിനീത് ശ്രീനിവാസൻ സംഗീതനിശയുടെ വേദിയിലാണ് ചിത്രത്തിന്റെ ആകാംക്ഷയുണർത്തുന്ന ടീസർ (Glimpse) പുറത്തിറക്കിയത്. സിംഗപ്പൂർ മന്ത്രി ദിനേഷ് വസു ടീസർ പ്രകാശനം ചെയ്തു. ഓർക്കിഡ് ഫിലിംസ്, പക്കാ ലോക്കൽ, മീഡിയ 5 എന്നിവർ സംയുക്തമായി സംഘടിപ്പിച്ച വിനീത് ശ്രീനിവാസൻ ലൈവ് ഇൻ കോൺസേർട്ടിനിടെയായിരുന്നു സിനിമാ പ്രേമികളെ ആവേശത്തിലാഴ്ത്തിയ ഈ പ്രഖ്യാപനം.



ആദിത്യൻ ചന്ദ്രശേഖർ സംവിധാനം ചെയ്യുന്ന ഈ ചിത്രം ഒരു കംപ്ലീറ്റ് ഫൺ എന്റർടെയ്നർ ആയിരിക്കും എന്ന സൂചനയാണ് പുതിയ ടീസർ നൽകുന്നത്. എങ്കിലും ചന്ദ്രികേ എന്ന ചിത്രത്തിന് ശേഷം ആദിത്യൻ ഒരുക്കുന്ന ചിത്രമാണിത്. പ്ലൂട്ടോയിലെ രസകരമായ ആ ഏലിയൻ കഥാപാത്രമായി എത്തുന്നത് അൽത്താഫ് സലീമാണ്. ആർഷ ബൈജു, അജു വർഗീസ്, ദിനേശ് പ്രഭാകർ, വിനീത് തട്ടിൽ, സുബിൻ ടാർസൻ, നിഹാൽ, സഹീർ മുഹമ്മദ്, തുഷാര പിള്ള, സച്ചിൻ ജോസഫ്, നിമ്ന ഫത്തൂമി എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു.

ഓർക്കിഡ് ഫിലിംസ് ഇന്റർനാഷണലിന്റെ ബാനറിൽ രെജു കുമാർ, രശ്മി രെജു എന്നിവർ ചേർന്നാണു ചിത്രം നിർമിക്കുന്നത്.

മനുഷ്യ ലോകത്തേക്ക് എത്തുന്ന ഒരു ഏലിയനും അതിനെ ചുറ്റിപ്പറ്റിയുള്ള അബദ്ധങ്ങളും തമാശകളുമാണ് ചിത്രത്തിന്റെ മുഖ്യ വിഷയമെന്ന് സൂചനകൾ നൽകുന്നു.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജയകൃഷ്ണൻ ആർ.കെ, ഛായാഗ്രഹണം-വിഷ്ണു ശർമ, കഥ തിരക്കഥ-നിയാസ് മുഹമ്മദ്, സംഗീതം-അർക്കാഡോ, എഡിറ്റർ-സനത് ശിവരാജ്, ക്രിയേറ്റീവ് പ്രൊഡ്യൂസേഴ്സ്-അനന്തു സുരേഷ്, കിഷോർ ആർ. കൃഷ്ണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-നൗഫൽ സലിം, പ്രൊഡക്ഷൻ കൺട്രോളർ-ജാവേദ് ചെമ്പ്, പ്രൊഡക്ഷൻ മാനേജർ-പക്കു, പ്രൊഡക്ഷൻ ഡിസൈനർ-രാഖിൽ, മേക്കപ്പ്-റോണക്സ് സേവ്യർ, കോസ്റ്റ്യൂം ഡിസൈനർ-സ്റ്റെഫി സേവ്യർ, സൗണ്ട് ഡിസൈൻ-ശങ്കരൻ എ.എസ്, കെ.സി. സിദ്ധാർത്ഥൻ, സൗണ്ട് മിക്സിംഗ്-വിഷ്ണു സുജാതൻ, വിഎഫ്എക്സ്-ഫ്ളയിങ് പ്ലൂട്ടോ, സ്റ്റണ്ട്-എപിയൻസ്, ഫിനാൻസ് കൺട്രോളർ-സണ്ണി താഴുതല, സ്റ്റിൽസ്-അമൽ സി. സദർ, ഡിസൈൻ-ടെൻ പോയന്റ്സ്, വിഷ്വൽ പ്രൊമോഷൻസ് സ്നേക് പ്ലാന്റ്.




# വിമോചനസമര പശ്ചാത്തലത്തിൽ ഡിജോ ജോസ് ആന്റണി ഒരുക്കിയ 'പള്ളിച്ചട്ടമ്പി'




**ച**രിത്രവും ഭാവനയും ചേരുംപടി ഇഴചേരുന്നിടത്താണ് തലമുറകളെ വിസ്മയിപ്പിക്കുന്ന പിരീഡ് സിനിമകളുടെ പിറവി. കേരളമനസിൽനിന്ന് അടർത്തിമാറ്റാനാവാത്ത വിമോചനസമര പശ്ചാത്തലത്തിൽ ഡിജോ ജോസ് ആന്റണിയൊരുക്കിയ ടൊവിനോ മാസ് എന്റർടെയ്നർ 'പള്ളിച്ചട്ടമ്പി' തിയറ്ററുകളിൽ തരംഗമാകുന്നു. ക്രിസ്റ്റഫർ കൃഷ്ണപിള്ള എന്ന വീരോചിത നായകപ്പെരുമയിൽ ടൊവിനോയും റബേക്കയെന്ന റൊമാന്റിക് ചാരുതയുടെ തിളക്കത്തിൽ കയാദു ലോഹറും പട്ടേലർ കുഞ്ഞമ്പു നമ്പ്യാർ എന്ന വമ്പൻ സർപ്രൈസ് വേഷത്തിൽ പൃഥ്വിരാജ് സുകുമാരനും പടർത്തുന്ന ആവേശത്തീ. ടൊവിനോ തോമസ് എന്ന ഗംഭീര നടനെ മാസ് ചേരുവകളോടെ അവതരിപ്പിച്ച് ഒന്നാംതരം തിയട്രിക്കൽ അനുഭവമൊരുക്കിയ സംവിധാനമികവിൽ ഡിജോ ജോസ് ആന്റണി.

'ഞാൻ ചെയ്തതിൽ ഏറ്റവും പ്രയാസമേറിയ യോണറാണ് ഈ സിനിമയുടേത്. ആക്ഷനും ഇമോഷനും റൊമാൻസുമുള്ള ഫാമിലി പിരീഡ് ഡ്രാമയാണിത്. കംപ്ലീറ്റ് പാക്കേജ്. ഒരു നാടിന്റെയും ആ നാടിന്റെ നായകന്റെയും കഥ പറയുന്ന സിനിമയാണിത്. അത് ആവശ്യപ്പെടുന്ന ആക്ഷനുമുണ്ട്'- ഡിജോ പറയുന്നു.

1957-58 കാലഘട്ടത്തിൽ കേരളത്തിൽ കമ്യൂണിസ്റ്റ് ഭരണംകൊണ്ടുവന്ന ഭൂപരിഷ്കരണനിയമവും വിദ്യാഭ്യാസ ബില്ല്ലുമൊക്കെയാണ് കഥാപശ്ചാത്തലം. വിമോചനസമരകാലത്ത് കാണിയാർ എന്ന ദേശത്തെ ക്രിസ്റ്റഫർ സേനയെ അടവുകൾ പഠിപ്പിക്കാനായി അവർ നിയമിച്ച ക്രിസ്റ്റഫറാണ് ഈ സിനിമയിലെ നായകൻ പള്ളിച്ചട്ടമ്പി.

ടൊവിനോ, പൃഥ്വിരാജ് അല്ലെങ്കിൽ മമ്മൂട്ടി, മോഹൻലാൽ എന്നൊക്കെ പറയുന്നതിലുപരി ഈ കഥയ്ക്ക് അനുയോജ്യനായ ഒരാൾക്കൊപ്പം വർക്ക് ചെയ്യണം എന്നു മാത്രമാണ് ആലോചിച്ചത്. 2018-ൽ എസ്. സുരേഷ് ബാബു ഈ കഥ പറഞ്ഞപ്പോൾ തന്നെ ടൊവിനോയെ കണ്ടതാണ്. വൺലൈൻതന്നെ രസകരമായിരുന്നു. ആ സമയത്ത് അനൗൺസ് ചെയ്ത പ്രോജക്ടാണു പള്ളിച്ചട്ടമ്പി. എഴുത്തുകാരനും നായകനും സംവിധായകനുമൊക്കെ ഇതിനിടെ പല സിനിമകൾ ചെയ്തു. എങ്കിലും ഇതുപേക്ഷിക്കാതെ ഞങ്ങൾ കാത്തിരുന്നു. ഏറെ കഠിനാധ്വാനിയാണു ടൊവിനോ. ടൊവിനോയുടെ ഏറ്റവും മികച്ച പ്രകടനങ്ങളിലൊന്നായി പള്ളിച്ചട്ടമ്പി. അതിലേക്കുള്ള പരിശ്രമം ഞങ്ങൾ രണ്ടുപേരുടെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

പൃഥ്വിരാജും ടൊവിനോയും ഉറപ്പായും കംഫർട്ട് സോണിലുള്ള നടന്മാരാണ്. പക്ഷേ, എനിക്കു രണ്ടും രണ്ടാണ്. ടൊവിനോയും ഞാനും ഏറെക്കുറെ സമപ്രായക്കാരായതുകൊണ്ടാവാം ഡിജോ, ടോവി എന്നൊക്കെ വിളിക്കാവുന്ന രീതിയിൽ സഹോദരതുല്യമായ ബന്ധമാണ്. നേരെമറിച്ച് രാജു ഏറെക്കുറേ ഒരു മെന്ററാണ്. ഇത്രയും നാളത്തെ അനുഭവസമ്പത്തുള്ള ആളെന്നനിലയിൽ മലയാളസിനിമയിൽ അത്തരത്തിലൊരു സ്ഥാനമുള്ളയാളാണ്. എങ്കിലും ഇരുവരുടെയും വർക്കിംഗ് സ്റ്റൈൽ ഏറെക്കുറെ ഒരുപോലെയാണ്. ഇരുവരും ഏറെ പ്രഫഷണലാണ്. പക്ഷേ, വ്യക്തിബന്ധത്തിൽ രാജുവുമായും ഞാൻ വളരെ അടുപ്പത്തിലാണ്. എന്റെ വീട്ടിലേക്കു കടന്നുവന്ന ഒരനുജനെയോ ചേട്ടനെയോ പോലെയാണ് എനിക്കു ടൊവിയെങ്കിൽ വീട്ടിലേക്കു കടന്നുവരണമെന്നു ഞാൻ ആഗ്രഹിക്കുന്ന വലിയ ഒരതിഥി, ഒപ്പം ഒരു ചേട്ടനെപ്പോലെയും.... അതാണു പൃഥ്വി.

ചരിത്രത്തിന്റെ ചെറിയൊരംശം നമ്മൾ എടുത്തിട്ടുണ്ട് എന്നല്ലാതെ ബാക്കിയെല്ലാം ഫിക്ഷണലൈസ്ഡ് കഥയാണ്. നൂറു ശതമാനം സിനിമാറ്റിക് അനുഭവം കിട്ടുന്നതിനുവേണ്ടി സുരേഷേട്ടനും ഞാനും ചേർന്ന് വാണിജ്യചേരുവകളോടെയാണ് ഈ സിനിമ ചെയ്തത്.

ടൊവിനോയ്ക്കും ഇതിൽ എന്തോ ഉണ്ട് എന്നു തോന്നിയിട്ടുള്ളതുകൊണ്ടാണ് ഇതിൽ കാസ്റ്റ് ചെയ്തത്. അതിനെ കൃത്യമായി ക്യാപിറ്റലൈസ് ചെയ്ത് കച്ചവട സാധ്യതയുള്ള സിനിമയാക്കാൻ കഴിവുള്ള സംവിധായകനാണു ഞാനെന്നും തോന്നിയിരിക്കാം. പക്ഷേ, ഒരു സാധാരണ സിനിമ ചെയ്യുന്നതുപോലെയല്ല പിരീഡ് സിനിമയുടെ വെല്ലുവിളികൾ.



ഏതെങ്കിലുമൊരു കെട്ടിടത്തിൽ നമ്മൾ ഷൂട്ട് ചെയ്യുമ്പോൾ ഈ കാലഘട്ടത്തിലെ സിനിമയാണെങ്കിൽ എന്തെങ്കിലും വിട്ടുപോയാലോ കുറയുണ്ടായാലോ പിന്നീടു വന്നു ചെയ്യാം. പിരീഡ് സിനിമയിൽ അതാവില്ലല്ലോ. ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ ഒരു പരിധിക്കപ്പുറം ഇന്റലിജന്റ് പ്രേക്ഷകരും അത്തരം സിനിമകളുമുണ്ടാകുന്നതു മലയാളത്തിൽ നിന്നാണെന്നു പറയാറുണ്ട്. അതിനാൽ ഇവിടെ ഒരു സിനിമ ചെയ്യുമ്പോൾ 100 മടങ്ങ് ശ്രദ്ധിക്കണം. സൂക്ഷ്മാംശങ്ങൾ വരെ ശ്രദ്ധിച്ചു. ആർട്ട് ഡയറക്ടർ ദിലീപ് നാഥ് തൊടുപുഴയിൽ ആ കാലഘട്ടത്തിനുചേർന്ന ഗംഭീര സെറ്റുകളൊരുക്കി. കയാദുവിലേക്ക് എത്തിയത് ഏറ്റവും അവസാനമാണ്. ഒരു പുതുമയ്ക്കുവേണ്ടി ആദ്യം മനസിൽ കണ്ടതും കയാദുവിനെ തന്നെയായിരുന്നു. അതിനുശേഷമാണ് കയാദുവിന്റെ 'ഡ്രാഗൺ' സിനിമ വന്നത്. അതിനുമുമ്പേ തന്നെ ഞാൻ കഥ പറഞ്ഞിരുന്നു. ഈ സിനിമ ആവശ്യപ്പെടുന്ന ഒരു ലുക്കുണ്ട് കയാദുവിന്. ഇൻസ്റ്റഗ്രാം ഫോട്ടോ കണ്ടപ്പോൾ കഥാപാത്രവുമായി കണക്ഷൻ കിട്ടി.

ഈ കാലഘട്ടത്തിൽ എല്ലാ പ്രാദേശിക സിനിമകളും പാൻ ഇന്ത്യനാണ്. 'കാന്താര' അവരുടെ നാട്ടിൽ നടക്കുന്ന കഥയാണ്. സിനിമ ഇറങ്ങിയപ്പോൾ അതു മേക്കിംഗ് മികവിൽ പാൻ ഇന്ത്യനായി. അതുപോലെ ഇതിന്റെ മേക്കിംഗും കഥാസന്ദർശങ്ങളുമൊക്കെ പാൻ ഇന്ത്യൻ സ്വഭാവത്തിലേക്ക് ഈ സിനിമയെ എത്തിക്കുന്നു.

കൈതപ്രം-ജേക്സ് ബിജോയ് ടീമിന്റേതാണ് 'കാട്ടുചെമ്പകം പൂത്തോട്ടെ' എന്ന റൊമാന്റിക് പാട്ട്. കൈതപ്രം എന്ന ഇതിഹാസത്തിനൊപ്പം വർക്ക് ചെയ്യാനായതിൽ സന്തോഷം. ടിറ്റോ പി. തങ്കച്ചൻ-ജേക്സ് ടീമിന്റേതാണ് മാവീരൻ. കഥാസന്ദർഭങ്ങളോടു ചേർന്നുനിൽക്കുന്ന പാട്ടുകൾ.

പുതിയ സിനിമകളെകുറിച്ച് പറയുകയാണെങ്കിൽ 'ജനഗണമന 2' എഴുത്തിലാണ് തിരക്കഥാകൃത്ത് ഷാരീസ് മുഹമ്മദ്. അതു തീർന്നാലുടൻ പ്രഖ്യാപനമുണ്ടാവും. മോഹൻലാലുമൊത്തു ചെയ്യുന്ന സിനിമയുടെ കഥാചർച്ചകൾ തുടരുന്നു. പുതുമുഖങ്ങൾക്കു പ്രാധാന്യമുള്ളത് ഉൾപ്പെടെ രണ്ടുമൂന്നു കഥകളുണ്ട്. അതിൽ കൂടുതൽ ഇഷ്ടമായതാവും എന്റെ അടുത്ത സിനിമ.

# പ്രൊഫ.ഡോ. ജോര്‍ജ് തോമസ് മുളയറ അന്തരിച്ചു

കുളത്തൂപ്പുഴ: തിങ്കള്‍ക്കരിക്കം മുളയറ വീട്ടില്‍ പ്രൊഫ.ഡോ. ജോര്‍ജ് തോമസ് (62) അന്തരിച്ചു. ജീവിതത്തിന്റെ രണ്ടാം ഇന്നിംഗ്‌സ് ആരംഭിച്ച്, സ്വപ്നങ്ങള്‍ പൂര്‍ത്തിയാക്കാനുള്ള ഒരുക്കത്തിലായിരുന്ന ഒരു മനുഷ്യന്റെ യാത്ര പാതിവഴിയില്‍ അവസാനിക്കുകയായിരുന്നു.

തിരുവനന്തപുരം സെ. സേവ്യേഴ്‌സ് കോളജിലെ ഫിസിക്കല്‍ എഡ്യൂക്കേഷന്‍ വിഭാഗം തലവനായി ദീര്‍ഘകാലം സേവനമനുഷ്ഠിച്ചിരുന്ന പ്രൊഫ. ഡോ. ജോര്‍ജ് തോമസ് കായിക രംഗത്ത് നിരവധി യുവാക്കളെ വളര്‍ത്തിയെടുത്തു. തന്റെ ജീവിതം മുഴുവന്‍ സ്‌പോര്‍ട്‌സിനായി ചെലവഴിച്ച ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

തിരുവനന്തപുരം ജില്ലാ അത്‌ലറ്റിക് അസോസിയേഷന്‍ പ്രസിഡണ്ട്, കൊല്ലം ജില്ലാ ഒളിമ്പിക് അസോസിയേഷന്‍ വൈസ് പ്രസിഡണ്ട്, ക്യുഎസി മാനേജിങ് കമ്മിറ്റി അംഗം, കൊല്ലം റോട്ടറി ക്ലബ് പ്രസിഡണ്ട്, വൈഎംസിഎ പ്രസിഡണ്ട് എന്നീ നിലകളില്‍ പ്രവര്‍ത്തിച്ച അദ്ദേഹം സമൂഹത്തോടുള്ള ബന്ധവും സേവനമനോഭാവവും കൊണ്ട് ഏവരുടെയും പ്രിയങ്കരനായിരുന്നു. ഹാന്‍ഡ് ബോള്‍ ദേശീയതാരവും അത്‌ലറ്റിക്‌സില്‍ ദേശീയ നിലവാരത്തിലുള്ള താരവുമായിരുന്നു.

ഔദ്യോഗിക ജീവിതത്തിനു ശേഷം അദ്ദേഹം സ്വപ്നം കണ്ടത് ശാന്തമായ ഒരു ജീവിതമായിരുന്നു. ഭാര്യാസമേതം നിരവധി രാജ്യങ്ങള്‍ സഞ്ചരിച്ച് ലോകം കണ്ടു. പ്രകൃതിയോടുള്ള



ഇഷ്ടംകൊണ്ട് മലയോര മേഖലയിലെ ഒരു കൃഷിയിടത്തില്‍ വൈദ്യുതി പോലും ഇല്ലാത്ത ഒരു സ്ഥലത്ത് സൗരോര്‍ജ്ജ സംവിധാനം ഒരുക്കി ഒരു കൊച്ചു റിസോര്‍ട്ടും മനോഹരമായ ഒരു വീടും അദ്ദേഹം സൃഷ്ടിച്ചു. കുരുമുളക് തോട്ടങ്ങള്‍ നിറഞ്ഞ ആ ഭൂമി അദ്ദേഹത്തിന്റെ സ്വപ്നങ്ങളുടെ സാക്ഷിയായിരുന്നു. ഇവിടേക്കുള്ള യാത്ര പോലും ഒരു സാഹസിക അനുഭവം-ഓഫ് റോഡ് വഴികള്‍, ജീപ്പിന്റെ ശബ്ദം, പ്രകൃതിയുടെ ശ്വാസം എല്ലാം ഒരുക്കി ജീവിതം ആസ്വദിക്കാന്‍ തുടങ്ങും മുന്‍പ് അനിവാര്യമായ ഒരു മടക്കം.

നാഷണല്‍ അത്‌ലറ്റിക് കോച്ച് മുളയറ ജി. തോമസ് സാറിന്റെയും റിട്ട. അദ്ധ്യാപിക പരേതയായ മറിയാമ്മ തോമസിന്റെയും മകനാണ്. ഭാര്യ: കുണ്ടറ തെങ്ങയ്യം മെല്‍ റോസ് ഹൗസില്‍ പ്രഫ.ഡോ. ഷീജ എ. ജോര്‍ജ്. മക്കള്‍: എന്‍ജിനീയര്‍ റോഷന്‍, എന്‍ജിനീയര്‍ രേഷ്മ. മരുമകള്‍: ക്ലോയി.

സ്വപ്നങ്ങളെ നെഞ്ചിലേറ്റി ജീവിച്ച ഒരാളുടെ യാത്ര ഇങ്ങനെ പാതിവഴിയില്‍ അവസാനിക്കുമ്പോള്‍ മനസ്സ് നിശ്ശബ്ദമായി ചോദിക്കുന്നു...ജീവിതം ഇനിയും കുറച്ചു വര്‍ഷങ്ങള്‍ കൂടി അദ്ദേഹത്തിനായി കിട്ടിയിരുന്നെങ്കില്‍...!!!

# ഇന്ത്യയിലെ ആദ്യ വര്‍ണനാണയം പുറത്തിറക്കി

കൊച്ചി: കേന്ദ്രസര്‍ക്കാരിന്റെ കീഴിലുള്ള സെക്യൂരിറ്റി പ്രിന്റിംഗ് ആന്‍ഡ് മിന്റിംഗ് കോര്‍പറേഷന്‍ ഓഫ് ഇന്ത്യ ലിമിറ്റഡ് ഇന്ത്യയിലെ ആദ്യ വര്‍ണ നാണയം പുറത്തിറക്കി. കൊല്‍ക്കത്തയിലെ കമ്മട്ടത്തില്‍ തയാറാക്കിയ 100 രൂപയുടെ ഈ വെള്ളിനാണയത്തിന് 35 ഗ്രാം തൂക്കവും 44 മില്ലിമീറ്റര്‍ വ്യാസവുമുണ്ട്. ഇന്ത്യയില്‍ ഇലക്ട്രിക് ട്രെയിന്‍ ഓടിത്തുടങ്ങിയതിന്റെ നൂറാം വാര്‍ഷികത്തോടനുബന്ധിച്ചാണ് വന്ദേഭാരത് ട്രെയിന്റെ വര്‍ണ ചിത്രം ആലേഖനം ചെയ്ത വെള്ളി നാണയത്തിന്റെ 1000 പ്രൂഫ് സെറ്റുകള്‍ മാത്രം വില്പനയ്ക്കു വെച്ചത്.

രണ്ടു വര്‍ഷംമുമ്പ് നാണയകമ്മട്ടത്തിന്റെ വെബ്‌സൈറ്റ് വഴി മുന്‍കൂട്ടി പണമടച്ച് ബുക്ക് ചെയ്തവര്‍ക്കാണ് ഇപ്പോള്‍ ഈ നാണയത്തിന്റെ പ്രൂഫ് സെറ്റ് ലഭിച്ചുതുടങ്ങിയത്. അപൂര്‍വ നാണയങ്ങളുടെയും കറന്‍സികളുടെയും ശേഖരണം ഹോബിയാക്കിയ അങ്കമാലി ലിറ്റില്‍ ഫ്‌ളവര്‍ ആശുപത്രിയിലെ സീനിയര്‍ പിആര്‍ഒയും മീഡിയ റിലേഷന്‍സ് ഓഫീസറുമായ ഷൈജു കുടിയിരിപ്പിലിന്റെ ശേഖരത്തിലേക്കും ഈ വര്‍ണ നാണയം എത്തി.

8000 രൂപ വിലവരുന്ന ഈ നാണയം ഇന്ത്യയിലെ ന്യുമിസ്മാറ്റിക്‌സ് ക്ലബ്ബുകളിലും ലോകമെമ്പാടും നാണയശേഖരണം വിനോദമാക്കിയവരിലും മോഹവിലയ്ക്കാണു കൈമാറ്റം ചെയ്യപ്പെടുന്നത്.

# ഹരിതചട്ടം ലംഘിച്ചതിന്റെ പേരില്‍ പിഴ 46.26 ലക്ഷം

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പില്‍ ഹരിതചട്ടം ലംഘിച്ചതിന്റെ പേരില്‍ പിഴ ചുമത്തിയത് 46.26 ലക്ഷം രൂപ. പിഴയായി പിരിച്ചെടുത്തത് 10.46 ലക്ഷം രൂപയും.

വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ എന്‍ഫോഴ്‌സ്‌മെന്റ് സ്‌കാഡുകള്‍ ചേര്‍ന്ന് 17.20 ലക്ഷം രൂപ പിഴ ചുമത്തിയതില്‍ 6.74 ലക്ഷം രൂപയാണു പിരിച്ചെടുത്തത്.

ജില്ലാ ശുചിത്വ മിഷനുകളുടെ സ്‌കാഡുകള്‍ ചേര്‍ന്ന് 29.06 ലക്ഷം രൂപ പിഴ ചുമത്തിയതില്‍ 3.71 ലക്ഷം രൂപ പിരിച്ചെടുത്തു.

കേരളത്തിലാകെ 7.781 എന്‍ഫോഴ്‌സ്‌മെന്റ് പരിശോധനകളിലായി ഏകദേശം 1,33,806 കിലോഗ്രാം നിരോധിത വസ്തുക്കളാണു പിടിച്ചെടുത്തത്.

കണ്ണൂര്‍ ജില്ലയിലാണ് ഏറ്റവും കൂടുതല്‍ (2.214) പരിശോധനകള്‍ നടന്നത്.

ഏറ്റവും കൂടുതല്‍ സാധനങ്ങള്‍ പിടിച്ചെടുത്തത് തിരുവനന്തപുരം ജില്ലയിലാണ്; 85.951 കിലോഗ്രാം.

വോട്ടെടുപ്പ് കഴിഞ്ഞതോടെ കേരളമാകെ തൂത്തുവാരിയത് 1700 ടണ്‍ മാലിന്യമായിരുന്നു.

പോളിങ് ബൂത്തുകളില്‍നിന്നും പോളിങ് സാധനങ്ങളുടെ വിതരണ കേന്ദ്രങ്ങളില്‍ നിന്നുമായി മാത്രം 951.19 ടണ്‍ ജൈവമാലിന്യവും 801.877 ടണ്‍ അജൈവ മാലിന്യവുമാണ് ഇക്കുറി നീക്കിയത്. ഇതില്‍ തിരുവനന്തപുരം ജില്ലയാണ് മുന്നില്‍.

## ആവേശം ചോരാതെ പൂരം

(ഒന്നാം പേജില്‍ നിന്നും)

തെക്കോട്ടിറക്കത്തില്‍ത്തന്നെ അവര്‍ കുടകള്‍ മാറ്റിക്കൊണ്ടേയിരുന്നു.

രാജാവിന്റെ പ്രതിമ ചുറ്റി സ്വരാജ് റൗണ്ടില്‍ നിലയുറപ്പിക്കുമ്പോഴേക്കും തിരുവമ്പാടിയും ഇടക്കിടെ കുടകള്‍ മാറ്റിക്കൊണ്ട് ഗോപുരനടയില്‍ നിരന്നു.

രാവിലെ ക്ഷേത്രത്തില്‍നിന്ന് ഭഗവതി പുറത്തിറങ്ങുമ്പോഴും തെക്കോട്ടിറക്കത്തിന്റെ സമയത്തുള്ള ആര്‍പ്പുവിളി ഇത്തവണ തിരുവമ്പാടി ഒഴിവാക്കി. നിശ്ചിത സമയത്തില്‍ പരമാവധി കുടകള്‍ മാറ്റിയായിരുന്നു ഇരു വിഭാഗത്തിന്റെയും മത്സരം.

വെയില്‍ ചാഞ്ഞതോടെ പൂരപ്പറമ്പിലേക്ക് ജനം ഇരമ്പിയെത്തി. വെടിക്കെട്ടിന് പകരം പ്രതീകാത്മകമായി കതിനകള്‍ പൊട്ടിച്ചു. 27-ന് തിങ്കളാഴ്ച രാവിലെ ഉപചാരംചൊല്ലി പിരിയലോടെ ഈ വര്‍ഷത്തെ പൂരത്തിന്റെ ചടങ്ങുകള്‍ തീര്‍ന്നു.

## ആന്റണി രാജുവിന് തിരിച്ചടി

(ഒന്നാം പേജില്‍ നിന്നും)

തിരുവനന്തപുരം ജില്ലാകോടതിയില്‍ തൊണ്ടിമുതലായി സൂക്ഷിച്ചിരുന്ന അടിവസ്ത്രത്തില്‍, പ്രതിയുടെ അഭിഭാഷകനായിരുന്ന ആന്റണി രാജുവും കോടതി ക്ലാര്‍ക്കും ചേര്‍ന്ന് തിരിമറി നടത്തിയെന്നായിരുന്നു വെളിപ്പെടുത്തല്‍. സഹതടവുകാരന്‍ ഇത് ഓസ്‌ട്രേലിയന്‍ പോലീസിനെ അറിയിക്കുകയും അവര്‍ ഇന്റര്‍പോള്‍ വഴി കേരളാ പോലീസിന് വിവരം കൈമാറുകയുമായിരുന്നു.

# പശ്ചിമബംഗാളില്‍ തൃണമൂലിന്റെ ഭീകരവാഴ്ചയെന്ന് രാഹുല്‍

ന്യൂഡല്‍ഹി: പശ്ചിമബംഗാളില്‍ കോണ്‍ഗ്രസ് പ്രവര്‍ത്തകന്‍ ദേബ്ദീപ് ചാറ്റര്‍ജി കൊല്ലപ്പെട്ട സംഭവത്തില്‍ ഭരണകക്ഷിയായ തൃണമൂല്‍ കോണ്‍ഗ്രസിനെതിരെ രൂക്ഷവിമര്‍ശനവുമായി ലോക്‌സഭാ പ്രതിപക്ഷ നേതാവ് രാഹുല്‍ ഗാന്ധി. ബംഗാളില്‍ നിലനില്‍ക്കുന്നത് ജനാധിപത്യമല്ലെന്നും മറിച്ച് തൃണമൂല്‍ കോണ്‍ഗ്രസിന്റെ ഭീകരവാഴ്ചയാണെന്നും അദ്ദേഹം ആരോപിച്ചു.

തെരഞ്ഞെടുപ്പിനു പിന്നാലെ തൃണമൂല്‍ ഗുണ്ടകള്‍ ദേബ്ദീപ് ചാറ്റര്‍ജിയെ കൊലപ്പെടുത്തിയ നടപടി അങ്ങേയറ്റം അപലപനീയമാണെന്ന് രാഹുല്‍ ഗാന്ധി എക്‌സില്‍ കുറിച്ചു. കൊല്ലപ്പെട്ട ദേബ്ദീപ് ചാറ്റര്‍ജിയുടെ കുടുംബത്തിന്റെ ദുഃഖത്തില്‍ പങ്കുചേരുന്നതായും അദ്ദേഹം കുറിച്ചു. വോട്ടെടുപ്പിനു ശേഷം വിരുദ്ധ ശബ്ദങ്ങളെ ഉന്മൂലനം ചെയ്യുകയെന്നത് തൃണമൂലിന്റെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. കോണ്‍ഗ്രസ് രാഷ്ട്രീയം ഒരിക്കലും ആക്രമണത്തില്‍ അധിഷ്ഠിതമല്ല. ഭരണഘടന മൂല്യങ്ങളിലും അഹിംസയിലുമാണ് പാര്‍ട്ടി വിശ്വസിക്കുന്നതെന്ന് രാഹുല്‍ ഗാന്ധി കൂട്ടിച്ചേര്‍ത്തു. സംഭവത്തിലെ കുറ്റക്കാരായ മുഴുവന്‍ പേരെയും ഉടന്‍ അറസ്റ്റുചെയ്യണമെന്നും രാഹുല്‍ ഗാന്ധി ആവശ്യപ്പെട്ടു.

അസന്‍സോളിലെ കോണ്‍ഗ്രസ് പ്രവര്‍ത്തകനായ ദേബ്ദീപ് ചാറ്റര്‍ജി തെരഞ്ഞെടുപ്പിന് പിന്നാലെയുണ്ടായ ആക്രമണത്തിലാണ് കൊല്ലപ്പെട്ടത്. അസന്‍സോള്‍ നോര്‍ത്ത് മണ്ഡലത്തിലെ കോണ്‍ഗ്രസ് സ്ഥാനാര്‍ത്ഥി പ്രസേന്‍ജിത്തിന്റെ അടുത്ത അനുയായിയായിരുന്നു കൊല്ലപ്പെട്ട ദേബ്ദീപ്. തൃണമൂല്‍ കോണ്‍ഗ്രസ് പ്രവര്‍ത്തകരാണ് ദേബ്ദീപിന്റെ കൊലപാതകത്തിനു പിന്നിലെന്ന് ആരോപണവുമായി പശ്ചിമബംഗാള്‍ പ്രദേശ് കോണ്‍ഗ്രസ് കമ്മിറ്റി നേരത്തെ രംഗത്തെത്തിയിരുന്നു.

## ചൂട് കൂടുന്നു

(ഒന്നാം പേജില്‍ നിന്നും)

കഴിഞ്ഞ 24 മണിക്കൂറിനിടെ ഇന്ത്യയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും താപനില 40 ഡിഗ്രി സെല്‍ഷ്യസിനും 45 ഡിഗ്രി സെല്‍ഷ്യസിനും ഇടയിലായിരുന്നു. ഉത്തര്‍പ്രദേശിലെ ബന്ദയിലാണ് ഇന്ത്യയിലെ ഏറ്റവും ഉയര്‍ന്ന താപനില ഏപ്രില്‍ 25-ന് ശനിയാഴ്ച രേഖപ്പെടുത്തിയത്. 47.4 ഡിഗ്രി സെല്‍ഷ്യസ്. ഹിമാചല്‍ പ്രദേശ്, പഞ്ചാബ്, ഡല്‍ഹി തുടങ്ങിയ ഇടങ്ങളില്‍ സാധാരണയേക്കാള്‍ അഞ്ച് ഡിഗ്രിയിലധികം താപനില വര്‍ധിച്ചിട്ടുണ്ട്. ഉത്തരാഖണ്ഡ്, ഉത്തര്‍പ്രദേശ്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളില്‍ സാധാരണയേക്കാള്‍ മൂന്ന് മുതല്‍ അഞ്ച് ഡിഗ്രി വരെ ചൂടു കൂടുതലാണ്.

അസാധാരണ സാഹചര്യത്തില്‍ ജാഗ്രത പാലിക്കണമെന്നും ഉച്ചസമയങ്ങളില്‍ നേരിട്ട് വെയില്‍ ഏല്‍ക്കുന്നത് ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്. അടുത്ത മൂന്നു ദിവസത്തിനുശേഷം ചൂടിനു നേരിയ ശമനമുണ്ടാകുമെന്നാണു കാലാവസ്ഥാകേന്ദ്രങ്ങള്‍ അറിയിക്കുന്നത്.

# സ്ത്രീസുരക്ഷയില്‍ ബിജെപി പ്രതിജ്ഞാബദ്ധം: മോദി

കൊല്‍ക്കത്ത: സ്ത്രീസുരക്ഷയുടെ കാര്യത്തില്‍ ബിജെപി എന്നും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമ ബംഗാളിലെ സന്ദേശ്ഖാലിയില്‍ നിന്നുള്ള രേഖാ പാത്രയെ സ്ഥാനാര്‍ത്ഥിയാക്കിയതും ആര്‍ജികര്‍ മെഡിക്കല്‍ കോളജ് സംഭവത്തിലെ ഇരയുടെ കുടുംബത്തിന് നല്‍കിയ പിന്തുണയും ഉയര്‍ത്തിക്കാട്ടിയായിരുന്നു മോദിയുടെ പ്രസ്താവന.

പശ്ചിമ ബംഗാളില്‍ തൃണമൂല്‍ കോണ്‍ഗ്രസ് ഭരണത്തിന്‍ കീഴില്‍ സ്ത്രീകള്‍ കടുത്ത അതിക്രമങ്ങള്‍ നേരിടുകയാണെന്ന് വിമര്‍ശിച്ച പ്രധാനമന്ത്രി സ്ത്രീകള്‍ക്കെതിരെയുള്ള കുറ്റകൃത്യങ്ങളില്‍ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ബിജെപി സ്വീകരിക്കുന്നതെന്നും വ്യക്തമാക്കി.

കൊല്‍ക്കത്തയിലെ ആര്‍ജി കര്‍ മെഡിക്കല്‍ കോളജില്‍ ബലാല്‍സംഗത്തിനിരയായി ദാരുണമായി കൊല്ലപ്പെട്ട മെഡിക്കല്‍ വിദ്യാര്‍ത്ഥിനിയുടെ കുടുംബത്തിനൊപ്പമാണ് എക്കാലവും ബിജെപിയെന്നും മോദി പറഞ്ഞു.


# മാത്തമാറ്റിക്കല്‍ ഒളിംപ്യാഡില്‍ മലയാളിത്തിളക്കവുമായി സഞ്ജന ചാക്കോ




തിരുവനന്തപുരം: ഫ്രാന്‍സില്‍ നടന്ന യൂറോപ്യന്‍ ഗേള്‍സ് മാത്തമാറ്റിക്കല്‍ ഒളിംപ്യാഡില്‍ മലയാളി വിദ്യാര്‍ത്ഥിനി സഞ്ജന ചാക്കോയ്ക്കു വെള്ളി മെഡല്‍. തിരുവനന്തപുരം മുക്കോല സെന്റ് തോമസ് റസിഡന്‍ഷ്യല്‍ സ്‌കൂള്‍ വിദ്യാര്‍ത്ഥിനിയാണ്. യൂറോപ്യന്‍ ഗേള്‍സ് മാത്തമാറ്റിക്‌സ് ഒളിംപ്യാഡില്‍ കഴിഞ്ഞ രണ്ടു വര്‍ഷവും സഞ്ജന വെള്ളി നേടിയിരുന്നു.

പോത്തന്‍കോട് സ്വദേശികളായ ജോസഫ് സിജു ചാക്കോയുടെയും അനു അന്ന ജോസഫിന്റെയും മകളാണ്. മുംബൈയില്‍ നിന്നുള്ള ശ്രേയ മുന്ദ്ര, ചെന്നൈ സ്വദേശി ശിവാനി ശരത്കുമാര്‍, കൊല്‍ക്കത്ത സ്വദേശിനി ശ്രീമൊയ് ബേര എന്നിവരുംകൂടി ഉള്‍പ്പെടുന്ന സംഘമാണ് ഒളിംപ്യാഡില്‍ പങ്കെടുത്തത്. വ്യക്തിഗത വിഭാഗത്തില്‍ ശ്രേയ സ്വര്‍ണവും സഞ്ജന വെള്ളിയും ശിവാനി വെങ്കലവും സ്വന്തമാക്കി. ടീം വിഭാഗത്തില്‍ ഇന്ത്യ ആറാം സ്ഥാനം നേടി. പ്രധാനമന്ത്രി നരേന്ദ്ര മോദി 'മന്‍ കി ബാത്തി'ല്‍ സഞ്ജനയെ അഭിനന്ദിച്ചു.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM
INDIA, GULF, EUROPE
CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS
IN CHRISTIAN
MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals,
Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING,
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your
Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**